لجنة التعريف بالإسلام
ISLAM PRESENTATION COMMITTEE
جمعية النجاة الخيرية

مبرة الآل والأصحاب

# സ്വഹാബികളുടെയും നബികുടുംബത്തിന്റെയും ചരിത്രം എങ്ങനെ വായിക്കണം?

**അബ്ദുൽ കരീം അൽഹർബി**

മൊഴിമാറ്റം

**അശ്റഫ് കീഴുപറമ്പ്**

അവതാരിക

**ഡോ. ആഇദുൽ ഖർനി**

**ഡോ. ഹാതിം ശരീഫ് അൽ ഔനി**

# സ്വഹാബികളുടെയും
# നബികുടുംബത്തിന്റെയും
# ചരിത്രം എങ്ങനെ വായിക്കണം?

അബ്ദുൽ കരീം അൽഹർബി

# كيف نقرأ؟
# تاريخ الآل والأصحاب

بقلم

عبد الكريم بن خالد الحربي

---

സ്വഹാബികളുടെയും നബികുടുംബത്തിന്റെയും

## ചരിത്രം എങ്ങനെ വായിക്കണം?

പ്രസാധനം

**മബർറത്തുൽ ആൽ വൽ അസ്ഹാബ്**

**വഖ്ഫ് ഇസ്‌ലാമിക മന്ത്രാലയം കുവൈത്ത്**

**ഫോൺ: 2560203, ഫാക്സ്: 2560346**

email: almabarrah@gmail.com / www.almabarrah.net

بسم الله الرحمن الرحيم

# സ്വഹാബികളുടെയും
# നബികുടുംബത്തിന്റെയും
# ചരിത്രം എങ്ങനെ വായിക്കണം?

●

**അബ്ദുൽ കരീം അൽഹർബി**

മൊഴിമാറ്റം

**അശ്റഫ് കീഴുപറമ്പ്**

അവതാരിക

**ഡോ. ആഇദുൽ ഖർനി**

**ഡോ. ഹാതിം ശരീഫ് അൽ ഔനി**

# ആമുഖം

●

അല്ലാഹുവിനാണ് സർവ സ്തുതിയും. പ്രവാചകന്റെ മേൽ അവന്റെ അനുഗ്രഹങ്ങൾ വർഷിക്കുമാറാകട്ടെ.

നബികുടുംബവും നബിയുടെ ഇതര അനുയായികളും തമ്മിലുള്ള ഊഷ്മളവും ഗാഢവുമായ സ്നേഹ സാഹോദര്യബന്ധങ്ങൾ ചരിത്ര ത്തിന്റെ പൂർണ വെളിച്ചത്തിൽ സമർപ്പിക്കുന്ന ഒരു പുസ്തക പരമ്പര പ്രസിദ്ധീകരിക്കാനായതിൽ കുവൈത്തിലെ ഇസ്‌ലാമിക-ഔഖാഫ് മന്ത്രാലയത്തിന് അനൽപമായ സന്തോഷമുണ്ട്. സ്വഹാബത്തും അഹ്‌ലുബൈത്തും, ഖുർആൻ വിശേഷിപ്പിച്ചതുപോലെ, 'പരസ്പര സ്നേഹം ചൊരിയുന്നവരും ശത്രുക്കളോട് കഠിന മാനസരും' ആയിരു ന്നു.

ഈ പുസ്തക പരമ്പര പ്രസിദ്ധീകരിക്കുന്നതിൽ ഔഖാഫ് മന്ത്രാലയ ത്തിന് വ്യക്തമായ ചില ലക്ഷ്യങ്ങളുണ്ട്. അഹ്‌ലുബൈത്തും സ്വഹാ ബത്തും അകൽച്ചയിലായിരുന്നുവെന്നും അവർ തമ്മിൽ കടുത്ത ഭിന്ന തയിലായിരുന്നുവെന്നും ചിലർ പ്രചരിപ്പിക്കുന്നുണ്ട്. അത് ചരിത്രപര മായി ശരിയല്ല എന്ന് തുറന്ന് കാട്ടുകയാണ് ഈ കൃതികളിൽ. അവർ തമ്മിലുണ്ടായിരുന്ന സ്നേഹ ബഹുമാനങ്ങൾ എടുത്തു കാട്ടുകയും ചെയ്യുന്നു. 'മുസ്‌ലിം സമൂഹത്തിൽ ആദ്യകാല വിശ്വാസികളുടെ സ്ഥാനം' എന്ന പേരിൽ 2009-ൽ സംഘടിപ്പിക്കപ്പെട്ട ഒരു സമ്മേളന ത്തിന്റെ പ്രമേയവും ഇതുതന്നെയായിരുന്നു.

ഈ പുസ്തക പരമ്പര അതിന് ഉപകരിക്കും എന്ന പ്രതീക്ഷയോടെ. അല്ലാഹു അനുഗ്രഹിക്കട്ടെ.

ഇസ്‌ലാമിക - ഔഖാഫ് മന്ത്രാലയം

കുവൈത്ത്, 2009 (ഹി. 1430)

# ഉള്ളടക്കം

ആമുഖം 6
അവതാരിക 1 / ഡോ. ആഇദുൽ ഖർനി 8
അവതാരിക 2 / ഡോ. ഹാതിം ശരീഫ് അൽ ഔനി 9
ഗ്രന്ഥകർത്താവിന്റെ കുറിപ്പ് 11

* * * * * *

അധ്യായം ഒന്ന്
ചരിത്രവായനയിലെ പാകപ്പിഴവുകൾ 13

അധ്യായം രണ്ട്
നബികുടുംബത്തെയും സ്വഹാബികളെയും കുറിച്ച
തെറ്റിദ്ധാരണകൾ 25

അധ്യായം മൂന്ന്
നബികുടുംബത്തെക്കുറിച്ച തെറ്റിദ്ധാരണകൾ 40

അധ്യായം നാല്
അവലംബിക്കാവുന്ന ചരിത്ര കൃതികൾ 57

അധ്യായം അഞ്ച്
ചരിത്രത്തെ വികലമാക്കിയ കൃതികൾ 68

## അവതാരിക- I

●

അല്ലാഹുവിന് സർവ സ്തുതിയും. അവന്റെ കാരുണ്യ കടാക്ഷങ്ങൾ പ്രവാചകൻ തിരുമേനിയുടെ മേൽ ചൊരിയുമാറാകട്ടെ.

പ്രശസ്ത പ്രബോധകൻ അബ്ദുൽ കരീം അൽ ഹർബിയുടെ 'സ്വഹാബികളുടെയും നബി കുടുംബത്തിന്റെയും ചരിത്രം എങ്ങനെ വായിക്കണം?' എന്ന പുസ്തകം ഞാൻ വായിച്ചു. തെളിവുകൾ അണിനിരത്തുന്നതിലും ആഖ്യാനശൈലിയിലും സാന്ദർഭികമായി കാര്യങ്ങൾ പറയുന്നതിലും ഈ കൃതി മികച്ചു നിൽക്കുന്നു എന്നാണെന്റെ അഭിപ്രായം. മുൻ കഴിഞ്ഞുപോയ മഹത്തുക്കളുടെയും പണ്ഡിതന്മാരുടെയും മാതൃക പിൻപറ്റിക്കൊണ്ട്, പ്രവാചക കുടുംബത്തെപ്പറ്റിയും അവിടുത്തെ അനുയായികളെപ്പറ്റിയും പ്രചാരത്തിലുള്ള തെറ്റിദ്ധാരണകൾ നീക്കാനുള്ള മഹത് കൃത്യമാണിത്. അതിനുള്ള അറിവും ഗ്രാഹ്യതയും വിശ്വാസ്യതയും ഗ്രന്ഥകർത്താവിന് വേണ്ടുവോളമുണ്ട്. അല്ലാഹു ഇത് ഒരു പുണ്യകർമമായി സ്വീകരിക്കുമാറാകട്ടെ.

ഡോ. ആഇദുൽ ഖർനി

# അവതാരിക- II

●

അല്ലാഹുവിന് സ്തുതി. പ്രവാചകനും അവിടുത്തെ കുടുംബത്തിനും ദൈവകടാക്ഷവും അനുഗ്രഹവും ഉണ്ടാവട്ടെ.

'സ്വഹാബികളുടെയും നബി കുടുംബത്തിന്റെയും ചരിത്രം എങ്ങനെ വായിക്കണം?' എന്ന മഹത്തായ കൃതി ഞാൻ വായിച്ചു. ചരിത്ര കൃതികളോട് നാം സ്വീകരിക്കേണ്ട സമീപനം എന്ത് എന്ന് വളരെ സംക്ഷിപ്തമായി ഇതിൽ വിവരിച്ചിരിക്കുന്നു. ഖുലഫാഉർറാശികളുടെയും സ്വഹാബിവര്യന്മാരുടെയും നബികുടുംബത്തിലെ അംഗങ്ങളുടെയും ചരിത്രം എങ്ങനെ വായിക്കണമെന്ന് കൃത്യമായി മാർഗനിർദേശം നൽകുന്നു.

ഗ്രന്ഥകർത്താവിന്റെ സ്വന്തം ഗവേഷണങ്ങൾക്ക് പുറമെ, ലഭ്യമായ ആധുനിക പഠനങ്ങളൊക്കെ ഇതിന്റെ രചനയിൽ പ്രയോജനപ്പെടുത്തിയിരിക്കുന്നു. ചരിത്രമെന്ന പേരിൽ എഴുതപ്പെട്ട ചില അപകടകരമായ വിവരണങ്ങളെ നിരൂപണ ദൃഷ്ട്യാ നോക്കിക്കാണാനും വിലയിരുത്താനും ഇത് നമ്മെ സഹായിക്കുന്നു. ചരിത്ര രചനയിൽ വന്നുപോയിട്ടുള്ള പാകപ്പിഴവുകൾ തിരുത്താനുള്ള ആദ്യ സംരംഭങ്ങളിലൊന്നായാണ് ഞാനിതിനെ

കാണുന്നത്.

അത്തരം പാകപ്പിഴവുകൾ നിസ്സാരമായി കാണാൻ കഴിയില്ല. അവ ഗുരുതരം തന്നെയാണ്. യാതൊരു ആലോചനയോ അന്വേഷണമോ തരംതിരിക്കലോ കൂടാതെ, എഴുതപ്പെട്ടതത്രയും ചരിത്രമായി അവതരിപ്പിക്കുന്ന രീതിയാണ് കണ്ടുവന്നിരുന്നത്. ഓരോരുത്തരും അവരുടെ സ്വാർഥ താൽപര്യങ്ങൾക്ക് വേണ്ടി കള്ളചരിത്രം ചമക്കുകയായിരുന്നു എന്നു വേണം കരുതാൻ. തീർച്ചയായും വികലമായ അത്തരം ചരിത്ര രചനക്ക് ശക്തമായൊരു തിരുത്ത് തന്നെയാണ് ഈ കൃതി.

ഈ സംരംഭത്തെ അല്ലാഹു ഇഹലോകത്തും പരലോകത്തും സ്വീകാര്യമായ പുണ്യ കർമമായി തീർക്കുമാറാകട്ടെ.

ഡോ. ഹാതിം ശരീഫ് അൽ ഔനി
(മജ്‌ലിസ് ശൂറാ അംഗം,
ഉമ്മുൽ ഖുറാ യൂനിവേഴ്സിറ്റി പ്രഫസർ)

# ഗ്രന്ഥകർത്താവിന്റെ കുറിപ്പ്

●

പ്രകൃഷ്ടമായ ഇസ്‌ലാമിക ചരിത്രത്തെ വിവരദോഷികളുടെ താന്തോന്നിത്തങ്ങളിൽനിന്നും അസൂയാലുക്കളുടെ കളളപ്രചാരണങ്ങളിൽനിന്നും പാമരന്മാരുടെ അറിവില്ലായ്മകളിൽനിന്നും സംരക്ഷിക്കേണ്ടത് ജ്ഞാനികളുടെ ബാധ്യതയത്രെ. ഓറിയന്റലിസ്റ്റുകൾ തോന്നുംപോലെ ചെയ്തുകൊള്ളട്ടെ, ആരോപകർ മനപ്പൂർവമോ അല്ലാതെയോ നമ്മുടെ പൂർവികരെയും അവരുടെ പ്രൗഢമായ സംസ്കൃതിയെയും അവമതിച്ചുകൊള്ളട്ടെ എന്ന് നാം വെക്കാൻ പാടില്ല. ചില കാര്യങ്ങളൊക്കെ അവർ സ്വീകരിക്കും. ചിലത് ഒഴിവാക്കും. അതിന്റെ പിന്നിൽ അവർക്ക് ചില ഉദ്ദേശ്യങ്ങളുണ്ട്. ആ ഉദ്ദേശ്യങ്ങൾ അല്ലാഹു പുറത്തുകൊണ്ടുവരാതിരിക്കില്ല.

നമ്മുടെ ചുറ്റുമുള്ള സമൂഹങ്ങളെ നോക്കൂ. അവയിൽ ഓരോ സമൂഹവും സ്വന്തമായി ഒരു ചരിത്രം നിർമിച്ചെടുക്കാനുള്ള തത്രപ്പാടിലാണ്. അതിനു വേണ്ടി ശിലാലിഖിതങ്ങളും താളിയോലകളും ശേഖരിക്കുന്നു. മണ്ണ് മാന്തി പര്യവേക്ഷണങ്ങൾ നടത്തുന്നു. വീടുകളോ പള്ളികളോ ഒക്കെ തകർക്കുന്നു... ഇവിടങ്ങളിലൊക്കെ തങ്ങളുടെ ചരിത്രം ഉറങ്ങിക്കിടക്കുന്നുണ്ടെന്നും അത് പൊടിതട്ടിയെടുക്കുകയാണെന്നുമാണ് അവർ പറയുന്നത്.

മുസ്‌ലിംകളുടെ അവസ്ഥയെന്താണ്? അവർക്ക് ലിഖിതവും പ്രശോഭനവുമായ ഒരു ചരിത്രമില്ലേ? എന്നിട്ടും ഗൗരവപൂർവം അതിനെ സമീപിക്കാത്തതെന്ത്? ഈ നിലക്ക് ചിന്തിച്ചാൽ നമ്മുടെ ചരിത്രത്തെ സൂക്ഷ്മമായും തെറ്റു കൂടാതെയും വായിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടും. ചിലർ ഇസ്‌ലാമിക ചരിത്രത്തിന്റെ മേൽ കോരിയിട്ട അഴുക്കുകളും കളങ്കങ്ങളും കഴുകി വൃത്തിയാക്കുകയും വേണം. അങ്ങനെ

ഇസ്‌ലാമിക ചരിത്രത്തിന്റെ മുഖം പൂർവോപരി തിളക്കമുള്ളതായി ത്തീരട്ടെ. ജനങ്ങൾക്കതിന്റെ പ്രയോജനം ലഭിക്കുമാറാകട്ടെ. അല്ലാഹു പറഞ്ഞിട്ടുണ്ട്: “എന്നാൽ ആ പതയുണ്ടല്ലോ, അത് വറ്റി പ്പോകും. ജനങ്ങൾക്ക് പ്രയോജനപ്പെടുന്നത് ഭൂമിയിൽ അവശേഷി ക്കും. ഇങ്ങനെയാകുന്നു അല്ലാഹു ഉദാഹരണങ്ങൾ നൽകുന്നത്” (*അർറഅ്ദ്* 17).

ഇസ്‌ലാമിക ചരിത്രത്തെ അതിന്റെ ആധികാരിക സ്രോതസ്സുക ളിൽനിന്ന് വായിക്കാനാഗ്രഹിക്കുന്നവർക്ക് ഒരു വഴികാട്ടിയായി ട്ടാണ് ഈ കൊച്ചു പുസ്തകം നാം സമർപ്പിക്കുന്നത്. ഇത് വായിക്കു ന്നവർക്ക് മനസ്സിലെ അവ്യക്തതകൾ നീങ്ങുമെന്നും അങ്ങനെ അവ രുടെ മനസ്സ് ശാന്തമാകുമെന്നും നാം പ്രതീക്ഷിക്കുന്നു. ഈ പുസ്ത കത്തിന് അഞ്ച് അധ്യായങ്ങളുണ്ട്.

ഒന്ന്: ചരിത്ര വായനയിൽ പാകപ്പിഴവുകൾ വരാനുള്ള കാരണങ്ങൾ

രണ്ട്: നബികുടുംബത്തെയും സ്വഹാബികളെയും പറ്റി ഉന്നയിക്ക പ്പെട്ട സംശയങ്ങൾ

മൂന്ന്: നബി കുടുംബത്തെക്കുറിച്ച് തെറ്റിദ്ധാരണകൾ നീക്കാനുള്ള പ്രമാണങ്ങൾ

നാല്: ആധികാരികമായ ഇസ്‌ലാമിക ചരിത്ര കൃതികൾ

അഞ്ച്: ഇസ്‌ലാമിക ചരിത്രത്തെ വികൃതമാക്കിയ കൃതികൾ

ഇതിനു ശേഷം ഈ ചർച്ച സമാഹരിക്കുന്ന ഒരു കുറിപ്പും ചേർത്തി രിക്കുന്നു. അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

അബ്ദുൽ കരീം അൽഹർബി

# ചരിത്രവായനയിലെ പാകപ്പിഴവുകൾ

•

# അധ്യായം ഒന്ന്

**സമകാലീന** ഇസ്‌ലാമിക ചരിത്രപഠനങ്ങളിൽ കാണുന്ന പാക പ്പിഴവുകൾക്കും ന്യൂനതകൾക്കും പ്രധാനമായും മൂന്ന് കാരണ ങ്ങളാണുള്ളത്.[1]

## ഒന്നാമത്തെ കാരണം

ചില ഓറിയന്റലിസ്റ്റുകളും വഴിപിഴച്ച ചിന്താസരണികളും എഴുതിക്കൂട്ടിയതെല്ലാം സത്യമെന്ന് കരുതുന്നവരാണ് വലി യൊരു വിഭാഗം മുസ്‌ലിംകൾ. ഒരുപാട് നുണക്കഥകൾ ഇവർ ചരിത്രമെന്ന പേരിൽ എഴുതിപ്പിടിപ്പിച്ചിട്ടുണ്ട്; പ്രത്യേകിച്ച് നബി കുടുംബത്തെക്കുറിച്ചും മഹാന്മാരായ സ്വഹാബിമാരെക്കുറിച്ചും. പിന്നെയവർ ഈ അവാസ്തവങ്ങളൊക്കെ സർവാംഗീകൃത ചരി ത്രസത്യങ്ങളായി അവതരിപ്പിക്കും. അങ്ങനെ നേർബുദ്ധികളായ വായനക്കാരുടെ നിഷ്കളങ്കതയെ ഇവർ ചൂഷണം ചെയ്യും. ചരിത്ര കൃതികളുടെ അലമാറയിൽ ഇവയും സ്ഥാനം പിടിക്കും. മുച്ചൂടും കെട്ടുകഥകളാണെങ്കിലും ചരിത്രകൃതികളുടെ ഇടയിൽ സ്ഥാനം പിടിച്ചുകഴിഞ്ഞാൽ പിന്നെ അവയും ചരിത്ര കൃതിക ളായി എന്നാണ് വെപ്പ്. ഉപാദാനങ്ങളുടെയും തെളിവുകളു ടെയും പിൻബലത്തോടെ നിഷ്കൃഷ്ട വിശകലനത്തിലൂടെയും ഗവേഷണത്തിലൂടെയും സത്യമായി തെളിഞ്ഞത് മാത്രമേ ചരി ത്രവസ്തുതയായി അംഗീകരിക്കാവൂ എന്ന തത്ത്വം ഇവിടെ

കാറ്റിൽ പറത്തപ്പെട്ടിരിക്കുന്നു.

ഇവർ ഉദ്ധരിക്കുന്ന കാര്യങ്ങളിൽ പലതും ഒന്നുകിൽ അവ റിപ്പോർട്ട് ചെയ്തവർ വിശ്വസിക്കാൻ കൊള്ളാത്തവരായിരിക്കും, അല്ലെങ്കിൽ വെറുതെ കെട്ടിച്ചമച്ചതാവും, അതുമല്ലെങ്കിൽ യാതൊരു അടിസ്ഥാനവും ഇല്ലാത്തതായിരിക്കും.[2]

പലർക്കും ഈ സത്യം അറിയാം. പക്ഷേ ഒട്ടും ജാഗ്രതയില്ലാതെ അവർ അശ്രദ്ധരായി കഴിയുകയാണ്. ഇസ്‌ലാമിന്റെ മഹത്തായ ചരിത്ര പാരമ്പര്യത്തെ പിറകിൽനിന്ന് കുത്താനും അതിനെ തകിടം മറിക്കാനുമാണ് ശത്രുക്കളുടെ ശ്രമം. സമുദായത്തിലെ സർവാംഗീകൃതമായ അടിസ്ഥാനങ്ങളിൽ പോലും അവർ സംശയങ്ങളും ദുരൂഹതകളും ജനിപ്പിക്കുന്നത് അതുകൊണ്ടാണ്. മുസ്‌ലിംകളെ തമ്മിലടിപ്പിക്കുക എന്നതാണ് ഇതിന്റെയൊക്കെ പിന്നിലുള്ള ലക്ഷ്യം. സ്വന്തം ചരിത്രവും പൈതൃകവും പഠിക്കാൻ ഒരു മുസ്‌ലിം ഇത്തരക്കാരെ അവലംബമാക്കുന്നത് ഏതു മാനദണ്ഡം വെച്ചാണ് ന്യായീകരിക്കാൻ കഴിയുക!

ഇതിനർഥം എല്ലാ ഓറിയന്റലിസ്റ്റുകളും ഒരുപോലെയാണെന്നല്ല. അവരിൽ പല തരക്കാരുണ്ട്. അതിലൊരു വിഭാഗം വിദ്വേഷത്താലും അസൂയയാലും ഇസ്‌ലാമിക പൈതൃകത്തെ അവഹേളിക്കുന്നതിനു വേണ്ടി മാറ്റത്തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും നടത്തിയവരാണ്. കൊളോണിയൽ ശക്തികൾക്ക് മുസ്‌ലിം ലോകത്ത് അധിനിവേശം എളുപ്പമാക്കുക എന്ന ലക്ഷ്യവും അവർക്കുണ്ടായിരുന്നു. അതിന് പ്രദേശവാസികളെ അടിമകളാക്കുകയും ഇസ്‌ലാമിന്റെ നാഗരിക മുന്നേറ്റം തടയേണ്ടതുമുണ്ടല്ലോ.[3]

ഓറിയന്റലിസ്റ്റുകളിൽ മറ്റൊരു വിഭാഗം (അവർ എണ്ണത്തിൽ കുറവാണ്) വിഷയാധിഷ്ഠിതമായും അക്കാദമിക മികവോടെയും നമ്മുടെ പൈതൃകത്തെ സമീപിച്ചിട്ടുണ്ടെന്നത് ശരിയാണ്. അവർക്കും പറ്റിയിട്ടുണ്ട് ഒട്ടുവളരെ അബദ്ധങ്ങൾ.[4] ഈ ദീൻ അവർക്ക് അപരിചിതമായതുകൊണ്ടാണ് അത് സംഭവിച്ചത്. ഈ പൈതൃകത്തിന്റെ അടിത്തറയായി നിലകൊള്ളുന്ന അറബിഭാഷ അറിയാതിരുന്നതും പിഴവുകൾക്ക് മറ്റൊരു കാരണമാ

ണ്. 'ഹദീസ് വാക്യങ്ങളുടെ നിഘണ്ടു' (അൽമുഅ്ജമുൽ മുഫഹ്രിസ് ലി അൽഫാളിൽ ഹദീസിന്നബവി) എന്ന പേരിൽ ഇറങ്ങിയ കൃതി ഇതിന് ഉദാഹരണമാണ്.[4]

## രണ്ടാമത്തെ കാരണം

ചരിത്ര വിവരണങ്ങൾ ശേഖരിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ചരിത്ര പണ്ഡിതന്മാർക്ക് ചില രീതികളുണ്ടാവും. അവയറിയാതെ ആ കൃതികളെ സമീപിച്ചാൽ അബദ്ധങ്ങൾ പിണയും. ത്വബരി, ഇബ്നു കസീർ പോലെയുള്ള പണ്ഡിതന്മാർ, ആധികാരികമായ സ്രോതസ്സുകളിലൂടെ റിപ്പോർട്ട് ചെയ്യപ്പെട്ട സംഭവങ്ങളേ സ്വീകരിക്കൂ എന്നോ ദുർബല രിവായത്തുകളെ തള്ളിക്കളയണമെന്നോ നിഷ്കർഷ ഉള്ളവരല്ല. ഇക്കാര്യം അവർ അവരുടെ കൃതികളിലെ ആമുഖത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതേക്കുറിച്ച് വായനക്കാരന് നല്ല ധാരണ വേണമെന്നു മാത്രം.

പക്ഷേ മിക്ക ചിന്തകരും എഴുത്തുകാരും ഇതേക്കുറിച്ചൊന്നും ബോധവന്മാരല്ല. ഇതുകാരണം അവരുടെ എഴുത്തിന്റെ ആധികാരികത വലിയൊരളവ് നഷ്ടമായിരിക്കുന്നു. അതിനാൽ ഏതൊരു ചരിത്ര കൃതിയുടെയും ആമുഖം ശ്രദ്ധിച്ച് പഠിക്കണം. ഏതൊരു രീതിയാണ് ഗ്രന്ഥകർത്താവ് സ്വീകരിച്ചിരിക്കുന്നതെന്ന് നന്നായി മനസ്സിലാക്കണം. ചരിത്രകാരന്മാരുടെ രീതിശാസ്ത്രം മനസ്സിലാക്കുന്നതിന് ഒരു ഉദാഹരണം നാമിവിടെ കൊടുക്കാം– ഇമാം ഇബ്നു ജരീർ ത്വബ്രിയുടെ ചരിത്ര രചനാരീതി.

## ഇമാം ത്വബരിയുടെ ചരിത്ര രചനാ രീതി

ഇമാം ത്വബരി[5] അദ്ദേഹത്തിന്റെ 'ജനതതികളുടെയും രാജാക്കന്മാരുടെയും ചരിത്രം' എന്ന കൃതിയുടെ ആമുഖത്തിൽ തന്റെ ചരിത്ര രചനാ രീതി ഇപ്രകാരം വ്യക്തമാക്കുന്നു: "മുൻകാലക്കാരെക്കുറിച്ച് നാം ഈ കൃതിയിൽ ചിലതെല്ലാം പറയുമ്പോൾ വായനക്കാരും കേൾവിക്കാരും അത് സമ്മതിക്കാൻ

കൂട്ടാക്കാതിരിക്കുകയും അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. ആധികാരിക സ്രോതസ്സുകൾ വഴി വന്ന വിവരമല്ലല്ലോ ഇതൊന്നും എന്നതാണ് അതിനു കാരണം. സംഭവ യാഥാർഥ്യങ്ങളുമായി ആ വിവരണങ്ങൾക്ക് ബന്ധമില്ലെന്നും അവർ പറയുന്നു. അവരോട് നാം പറയുന്നു: "ഇതൊന്നും നാം സ്വയമേവ കൊണ്ടുവന്ന വിവരണങ്ങളല്ല. വേറെ ചില ചരിത്ര വിവരണക്കാരിൽനിന്നാണ് നമുക്കവ കിട്ടിയത്. നമുക്കത് എപ്രകാരം കിട്ടിയോ അപ്രകാരം ഉദ്ധരിക്കുക മാത്രമാണ് നാം ഈ കൃതിയിൽ ചെയ്തിരിക്കുന്നത്."

വിവരണങ്ങളുടെ (രിവായത്ത്) സത്യതയും ആധികാരികതയും ഉറപ്പ് വരുത്തിയിട്ടല്ല താൻ അവ തന്റെ ഗ്രന്ഥങ്ങളിൽ ചേർത്തതെന്ന് അർഥശങ്കക്കിടയില്ലാത്തവിധം വ്യക്തമാക്കുകയാണ് ഇവിടെ ഇമാം ത്വബരി. റാവിമാർ ഉദ്ധരിച്ചത് താൻ എടുത്ത് ചേർത്തപ്പോൾ അതിൽ യാതൊരു പിഴവും വരുത്തിയിട്ടില്ല. സത്യസന്ധമായി അത് ചെയ്തിട്ടുണ്ട്. അവയിലെ തെറ്റും ശരിയും സൂക്ഷ്മമായി പഠിച്ച് വേർതിരിക്കാൻ തുനിഞ്ഞിട്ടില്ല. ത്വബരി ഉദ്ധരിച്ച ചില റാവിമാരെങ്കിലും അസത്യ പ്രസ്താവനകൾ നടത്തുന്നവരോ സൂക്ഷ്മതയില്ലാതെ കണ്ടമാനം വിവരണങ്ങൾ നടത്തുന്നവരോ ആയിരുന്നു. അവരിൽ ചിലർ:

**1. മുഹമ്മദുബ്നു ഹമീദ് റാസി (ത്വബരിയുടെ ഗുരു)**

തന്റെ *അത്താരീഖ്, അത്തഫ്സീർ* എന്നീ രണ്ട് കൃതികളിൽ ഇദ്ദേഹത്തിൽനിന്ന് ധാരാളമായി ത്വബരി ഉദ്ധരിച്ചിട്ടുണ്ട്. എന്നാൽ ഈ മുഹമ്മദ് അസത്യ പ്രസ്താവനകൾ നടത്താറുണ്ടെന്നും കെട്ടിച്ചമച്ച് പറയാറുണ്ടെന്നും ആരോപണമുണ്ട്. രിവായത്തുകളുടെ ശക്തിദൗർബല്യങ്ങൾ തിരിച്ചറിയുന്ന മിക്ക പണ്ഡിതന്മാരും, മുഹമ്മദ് അസ്വീകാര്യനാണെന്നും അദ്ദേഹത്തിന്റെ വിവരണങ്ങളുടെ സ്രോതസ്സ് ആധികാരികമല്ലെന്നും അഭിപ്രായപ്പെടുന്നവരാണ്. [6]

**2. ലൂത്വുബ്നു യഹ്‌യ അബൂ മിഖ്നഫ്**

ത്വബരിയുടെ ചരിത്ര കൃതിയിൽ ഇദ്ദേഹത്തിന്റെ 585 വിവരണങ്ങൾ എടുത്തു ചേർത്തിട്ടുണ്ട്. ഇസ്‌ലാമിക ചരിത്രത്തിൽ

പ്രവാചകന്റെ മരണം മുതൽ അമവികളുടെ പതനം വരെയുള്ള വിവിധ സംഭവങ്ങളാണ് ലൂത്വിൽ നിന്ന് ത്വബരി ഉദ്ധരിച്ചിരിക്കുന്നത്. ഹദീസ് പണ്ഡിതന്മാരുടെ വീക്ഷണത്തിൽ ഇദ്ദേഹം വിശ്വാസയോഗ്യനല്ല. ഇബ്നു മഈൻ, ഇബ്നു ഹിബ്ബാൻ, ദഹബി തുടങ്ങിയവർ ഇദ്ദേഹത്തെ രൂക്ഷമായി വിമർശിച്ചിട്ടുണ്ട്.

ചരിത്ര രചനയിൽ പണ്ഡിതന്മാരുടെ രീതികൾ മനസ്സിലാക്കാൻ ഈ ഉദാഹരണം മതി. ഏതെങ്കിലും ഇമാമുമാർ എഴുതിയ ചരിത്ര കൃതിയാണെങ്കിലും ഇങ്ങനെയുള്ള പ്രശ്നങ്ങളുണ്ടെന്ന ധാരണ നമുക്ക് വേണം. ഈ പ്രവണത ചരിത്ര കൃതികളിൽ പരിമിതമല്ലതാനും. ഇസ്‌ലാമിക പൈതൃകത്തിന്റെ വിവിധ വശങ്ങൾ വിവരിക്കുന്ന ഇതര കൃതികളിലും ഈ ന്യൂനത കാണാം.

ഇത്തരം വിവരണങ്ങൾ അവയുടെ നിവേദക ശ്രേണിയുടെ ബലാബലം നോക്കാതെ എടുത്തു ചേർക്കുക എന്നത് ചില ചരിത്രകാരന്മാരുടെ രീതിയാണ്. ഹദീസ് നിവേദനത്തിൽ ചിലർ സ്വീകരിക്കുന്ന രീതിയാണിത്. ആദ്യ പടി എന്ന നിലക്ക് അവർ കിട്ടിയ ഹദീസെല്ലാം എഴുതി വെക്കും. പിന്നെയാണ് രണ്ടാമത്തെ ഘട്ടം. നിശിതമായ ഗവേഷണത്തിനും പരിശോധനക്കും വിധേയമാക്കിയ ശേഷം ദുർബല ഹദീസ് ഏത്, പ്രബല ഹദീസ് ഏത് എന്ന് അവർ വേർതിരിക്കുന്നു. നിഷ്കൃഷ്ടമായ ഈ പരിശോധനയുടെ രണ്ടാം ഘട്ടം ചരിത്ര രചനയിൽ കാണുന്നില്ല എന്നതാണ് ഹദീസിന്റെയും ചരിത്രത്തിന്റെയും ക്രോഡീകരണങ്ങൾ തമ്മിലുള്ള വ്യത്യാസം.

ഇമാം ഹാഫിള് ഇബ്നുഹജറുൽ അസ്ഖലാനി പൂർവികരുടെ ഈ റിപ്പോർട്ടിംഗ് രീതിയെക്കുറിച്ച് എഴുതിയിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: "ഹി. രണ്ടാം നൂറ്റാണ്ടിലൊക്കെ ജീവിച്ച അധിക ഹദീസ് പണ്ഡിതന്മാരും സനദ് സഹിതം അവർക്ക് ഒരു ഹദീസ് കിട്ടിയാൽ, അതിന്റെ ബലാബലം അന്വേഷിക്കേണ്ടത് തങ്ങളുടെ ബാധ്യതയല്ല എന്ന് കരുതിയിരുന്നു."

റാവികളെക്കുറിച്ചാണ് ഇവിടെ ഇമാം ഇബ്നു ഹജർ സൂചിപ്പിക്കുന്നത്. അല്ലാതെ രിവായത്തുകളുടെ ബലാബലം നോക്കി

ദീനിനെ സംരക്ഷിക്കാൻ പാടുപെട്ട മഹാമനീഷികളെക്കുറിച്ചല്ല. അവരാണ് വിവരണങ്ങളുടെയും വാക്യങ്ങളുടെയും ആധികാരികത തെളിയിക്കാൻ കൃത്യമായ അരിപ്പകളും മാനദണ്ഡങ്ങളും ഉണ്ടാക്കിയത്. ഒരു മഹത്തായ സംസ്കൃതിയെ കടത്തിക്കൂട്ടലുകളിൽനിന്ന് സംരക്ഷിച്ചത് ഈ മഹാ യത്നമാണ്. ലോക ചരിത്രത്തിൽ തന്നെ അതിന് സമാനമായ മറ്റൊന്നില്ല.

അപ്പോൾ വായനക്കാരൻ– അവനതിന് യോഗ്യനാണെങ്കിൽ– ആ കിതാബിലോ ഈ കിതാബിലോ കാണുന്ന വിവരണങ്ങൾ പരിശോധിക്കണം– നിരൂപകരായ ഹദീസ് പണ്ഡിതന്മാർ മുന്നോട്ടുവെച്ച മാനദണ്ഡങ്ങളുടെ വെളിച്ചത്തിൽ. രണ്ട് കാര്യങ്ങളാണ് നോക്കേണ്ടത്. ഒന്ന്, ഹദീസ് നിവേദക ശാസ്ത്ര (മുസ്ത്വലഹുൽ ഹദീസ്) പണ്ഡിതന്മാർ[8] വെച്ച മാനദണ്ഡങ്ങൾ, ചരിത്ര സംഭവങ്ങൾ നിവേദനം ചെയ്യുന്നവരിൽ (റാവിമാർ) ഒത്തുവരുന്നുണ്ടോ എന്ന് നോക്കുക. എന്നിട്ട് വിവരണങ്ങളിലെ നെല്ലും പതിരും വേർതിരിക്കുക. ആധികാരികമായവ മാത്രം തെരഞ്ഞെടുക്കുക.

രണ്ട്, ഖുർആൻ, ആധികാരികത തെളിയിക്കപ്പെട്ട നബിവചനങ്ങൾ, ഇവയുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ട പൊതു തത്ത്വങ്ങൾ എന്നിവയോട് ഈ വിവരണങ്ങൾ ഒത്തുവരുന്നുണ്ടോ എന്ന് നോക്കുക. അസ്സലിനെയും വ്യാജനെയും അപ്പോൾ തിരിച്ചറിയാം.

ഇങ്ങനെയൊക്കെ ചെയ്യണമെങ്കിൽ വായനക്കാരന് അതിന് തക്ക വിധം വൈജ്ഞാനിക യോഗ്യതകളുണ്ടായിരിക്കണം. അല്ലാത്തപക്ഷം വിശ്വസ്തരും, നെല്ലും പതിരും വേർതിരിക്കാൻ കഴിവുള്ളവരുമായ പണ്ഡിതന്മാരുടെ സഹായം തേടുകയും അല്ലാഹുവിനെ ഭയപ്പെട്ട് കഴിയുന്നത്ര സൂക്ഷ്മത പുലർത്തുകയും ചെയ്യുക.

## മൂന്നാമത്തെ കാരണം

നബിവചനങ്ങൾ ഉദ്ധരിക്കുന്നതിലുള്ള കണിശതയുമായി തട്ടിച്ചു നോക്കുമ്പോൾ, ചരിത്ര സംഭവങ്ങളുടെ ആധികാരികത

പ്രശ്നമാക്കാതെ ഭയങ്കരമായ അലംഭാവമാണ് ചരിത്ര വിവരണ ത്തിൽ നമ്മുടെ ചില സാംസ്കാരിക നായകന്മാർ പുലർത്തു ന്നത്; പ്രത്യേകിച്ച് ഇസ്ലാമിന്റെ ആദ്യത്തെ നൂറ്റാണ്ടിന്റെ ചരിത്രം വിവരിക്കുമ്പോൾ. ഈ അലംഭാവം പാശ്ചാത്യ ചരിത്ര രചനാ രീതിയുടെ സ്വാധീനമാണെന്ന് കാണാനും പ്രയാസമില്ല. പാശ്ചാത്യ ചരിത്ര രചനയിൽ നിവേദക ശ്രേണി പ്രശ്നമേയല്ല. വിശുദ്ധ ഗ്രന്ഥമായി ഗണിക്കപ്പെടുന്ന ബൈബിളിന്റെ നിവേദ കർ പോലും ക്രിസ്തുവിന് ശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞ് ജീവി ച്ചവരാണല്ലോ.

നബികുടുംബവും സ്വഹാബികളും നമ്മുടെ ദീനീചരിത്രത്തിന്റെ ഭാഗമാണെന്ന് നാം മനസ്സിലാക്കണം. ഇവ രുടെ ചരിത്രത്തെ മറ്റേതൊരു ചരിത്രവുമായും തുലനം ചെയ്യാ നൊക്കുകയില്ല. ഇവരുടെ ചരിത്രം രേഖപ്പെടുത്തുന്നതിലും റി പ്പോർട്ട് ചെയ്യുന്നതിലും നാം കാണിക്കുന്ന അലംഭാവത്തി ന്റെയും അനാസ്ഥയുടെയും പ്രത്യാഘാതങ്ങൾ നമ്മുടെ ദീനി നെത്തന്നെയാണ് ബാധിക്കുക എന്ന് തിരിച്ചറിയണം. 'ഇസ്ലാ മിന്റെ ചരിത്ര നിവേദകൻ' എന്ന് വിശേഷിപ്പിക്കാവുന്ന മഹാ നായ സ്വഹാബി അബൂഹുറയ്റ(റ)[9]ക്കെതിരെ ചിലർ നടത്തുന്ന കടന്നാക്രമണം ഇതോടൊപ്പം ചേർത്തു വായിക്കണം.

ചില ചരിത്രാന്വേഷകരുണ്ട്. അവർ പൗരാണികമോ ആധു നികമോ ആയ ചരിത്ര സംഭവങ്ങളെക്കുറിച്ച് വല്ലാതെ നീട്ടിവ ലിച്ച് ഉപന്യസിക്കുന്നത് കാണാം. അങ്ങനെ എതിർത്തും അനു കൂലിച്ചുമുള്ള തെളിവുകൾ നിരത്തപ്പെടുന്നു. എന്നാലിവർ പൊലിപ്പിച്ച് പറയുന്ന കാര്യങ്ങൾക്ക് അതിന് മാത്രമുള്ള പ്രയോ ജനമോ പ്രാധാന്യമോ ഒട്ടില്ല താനും. ഇത്തരം നിരുത്തരവാദപര മായ എഴുത്ത്, ശരീഅത്തിന്റെ സംരക്ഷകരും വാഹകരുമായ നബികുടുംബത്തെക്കുറിച്ചും ഉണ്ടായാലോ? ഇസ്ലാമിന്റെ ആദ്യത്തെ നൂറ്റാണ്ടിലെ സംഭവങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ഹദീസിലേതു പോലെ കർക്കശമായ തള്ളൽ– കൊള്ളൽ രീതി അവലംബിക്കണമെന്നല്ല പറയുന്നത്. അതേസമയം യഥാർഥ സംഭവങ്ങളെയും പ്രചരിപ്പിക്കുന്ന കഥകളെയും വേർതിരിച്ച് മന

സ്സിലാക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്.

– അഹ്‌ലുബൈത്തിനെക്കുറിച്ചും സ്വഹാബത്തിനെക്കുറിച്ചും നമുക്ക് കിട്ടുന്ന വിവരങ്ങൾ അവരുടെ ഇഹലോകവിരക്തി, ധീരത, ഔദാര്യം, അർപ്പണ മനസ്സ്, സ്വഭാവ വൈശിഷ്ട്യം, ആകർഷകമായ പെരുമാറ്റം തുടങ്ങിയവയെക്കുറിച്ചാണെങ്കിൽ, ആ ഗുണവിശേഷണങ്ങളുടെ വിവരണം ശരീഅത്ത് പരിധികൾ അതിലംഘിക്കാത്തതും സാമാന്യബോധത്തിന് നിരക്കുന്നതും ആണെങ്കിൽ അവ റിപ്പോർട്ട് ചെയ്യുന്നതിനോ എഴുതിവെക്കുന്നതിനോ തെറ്റില്ല. കാരണമത് അടിസ്ഥാനപരമായി ശരീഅത്തിന് വിരുദ്ധമാകുന്നില്ല; നബികുടുംബത്തിന്റെയും സ്വഹാബികളുടെയും സ്ഥാനമഹിമകൾക്ക് കോട്ടം തട്ടിക്കുന്നുമില്ല.

– ഇനി ആ വിവരണങ്ങൾ കുഴപ്പങ്ങളെക്കുറിച്ചോ, വിധിനിർണായകമായ നിലപാടുകളെക്കുറിച്ചോ, നബികുടുംബത്തിനും അനുയായികൾക്കും ക്ഷതമേൽപ്പിക്കുന്ന രീതിയിലോ, പൊതു ശരീഅത്ത് തത്ത്വങ്ങൾക്ക് വിരുദ്ധവും സാമാന്യബോധത്തിന് നിരക്കാത്തതും ആയിത്തീർന്നാലോ നാം ആ സംഭവങ്ങൾ ഉദ്ധരിച്ചവരുടെ നിവേദക പരമ്പര വളരെ സൂക്ഷ്മമായി പഠിക്കുക തന്നെ വേണം. എന്നിട്ട് നീതിപൂർവമായ ഒരു തീരുമാനത്തിൽ എത്തണം.

ഈ മൂന്ന് അടിസ്ഥാന കാരണങ്ങളാലാണ് ചരിത്ര വായനയിലും നിവേദനത്തിലും അബദ്ധങ്ങളും പോരായ്മകളും സംഭവിക്കുന്നത്.

## കുറിപ്പുകൾ

1. ഡോ. അബ്ദുൽ അസീസ് ദുഖാൻ എഴുതിയ *അഹ്ദാസ് വ അഹാദീസ് ഫിത്നത്തിൽ ഹറജ്* (പേജ് 73,74) എന്ന കൃതിയിൽ ഈ കാരണങ്ങളെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. വേറെയും തെളിവുകൾ ചേർത്ത് ആ ആശയം നാം വികസിപ്പിക്കുകയാണ് ഇവിടെ ചെയ്തിട്ടുള്ളത്.

2. ഈ മൂന്നിനവും ഒട്ടും വിശ്വസനീയമല്ല തന്നെ. ഇതിൽ ഏറ്റവും അപകടം പിടിച്ചത് 'ഒരടിസ്ഥാനവും ഇല്ലാത്ത' റിപ്പോർട്ടുകളാണ്. 'ഇന്നയാൾ പറഞ്ഞ സംഭവമാണ്' എന്നാരോ പറഞ്ഞിരിക്കും. അത് പൊതുജനം ഏറ്റെടുക്കുകയും നാടുമുഴുക്കെ അത് പറഞ്ഞ് പാട്ടാക്കുകയും ചെയ്യും.

'കെട്ടിച്ചമച്ച റിപ്പോർട്ടുകൾ' ആണ് അപകടംപിടിച്ച രണ്ടാമത്തേത്. സംഭവം റിപ്പോർട്ട് ചെയ്ത നിവേദക ശ്രേണിയിൽ കള്ളം പറയുന്ന ഒരുത്തനുണ്ടാവും. ചിലപ്പോൾ നിവേദക ശ്രേണി തന്നെ ഇയാൾ കെട്ടിച്ചമച്ചുണ്ടാക്കും, കള്ളക്കഥകൾ ചരിത്ര സംഭവങ്ങളായി അവതരിപ്പിക്കും. ഇതിന് പല കാരണങ്ങളുണ്ട്. അത് വിശദീകരിക്കാൻ ഇവിടെ സന്ദർഭമില്ല. അതിൽ മുഖ്യമായത്, തന്റെ കക്ഷിയെ സഹായിക്കാൻ കള്ളം കെട്ടിച്ചമക്കുക എന്നതാണ്. ഖുർആനും പ്രവാചക ചര്യക്കും ഒട്ടും നിരക്കാത്ത കാര്യങ്ങളായിരിക്കും ഇവർ ചരിത്രമെന്ന ലേബലിൽ അവതരിപ്പിക്കുക എന്നും മനസ്സിലാക്കണം. വിശ്വസ്തരായ റിപ്പോർട്ടർമാരുള്ള ശ്രേണികൾ ഉദ്ധരിച്ച സംഭവങ്ങളിൽനിന്നൊക്കെ വേർപെട്ട് നിൽക്കുന്ന അവതരണമായിരിക്കും അവരുടേത്. ഇതും തിരിച്ചറിയാനുള്ള ഒരു മാർഗമാണ്. 'ദുർബലമായ റിപ്പോർട്ടുകൾ' ആണ് മറ്റൊന്ന്. നിവേദക ശ്രേണിയിലെ ചില റിപ്പോർട്ടർമാർക്ക് എന്തെങ്കിലും തകരാറുണ്ടാവും. പണ്ഡിതന്മാർ വെച്ച മാനദണ്ഡം നോക്കി അവരുടെ റിപ്പോർട്ടുകൾ സ്വീകാര്യമാണോ അല്ലേ എന്ന് തീരുമാനിക്കാവുന്നതാണ്. ഇവയിൽ ചിലത് തള്ളിക്കളയേണ്ടതും ചിലത് കൂടുതൽ പഠനം ആവശ്യമുള്ളതുമായിരിക്കും.

3. ബകർ ബ്നു അബ്ദില്ല അബൂസൈദ് എഴുതിയ ഒരു കൃതിയിൽ ഇസ്‌ലാമിക സംസ്കാരത്തിന്റെ മുന്നേറ്റം തടയുന്നതിന് ഓറിയന്റലിസ്റ്റുകളും കൊളോണിയലിസ്റ്റുകളും സ്വീകരിച്ച തന്ത്രങ്ങളെക്കുറിച്ച് വിശദമായി പറയുന്നുണ്ട്. ജ്യോത്സ്യം, നക്ഷത്ര ഫലം, ആഭിചാരം, ഇതിഹാസ കഥകൾ, വഴിപിഴച്ച ഗ്രൂപ്പുകളുടെ ആശയങ്ങൾ തുടങ്ങിയവ ഗ്രന്ഥങ്ങളിലൂടെ വ്യാപകമായി പ്രചരിപ്പിക്കാൻ അവർ ശ്രമം നടത്തിയതായി അദ്ദേഹം പറയുന്നു.

4. ദൈവമാർഗത്തിലെ ജിഹാദ് നിർബന്ധമെന്ന് പറയുന്ന ചില നബിവചനങ്ങൾ അവർ ഈ കൃതിയിൽനിന്ന് ഒഴിവാക്കുകയുണ്ടായി.

5. ത്വബരി (ഹി. 223–310). ഖുർആൻ വ്യാഖ്യാതാവ്, ഹദീസ് പണ്ഡിതൻ, ചരിത്രകാരൻ, കർമശാസ്ത്ര വിശാരദൻ, ഉസ്വൂലി പണ്ഡിതൻ. *താരീഖുൽ ഉമമി വൽ മുലൂക്ക്, ജാമിഉൽ ബയാൻ ഫീ തഅ്‌വീലിൽ ഖുർആൻ* എന്നിവ പ്രധാന കൃതികൾ.

6. ഡോ. യഹ്‌യ ബ്നു ഇബ്‌റാഹീം യഹ്‌യയുടെ *മർവിയ്യാത്തു അബീമിഖ്‌നഫ് ഫീ താരീഖിത്ത്വബ്‌രി: അസ്‌റുൽ ഖിലാഫത്തിർറാശിദഃ* എന്ന കൃതി (പേജ് 487) കാണുക.

7. നോക്കുക *മീസാനുൽ ഇഅ്തിദാൽ* 3/530–531

8. ഇമാം അഹ്‌മദ്, ഇബ്നു മഈൻ, ഇബ്നുൽ മുബാറക്, റാസി, ഇബ്നു ഹജർ, ദഹബി തുടങ്ങിയവരാണ് ഈ പണ്ഡിത സമൂഹത്തിലെ

പ്രമുഖർ. കുതുബുർരിജാൽ എന്ന പേരിൽ ഇവർ റാവിമാരുടെ ആധികാരികതയും ദൗർബല്യവും പരിശോധിക്കുന്ന കൃതികൾ എഴുതിയിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ: റാസി – *അൽജുർഹു വത്തഅ്ദീൽ*, ഇബ്നു ഹജർ – *തഹ്ദീബുത്തഹ്ദീബ്*, ദഹബി – *മീസാനുൽ ഇഅ്തിദാൽ*.

9. അബൂഹുറയ്റത്ത്ബ്നു ആമിറു ബ്നു അബ്ദി ദീ ശറാ എന്ന് മുഴുവൻ പേര്. നബി(സ)യിൽനിന്ന് ഹദീസുകൾ ഉദ്ധരിച്ചിട്ടുണ്ട്. മനപ്പാഠമാക്കുന്നതിൽ അത്ഭുതാവഹമായ കഴിവുണ്ടായിരുന്നു. അദ്ദേഹത്തിനും അദ്ദേഹത്തിന്റെ മാതാവിനും വേണ്ടി നബി(സ) പ്രാർഥിച്ചിട്ടുണ്ട്. ഹി. 57–ൽ മരണപ്പെട്ടു. ഹദീസ് ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയ നബിവചനങ്ങളിൽ ഏറ്റവും കൂടുതൽ ഉദ്ധരിച്ചത് (5374) അദ്ദേഹമാണ്. ഇബ്നു ഹസം തന്റെ *ജവാമിഉസ്സീറ* എന്ന കൃതിയിൽ ഇക്കാര്യം പറയുന്നുണ്ട്. കൂടുതൽ ഹദീസുകൾ ഉദ്ധരിച്ചതിന്റെ പേരിലാണ് അബൂഹുറയ്റ(റ)ക്കെതിരെ വിമർശകർ കൂരമ്പുകൾ തൊടുത്തുവിടുന്നത്. അബൂറയ്യ, അബ്ദുൽ ഹുസൈൻ ശറഫുദ്ദീൻ എന്നിവർ ഇത്രയധികം ഹദീസുകൾ എങ്ങനെ കിട്ടി എന്ന് ആശ്ചര്യപ്പെട്ട് അദ്ദേഹത്തിനെതിരെ ഗ്രന്ഥരചന നടത്തിയവരാണ്. എന്നാൽ അബൂഹുറയ്റയേക്കാൾ എത്രയോ ഇരട്ടി ഹദീസ് ഉദ്ധരിച്ച ആളുകളുണ്ട്. അബ്ബാനുബ്നു തഗ്‌ലിബ് എന്നയാൾ മുപ്പതിനായിരവും ജാബിറുൽ ജഅ്ഫി രണ്ട് ലക്ഷത്തിലധികവും ഹദീസ് ഉദ്ധരിച്ചിട്ടുണ്ടത്രെ. ഹദീസുകളുടെ എണ്ണമാണ് വിഷയമെങ്കിൽ മേൽ ഗ്രന്ഥകർത്താക്കൾ ഇവരെക്കുറിച്ചൊന്നും അത്ഭുതം കൂറാത്തത് എന്തുകൊണ്ടാണ്? അതേസമയം, അബൂഹുറയ്റ ഉദ്ധരിച്ചത്, ആവർത്തനങ്ങൾ ഒഴിവാക്കിയാൽ 1336 ഹദീസ് മാത്രമാണെന്ന് ഡോ. മുഹമ്മദ് അഅ്സമി *അബൂഹുറയ്റ തന്റെ നിവേദനങ്ങളുടെ വെളിച്ചത്തിൽ* എന്ന കൃതിയിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അതേസമയം മറ്റു സ്വഹാബികൾ ഉദ്ധരിക്കാത്ത ഹദീസുകൾ വളരെക്കുറഞ്ഞേ അബൂഹുറയ്റ(റ) ഉദ്ധരിച്ചിട്ടുള്ളൂ എന്നും പണ്ഡിതന്മാർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അബൂഹുറയ്റ(റ) ഉദ്ധരിച്ച ഹദീസുകളിലെ ആശയം മറ്റു പല ഹദീസുകളിലും വന്നിട്ടുണ്ടെന്നർഥം. അബൂറയ്യ, അബൂഹുറയ്റ(റ)ക്കെതിരെ ഉന്നയിച്ചആരോപണങ്ങൾക്ക് ഒന്നിലധികം ഗവേഷകർ മറുപടി പറഞ്ഞിട്ടുണ്ട്. അല്ലാമ മുഅല്ലമിയുടെ *അൽ അൻവാറുൽ കാശിഫ്*, ഡോ. അബൂ ശഹ്ബയുടെ *ദിഫാഉൻ അനിസ്സുന്ന*' അബ്ദുൽ മുൻഇം ഇസ്സിയുടെ *ദിഫാഉൻ അൻ അബീഹുറയ്റ* എന്നീ കൃതികൾ ഉദാഹരണം.

# നബികുടുംബത്തെയും സ്വഹാബികളെയുംകുറിച്ച തെറ്റിദ്ധാരണകൾ

•

## അധ്യായം രണ്ട്

**നബികുടുംബത്തെക്കുറിച്ചും** സ്വഹാബികളെക്കുറിച്ചും ഉയർത്തപ്പെട്ട ആരോപണങ്ങളും തെറ്റിദ്ധാരണകളും മൊത്തം പരിശോധിച്ചാൽ അവ നാല് തരമാണെന്ന് കാണാം.

ഒന്ന്: വളരെ ദുർബലമായ റിപ്പോർട്ടുകൾ. അവയുടെ നിവേദക ശൃംഖല അപ്പടി കൊള്ളരുതാത്തവരായിരിക്കും. അവയിലെ ആശയമാകട്ടെ തള്ളപ്പെടേണ്ടതും. ഇത്തരം രിവായത്തുകൾ കടന്നുകൂടിയ ഗ്രന്ഥങ്ങളെ നാം പ്രത്യേകം കരുതേണ്ടതുണ്ട്. നബികുടുംബത്തിന്റെയും സ്വഹാബി ശ്രേഷ്ഠരുടെയും ഉയർന്ന പദവികൾക്ക് ഒട്ടും യോജിക്കാത്ത പരാമർശങ്ങളാണ് ഇത്തരം വിവരണങ്ങളിൽ ഉണ്ടാവുക. അതേക്കുറിച്ച് ഒരു അധ്യായം തന്നെ ഈ പുസ്തകത്തിലുണ്ട് ('ഇസ്ലാമിക ചരിത്രത്തെ വികൃതമാക്കിയ ഗ്രന്ഥങ്ങൾ').

പ്രവാചകശിഷ്യരെയും നബികുടുംബത്തെയും അവമതിക്കുന്ന ഒരുപാട് കഥകൾ ഈ ഗ്രന്ഥത്താളുകളിൽ നിങ്ങൾക്ക് കാണാൻ കഴിയും. അവയോട് സ്വീകരിക്കേണ്ട നിലപാടിനെക്കുറിച്ച് ഒരു സംശയവും വേണ്ട. ആ കള്ളവചനങ്ങളെ തള്ളിക്കളയുക. ഒരു മുസ്ലിമിന് അവന്റെ ദീനീ–വിശ്വാസകാര്യങ്ങൾക്ക് അവലംബിക്കാൻ പറ്റുന്നതാണോ ഇത്തരം കെട്ടുകഥകൾ? മുസ്ലിം വിശ്വാസത്തിന്റെ ഒരു ഭാഗമല്ലേ അഹ്ലുബൈത്തും സ്വഹാബത്തുമൊക്കെ? അപ്പോൾ ഒരടിസ്ഥാനവുമില്ലാത്ത

കെട്ടുകഥകളെ വർജിക്കാനും സംശയലേശമേതുമില്ലാത്ത ഖുർആൻ വാക്യങ്ങളെയും നബിവചനങ്ങളെയും അവലംബമായി സ്വീകരിക്കാനും മുസ്‌ലിം തയാറാവേണ്ടതുണ്ട്.

നബികുടുംബത്തെയും പ്രവാചക ശിഷ്യന്മാരെയും പുകഴ്ത്തിപ്പറയുകയും അവരുടെ ജീവിത വിശുദ്ധി ഉദ്ഘോഷിക്കുകയും ചെയ്യുന്നത് വിശുദ്ധ ഖുർആൻ തന്നെയാണ്. നബികുടുംബത്തെക്കുറിച്ച് ഖുർആൻ പറഞ്ഞു: "നബികുടുംബമേ, നിങ്ങളിൽ നിന്ന് മാലിന്യം നീക്കിക്കളയാനും നിങ്ങളെ പൂർണമായി ശുദ്ധീകരിക്കാനും അല്ലാഹു ഉദ്ദേശിക്കുന്നു" (*അൽഅഹ്സാബ്* 33). നബികുടുംബത്തിന്റെ സർവ ശ്രേഷ്ഠതകളുടെയും ഉറവിടമാണ് ഈ ഖുർആൻ സൂക്തം. അല്ലാഹു ആ കുടുംബത്തിന് പ്രത്യേക ശ്രേഷ്ഠത നൽകിയെന്ന് മാത്രമല്ല, അവരെ വിശുദ്ധരാക്കുകയും ചെയ്തിരിക്കുന്നു. ദുഷ്കർമങ്ങൾ, ദുഷിച്ച പെരുമാറ്റങ്ങൾ തുടങ്ങിയവയിൽ നിന്നെല്ലാം അല്ലാഹു അവരെ അകറ്റി നിർത്തിയിരിക്കുന്നു.

സ്വഹാബികളെ പ്രശംസിച്ചുകൊണ്ടുള്ള നിരവധി ഖുർആൻ സൂക്തങ്ങളും നമുക്ക് കാണാൻ കഴിയും. "അല്ലാഹുവിന്റെ അനുഗ്രഹവും പ്രീതിയും കാംക്ഷിച്ച് അവർ നമിക്കുന്നതും സാഷ്ടാംഗം നമിക്കുന്നതും നിനക്ക് കാണാം'' (*അൽഫത്ഹ്* 29). സുജൂദ് – റുകൂഉകളിൽ മുഴുകുന്ന, അല്ലാഹുവിനെ ഭയപ്പെടുന്ന പ്രവാചക ശിഷ്യന്മാരെയാണ് ഈ സൂക്തത്തിൽ പരിചയപ്പെടുത്തുന്നത്. സത്യസന്ധതയാലും ആത്മാർഥതയാലും അവരുടെ ഹൃദയങ്ങൾ പവിത്രമാണെന്ന് സൂചിപ്പിക്കുന്നു. സൂക്തത്തിലെ 'അവർ കാംക്ഷിക്കുന്നു' (*യബ്തഗൂന*) എന്ന പ്രയോഗം ശ്രദ്ധിക്കുക. ദൈവപ്രീതി മാത്രമാണ് അവർ കാംക്ഷിക്കുന്നത്. അത് അല്ലാഹുവിന് മാത്രം അറിയുന്ന കാര്യമാണ്. ഇഖ്ലാസ് എന്ന് പറഞ്ഞാലും അതാണല്ലോ അർഥം.

ഇനി പ്രവാചക ശിഷ്യർ പരസ്പരം എങ്ങനെയായിരുന്നുവെന്നും മറ്റൊരിടത്ത് ഖുർആൻ വരച്ചു കാട്ടുന്നുണ്ട്. നബി(സ)യെ അഭിസംബോധന ചെയ്തുകൊണ്ട് അല്ലാഹു പറ

യുന്നു: “അവനാണ് തന്റെ സഹായത്താലും സത്യവിശ്വാസിക ളാലും നിനക്ക് കരുത്തേകിയത്. സത്യവിശ്വാസികളുടെ മനസ്സു കൾക്കിടയിൽ ഇണക്കമുണ്ടാക്കിയതും അവനാണ്” (*അൽ അൻഫാൽ* 62,63).

അപ്പോൾ അഹ്‌ലുബൈത്ത് ആയാലും സ്വഹാബികൾ ആയാലും അവരെല്ലാം ഒന്നാണ്, തൗഹീദിന്റെ കാര്യത്തിൽ, ഇസ്‌ലാമിന്റെ കാര്യത്തിൽ, പരസ്പരമുള്ള സ്നേഹബഹുമാന ങ്ങളുടെ കാര്യത്തിൽ. ഇതുപോലെ വേറെയും സൂക്തങ്ങളുണ്ട്. നബികുടുംബത്തെയും സ്വഹാബികളെയും വിലയിരുത്തുന്ന തിൽ ഈ ഖുർആനിക സൂക്തങ്ങളാണ് നമുക്ക് അടിസ്ഥാനവും അവലംബവുമാവേണ്ടത്. ഒപ്പം, നബികുടുംബത്തെയും സ്വഹാ ബികളെയും കുറിച്ചുള്ള കെട്ടുകഥകൾ നാം ദൂരെക്കളയുകയും വേണം.

കവി പറഞ്ഞതത്രെ സത്യം:

“അഹ്‌മദിന്റെ ശരീരത്ത് ഇണക്കിച്ചേർത്ത രണ്ട് കൂട്ടർ
എന്റെ പിതാവണ, മാതാവാണ അവരാണ് യഥാർഥ കൂട്ടർ
സത്യപാതയിൽ സഞ്ചരിക്കുന്നോരല്ലോ അവർ
ദീനിന്റെ പാതയിൽ നിലകൊള്ളുന്നോരല്ലോ അവർ
നബിയുടെ കുടുംബക്കാർ, നബിയുടെ അനുചരർ!
ഇവർ രണ്ട് ശരീരമെങ്കിലും ഒറ്റ ആത്മാവാൽ ബന്ധിതർ”[1]

സ്വഹാബത്തിന്റെയോ നബികുടുംബത്തിന്റെയോ ശ്രേഷ്ഠത മനസ്സിലാക്കാൻ ജൽപിത കഥകൾ തേടിപ്പോകേണ്ട യാതൊരു കാര്യവുമില്ല. നിഷേധിയോ ധിക്കാരിയോ മാത്രമാണ് അവരുടെ ശ്രേഷ്ഠത തള്ളിപ്പറയുക.

രണ്ട്: റിപ്പോർട്ടുകളൊക്കെ ശരിതന്നെയായിരിക്കും. നബി കുടുംബത്തിന്റെയും പ്രവാചകാനുയായികളുടെയും ശ്രേഷ്ഠത വിളിച്ചോതുന്ന പ്രവൃത്തികളുമായിരിക്കും. പക്ഷേ ആ സംഭവ ങ്ങളെ ദുഷ്ടലാക്കോടെ തിന്മയായി അവതരിപ്പിക്കാനുള്ള പ്രവ ണത. ഇതാണ് രണ്ടാമത്തെ ഇനം കള്ളപ്രചാരണം. ചില ഉദാഹ രണങ്ങൾ പരിശോധിക്കാം.

* നബി(സ)യുടെ മരണശേഷം ഭരണച്ചുമതല ഏറ്റെടുത്ത അബൂബക്കർ സ്വിദ്ദീഖ്(റ) മതപരിത്യാഗികളോട് യുദ്ധം ചെയ്യു കയുണ്ടായല്ലോ. പ്രവാചകന്റെ നിർദേശങ്ങൾ പാലിച്ചുകൊണ്ട് ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും ഗേഹം സംരക്ഷിക്കാൻ വേണ്ടിയെടുത്ത തീരുമാനമായിരുന്നു അത്. എന്നാൽ ഈ മഹത് കർമത്തെ ചിലർ, സ്വിദ്ദീഖുൽ അക്ബർ(റ) എന്തോ അപരാധം ചെയ്തിരിക്കുന്നു എന്ന മട്ടിലാണ് ചിത്രീകരിച്ചിരി ക്കുന്നത്. *ഇയാദു ബില്ലാ!* തന്നെ ബൈഅത്ത് ചെയ്യാൻ വിസമ്മ തിച്ച മുസ്‌ലിംകളോട് അബൂബക്കർ(റ) യുദ്ധം ചെയ്തു എന്നാ ണവർ കള്ളപ്രചാരണം നടത്തുന്നത്. ഇത് തെറ്റിദ്ധാരണകളു ണ്ടാക്കാൻ വേണ്ടി ചെയ്യുന്നതാണ്.

അബൂബക്കറി(റ)ന്റെ നടപടിക്ക് മുഴുവൻ മുതിർന്ന സ്വഹാ ബികളുടെയും മുഴുവൻ ഇസ്‌ലാമിക സമൂഹത്തിന്റെയും ഏകോപിച്ച അംഗീകാരമുണ്ടായിരുന്നു എന്ന വസ്തുത ഇക്കൂ ട്ടർ കണ്ടില്ലെന്ന് നടിക്കുന്നു. നബികുടുംബത്തിലെ പ്രമുഖനായ ഇമാം അലി(റ)യുടെയും അംഗീകാരം മതപരിത്യാഗികളെ നേരി ടുന്ന കാര്യത്തിൽ അബൂബക്കറി(റ)ന് ലഭിച്ചിരുന്നു. പ്രവാച കന്റെ മരണശേഷം ഇസ്‌ലാം ഉപേക്ഷിക്കുകയും സകാത്ത് കൊടുക്കാൻ വിസമ്മതിക്കുകയും ചെയ്യുന്നവരോട് എന്തു നില പാട് സ്വീകരിക്കണം എന്ന് അലി(റ)യോട് അബൂബക്കർ (റ) ചോദിച്ചു: 'അബുൽ ഹസൻ, എന്താണ് താങ്കൾ പറയുന്നത്?' അലി(റ) പറഞ്ഞു: 'അവരിൽനിന്ന് പ്രവാചകൻ എന്തൊക്കെ എടുത്തിരുന്നുവോ, അവ താങ്കൾ വേണ്ടെന്ന് വെക്കുന്ന പക്ഷം പ്രവാചക ചര്യക്ക് വിരുദ്ധം പ്രവർത്തിക്കുകയായിരിക്കും താങ്കൾ.'

അപ്പോൾ അബൂബക്കർ(റ): 'ഇതാണ് താങ്കളുടെ അഭിപ്രാ യമെങ്കിൽ, ഒരു ഒട്ടകക്കയറാണ് അവരെനിക്ക് നൽകാതിരിക്കു ന്നതെങ്കിലും ഞാനവരോട് യുദ്ധം ചെയ്യും.' [2]

ഇക്കാര്യത്തിൽ അലി(റ)ക്ക് ഒന്നാം ഖലീഫയോടുണ്ടായി രുന്ന ആത്മാർഥതക്കും കൂറിനും ഒട്ടേറെ തെളിവുകളുണ്ട്. ഇസ്‌ലാമിനും മുസ്‌ലിംകൾക്കും ഗുണം വരാനും ഖിലാഫത്ത്

സംരക്ഷിക്കപ്പെടാനും മുസ്‌ലിം ശക്തി ശിഥിലമാവാതിരിക്കാനും അലി(റ), അബൂബക്കറി(റ)ന് മുമ്പിൽ ഒരു നിർദേശം വെച്ചു. മതപരിത്യാഗികളെ നേരിടാൻ അബൂബക്കർ(റ) സ്വയം ദുൽഖിസ്സ എന്ന സ്ഥലത്തേക്ക് യാത്രതിരിക്കാൻ ഒരുങ്ങിയ സന്ദർഭമായിരുന്നു അത്.

ആ സംഭവം ഇബ്നു ഉമർ ഇങ്ങനെ റിപ്പോർട്ട് ചെയ്യുന്നു: "ദുൽഖിസ്സയിലേക്ക് പോകാനായി അബൂബക്കർ(റ) വാഹനത്തിൽ കയറാനൊരുങ്ങിയപ്പോൾ അദ്ദേഹത്തെ തടഞ്ഞു നിർത്തി അലി(റ) പറഞ്ഞു: "താങ്കൾ നേരിൽ അങ്ങോട്ട് വന്ന് ഞങ്ങളെ ഭീതിയിൽ അകപ്പെടുത്തരുത്. താങ്കൾ മദീനയിലേക്ക് തിരിച്ചുപോവുക. താങ്കളുടെ കാര്യത്തിൽ ഞങ്ങൾ ഭീതിയിലകപ്പെട്ടുപോയാൽ, അല്ലാഹുവാണ, പിന്നെ ഇസ്‌ലാമിന് ഈ വ്യവസ്ഥ ഉണ്ടാവുകയില്ല."[3] ആത്മാർഥതയുടെ നിറകുടമായ ഇമാം അലി(റ)യുടെ വാക്കുകൾ പാലിച്ചുകൊണ്ട് അബൂബക്കർ(റ) തിരിച്ചുപോരുകയാണുണ്ടായത്.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെന്ന് പകൽപോലെ വ്യക്തമായിട്ടും ചിലയാളുകൾ കാണിക്കുന്ന അതിക്രമങ്ങൾ നോക്കൂ. ഒരാൾ എഴുതുകയാണ്: "അബൂബക്കറിന്റെ ഖിലാഫത്ത് അംഗീകരിക്കാത്ത ഗോത്രങ്ങളെ അവർ മതപരിത്യാഗികളെന്ന പേര് വിളിച്ചു. ഇത് അതിക്രമവും ശത്രുതാ മനോഭാവവുമാണ്."[4]

ഇങ്ങനെ പേര് വിളിച്ചത് ആരൊക്കെയാണ്? ആ ആളുകളുടെ പേരുകൾ ഗ്രന്ഥകർത്താവ് വെളിപ്പെടുത്താത്തതെന്ത്? ഇപ്പറഞ്ഞതിന് എന്തു തെളിവാണ് അദ്ദേഹത്തിന്റെ കൈവശമുള്ളത്? കള്ളം കെട്ടിച്ചമക്കുക, വസ്തുതകളുടെ യാതൊരു പിൻബലവുമില്ലാതെ രോഗാതുരമായ മനസ്സോടെ ചരിത്രത്തെക്കുറിച്ച് വിധിപറയുക എന്നതല്ലാതെ മറ്റെന്താണിത്?

* ഇപ്രകാരം തന്നെയാണ് ഇമാം അലി(റ) ഖവാരിജുകളുമായി നടത്തിയ യുദ്ധത്തെക്കുറിച്ചും ചിലർ പരാമർശിക്കാറുള്ളത്. റസൂലിന്റെ ഒരു പ്രവചനം സത്യമായി പുലരുകയായിരുന്നു ആ നടപടിയിലൂടെ. എന്നാൽ അലി(റ)യുടെ ഈ മഹത് കൃത്യ

ത്തെ, അദ്ദേഹത്തിന്റെ ഭരണ നൈപുണ്യം വിളിച്ചോതുന്ന ഈ സംഭവത്തെ തിന്മയായി ചിത്രീകരിക്കാനാണ് ചിലർക്ക് താൽപര്യം. അബ്ദുല്ലാഹിബ്നു അബ്ബാസി(റ)നെ അലി(റ) ഖവാരിജുകളുമായി സംസാരിക്കാനായി പറഞ്ഞയച്ചത് നാം സൂചിപ്പിച്ച ഭരണനൈപുണിക്ക് ഉദാഹരണമാണ്.

* ഇമാം ഹസൻ(റ) മുആവിയക്ക് വേണ്ടി ഖിലാഫത്ത് ഒഴിഞ്ഞുകൊടുത്തതിനെയും ഇവർ അപരാധമായി ചിത്രീകരിക്കുന്നു. പ്രവാചകൻ നടത്തിയ പ്രവചനത്തിന്റെ സാക്ഷാത്കാരമെന്ന നിലയിൽ മുസ്ലിംകളുടെ രക്തം ചിന്തുന്നത് തടയാനും അവരുടെ ഐക്യം ഭദ്രമാക്കാനും ഇമാം ഹസൻ(റ) സ്വീകരിച്ച നിലപാടായിരുന്നു ഇത്. ഈ ശ്രേഷ്ഠ പ്രവൃത്തിയെ തിന്മയായി കാണുന്നു ചിലർ. അവരിൽ ചിലർ അദ്ദേഹത്തെ 'വിശ്വാസികളെ അപമാനിച്ചവൻ' ആയിപ്പോലും വിശേഷിപ്പിക്കാൻ മടികാണിക്കുന്നില്ല.[5] ഈ വിവരദോഷികൾ പ്രവാചകൻ(സ), ഹസനെ പ്രശംസിച്ചുകൊണ്ട് പറഞ്ഞ ആ വാക്യം മറന്നുപോകുന്നു. പ്രവാചകൻ പറഞ്ഞു: "എന്റെ ഈ മകൻ നേതാവാണ്. മുസ്ലിംകളിലെ രണ്ട് വലിയ വിഭാഗങ്ങൾക്കിടയിൽ അവൻ ഒത്തുതീർപ്പ് ഉണ്ടാക്കിയേക്കും."[6] അതാണിവിടെ സംഭവിച്ചത്.

* മൂന്നാം ഖലീഫ ഉസ്മാനുബ്നു അഫ്ഫാൻ(റ) ഖുർആൻ മുസ്ഹഫിൽ ക്രോഡീകരിച്ചപ്പോൾ അതും ഒരു മോശപ്പെട്ട കാര്യമായി ചിത്രീകരിക്കാനും അതിന്റെ പേരിൽ അദ്ദേഹത്തെ അധിക്ഷേപിക്കാനും ആളുകളുണ്ടായി. എന്നാൽ നാളിതുവരെയുള്ള മുസ്ലിം സമൂഹം ഈ ഉദ്യമത്തെ ഒരു മഹത്കൃത്യമായാണ് കണക്കാക്കിവരുന്നത്. അത് ഇസ്ലാമിനും മുസ്ലിംകൾക്കും എത്ര വലിയ അനുഗ്രഹമായിരുന്നുവെന്ന് അല്ലാഹുവിന് അറിയാം, പിന്നെ വിവരമുള്ളവർക്കൊക്കെ അറിയാം. അതിനാലാണ് ഇക്കാര്യത്തിൽ ഉസ്മാനെ(റ) ആക്ഷേപിക്കുന്നവരോട് അലി(റ) ഇപ്രകാരം പറഞ്ഞത്: "ജനങ്ങളേ, ഉസ്മാന്റെ കാര്യത്തിൽ നിങ്ങൾ കടന്നുപറയരുത്. അദ്ദേഹത്തെ കുറിച്ച് നന്മയല്ലാതെ ഒന്നും പറയരുത്. അദ്ദേഹം ചെയ്തതെന്തോ അത് –ഖുർആൻ മുസ്ഹഫുകളിൽ ആക്കിയത്–

ഞങ്ങൾ സ്വഹാബികളുടെ കൂടി അംഗീകാരത്തോടെയാണ്. ഞാനാണ് അപ്പോൾ ഭരണാധികാരിയെങ്കിൽ ഞാനും അതാണ് ചെയ്യുക."[7]

ഇങ്ങനെ സ്വഹാബികളെയും നബികുടുംബത്തെയും അധിക്ഷേപിക്കുകയും ചരിത്ര വസ്തുതകളെ കീഴ്മേൽ മറിക്കുകയും ചെയ്യുന്ന വിവരണങ്ങൾ നിരവധി. നാം ചില ഉദാഹരണങ്ങൾ നൽകി എന്നേയുള്ളൂ. ഇസ്‌ലാമിക ചരിത്രം വായിക്കുന്നവർ ഈ ചതിക്കുഴികളെക്കുറിച്ച് ബോധവാന്മാരാകണം. ഇങ്ങനെ ചരിത്രത്തെ വളച്ചൊടിക്കുന്നവരെ അല്ലാഹു നേർവഴിക്ക് നടത്തട്ടെ.

മൂന്ന്: പറയപ്പെട്ട സംഭവം യഥാർഥത്തിൽ നടന്നത് തന്നെയായിരിക്കും. പക്ഷേ, ചിലയാളുകൾ അതിന്മേൽ വല്ലാതെ കൂട്ടിപ്പറയും. അങ്ങനെ ഒരു പേജ് വിവരണം മാത്രം ആവശ്യമുള്ള ഒരു സംഭവത്തെക്കുറിച്ച് ഒരു പൂർണ പുസ്തകം തന്നെ എഴുതപ്പെടുന്നു. ഈ കൂട്ടിപ്പറയുന്നതെല്ലാം കള്ളജൽപനങ്ങളായിരിക്കും. ഉദാഹരണത്തിന് സഖീഫ സംഭവം. ഒരു പേജ് പറയാനുള്ള കാര്യങ്ങളേ ഈ സംഭവത്തിൽ ഉള്ളൂ. ചിലർ യഥാർഥ സംഭവത്തിന് വിരുദ്ധമായ ഒരുപാട് കഥകൾ ഇതോട് ചേർത്തു. അങ്ങനെ ഒരു പുസ്തകം തന്നെ എഴുതാനുള്ള വകയായി. സ്വഹാബികളെ അധിക്ഷേപിക്കുകയെന്നല്ലാതെ മറ്റൊരു ലക്ഷ്യവും ഈ നീട്ടിപ്പറയലിന് ഇല്ല. അൽ ജൗഹരി തന്റെ *അസ്സഖീഫ്*[8] എന്ന ഗ്രന്ഥത്തിൽ ചെയ്യുന്നത് അതാണ്. ഈ വിഷയത്തിൽ വേറെ ഗ്രന്ഥമെഴുതിയവരും കുറെ കള്ളക്കഥകൾ പടക്കുകയാണുണ്ടായത്. റസിയ്യതുൽ ഖമീസ് സംഭവവും ഇതുപോലെത്തന്നെ.

അപ്പോൾ വായനക്കാരൻ ഇതേക്കുറിച്ചൊക്കെ ബോധമുള്ളവനായിരിക്കണം. യഥാർഥ സംഭവമെന്താണ്, അതോടൊപ്പം കൂട്ടിച്ചേർത്ത കഥകൾ ഏതാണ് എന്ന് തിരിച്ചറിയണം. യഥാർഥ സംഭവം ആധികാരിക ചരിത്ര കൃതികളിലൊക്കെ കാണാം. കൂട്ടിച്ചേർത്ത കഥകൾക്ക് പലപ്പോഴും യാതൊരു അടിസ്ഥാനവുമുണ്ടാവില്ല; അല്ലെങ്കിൽ അവയുടെ നിവേദക പരമ്പര

അപ്പാടെ വിശ്വസിക്കാൻ കൊള്ളാത്തവരായിരിക്കും. ഏതു നിലക്കും വർജ്യമായ ഇത്തരം കൂട്ടിച്ചേർക്കലുകളെ മിക്കവരും യാഥാർഥ്യവുമായി കൂട്ടിക്കുഴക്കുന്നു എന്നതാണ് ഇന്നത്തെ വലിയൊരു പ്രശ്നം. ഇവർക്ക് കിട്ടുന്നത് വികലമാക്കപ്പെട്ട ഒരു ചരിത്രമായിരിക്കും. അങ്ങനെ ഇസ്‌ലാമിക ചരിത്രത്തിൽ കഴിഞ്ഞുപോയ മഹാരഥന്മാരെ കുറിച്ച് അധാർമികമായ വിധിപ്രസ്താവങ്ങൾ നടത്തുകയും ചെയ്യുന്നു.

നാല്: സംഭവം നടന്നത് സത്യം തന്നെയായിരിക്കും. വിവരണവും ആവശ്യത്തിന്. കൂട്ടിയോ കുറച്ചോ പറയുന്നില്ല. പക്ഷേ സംഭവത്തിൽ ഇടപെട്ട സ്വഹാബികൾക്ക് ചില വീഴ്ചകൾ പറ്റിയിട്ടുണ്ടാവും. അവർ പാപസുരക്ഷിതർ (മഅ്സ്വൂം) അല്ലല്ലോ. അവരും മറ്റു മനുഷ്യരെപ്പോലെയാണല്ലോ. തീരെ തെറ്റ് പറ്റാത്തവർ ആരുണ്ട്? ഒരാളുടെ ജീവിതത്തിൽ നന്മ മാത്രമേ സംഭവിച്ചു കൂടൂ എന്ന് വെക്കുന്നതിൽ അർഥമില്ല. അല്ലാഹുവിന്റെ അനുഗ്രഹം ലഭിച്ച സ്വഹാബിവര്യന്മാർക്കും തെറ്റ് പറ്റാം എന്ന് കരുതുന്നതാണ് ശരിയായ രീതി. അശ്രദ്ധയും മറവിയും മറ്റുള്ളവരെ പോലെ അവർക്കും സംഭവിക്കും; തെറ്റുകുറ്റങ്ങൾ വന്നുപോകുന്നതിൽനിന്ന് സുരക്ഷിതരല്ല[9] അവർ. അപ്പോൾ നാം ചെയ്യേണ്ടത് അവരുടെ നന്മകളും സദ്കൃത്യങ്ങളും എടുത്തോതുക; എന്തെങ്കിലും അപാകതകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പിന്നാലെ കൂടാതിരിക്കുക. അവർക്ക് സംഭവിച്ച തെറ്റുകളും, അവർ ദീനീ മാർഗത്തിൽ അർപ്പിച്ച സേവനങ്ങളും ത്യാഗങ്ങളും നാം തുലനം ചെയ്യുകയാണെങ്കിൽ ആ തെറ്റുകൾ മണൽക്കൂമ്പാരത്തിലെ ഒരു തരി മണൽ, അല്ലെങ്കിൽ മഹാനദിയിലെ ഒരിറ്റ് വെള്ളം മാത്രമായിരിക്കും.

ഇനി സ്വഹാബിമാർക്കിടയിൽ അനിഷ്ടകരമായി എന്തെങ്കിലും ഉണ്ടായതായി വിശ്വാസയോഗ്യമായ രീതിയിൽ തെളിഞ്ഞാൽ തന്നെ, അവരെക്കുറിച്ച് നല്ലത് വിചാരിക്കണമെന്നും സദ്വിചാരങ്ങൾ വെച്ചു പുലർത്താൻ ഏറ്റവും യോഗ്യർ അവരാണെന്നുമാണ് ഇബ്നു അബീ സൈദ് അൽ ഖൈറുവാനിയുടെ അഭിപ്രായം.[10] ഇബ്നു ദഖീഖ് അൽഈദ് പറയുന്നു: "സ്വഹാബി

മാർക്കിടയിലുണ്ടായി എന്ന് ഉദ്ധരിക്കപ്പെടുന്ന തർക്കങ്ങൾ, ഭിന്നാഭിപ്രായങ്ങൾ എന്നിവയിൽ തനി കള്ള പ്രസ്താവങ്ങളു ണ്ട്. അവയിലേക്ക് തിരിഞ്ഞു നോക്കേണ്ടതേ ഇല്ല. ചില തർക്ക ങ്ങൾ അവ സംഭവിച്ചിട്ടുണ്ടെന്നതിന് വ്യക്തമായ തെളിവുകൾ നമുക്ക് ലഭിച്ചിട്ടുണ്ടാവും. അവയെ നല്ല നിലയിൽ വ്യാഖ്യാനി ക്കാനാണ് നാം ശ്രമിക്കുക. കാരണം അല്ലാഹു സ്വഹാബികളെ നേരത്തെ പ്രശംസിച്ചിട്ടുണ്ടല്ലോ. പിന്നീട് അവരെക്കുറിച്ച് വന്ന വർത്തമാനങ്ങൾ പല വ്യാഖ്യാന സാധ്യതകളുമുള്ളതാണ്. അതിനാൽ സംശയാസ്പദവും തെറ്റിദ്ധാരണാജനകവുമായത്, സുസ്ഥിരവും അറിയപ്പെട്ടതുമായ ഒരടിസ്ഥാനത്തെ (സ്വഹാബ ത്തിന്റെ ജീവിതവിശുദ്ധി) ദുർബലപ്പെടുത്തുകയില്ല.[11]

അൽ ആമിദി പറഞ്ഞു: "പ്രവാചക ശിഷ്യന്മാരെക്കുറിച്ച് സദ്വിചാരമാണ് നമുക്കുണ്ടാകേണ്ടത്. അവർക്കിടയിൽ സംഭവി ച്ചതെന്തോ അക്കാര്യങ്ങളിൽനിന്ന് നാം വിട്ടുനിൽക്കുക. അവ രുടെ ചെയ്തികളെയും വാക്കുകളെയും സന്മനസ്സോടെയും നല്ല വിശ്വാസത്തോടെയും നോക്കിക്കാണുക. അവരുടെ സദുദ്ദേശ്യ ത്തോടെയുള്ള അന്വേഷണം (ഇജ്തിഹാദ്) ആയി അവയെ കരുതുക. ഖുർആനിലും തിരുസുന്നത്തിലും പ്രവാചകാനുയാ യികൾ ധാരാളമായി പ്രശംസിക്കപ്പെട്ടിട്ടുണ്ടെന്ന കാര്യം നാം മറ ക്കരുത്. അവർ വിശുദ്ധ ജീവിതം നയിച്ചവരാണെന്ന് ഇസ്ലാ മിക സമൂഹവും ഒറ്റക്കെട്ടായി അംഗീകരിക്കുന്നു. അവരിലേക്ക് ചേർത്തുപറയുന്ന മോശപ്പെട്ട പ്രവൃത്തികളും വാക്കുകളും കെട്ടിച്ചമച്ചവയാണെന്നും യാതൊരു അടിസ്ഥാനവുമില്ലാത്തവ യാണെന്നും മനസ്സിലാക്കണം. ..... ശരിയാണെന്ന് തെളിഞ്ഞ പ്രവൃത്തികളും വാക്കുകളുമാണെങ്കിൽ അവയെ നല്ല നിലയിൽ വ്യാഖ്യാനിക്കാൻ നാം ശ്രമിക്കുക. അല്ലെങ്കിൽ ആ വിഷയങ്ങ ളിൽ നിന്ന് വിട്ടുനിൽക്കുക. അവയുടെ വ്യാഖ്യാനമോ പൊരുളോ തനിക്ക് പിടികിട്ടിയിട്ടില്ലെന്ന് വെക്കുക. ഉയർന്ന മാനുഷികതയും ദൈവഭയവുമുള്ളവരെക്കുറിച്ച് അങ്ങനെ കരു തുകയാണ് അഭികാമ്യം. നാം അബദ്ധങ്ങളിൽ വീഴാതിരിക്കാൻ അതാണ് ശരിയായ വഴി. താൻ സംസാരിക്കേണ്ടതില്ലാത്ത കാര്യ

ത്തിൽ മൗനം പാലിക്കുകയെന്നതാണ് അതിൽ ഇടപെടുന്നതിനേക്കാൾ ഉത്തമം. ഊഹാപോഹങ്ങളും ദുരാരോപണങ്ങളും നിറഞ്ഞാടുകയാണ് ഈ മേഖയിൽ എന്ന് വരുമ്പോൾ പ്രത്യേകിച്ചും."[12]

നിർഭാഗ്യകരമെന്നു പറയട്ടെ, തൽപരകക്ഷികൾ മഹാന്മാർക്ക് സംഭവിച്ചുപോയ തെറ്റുകളെ പെരുപ്പിച്ച് കാട്ടുകയാണ്. എന്നല്ല ദുഷ്ടലാക്ക് വെച്ച് അവർ അതിന്റെ പിന്നാലെ കൂടുകയാണ്; അതു മാത്രമാണ് സത്യാസത്യങ്ങൾ വിവേചിച്ചറിയാനുള്ള ഏക മാനദണ്ഡം എന്ന മട്ടിൽ. ആർ ഇത്തരം കാര്യങ്ങൾ അറിഞ്ഞുവോ അവൻ മുഅ്മിൻ, അത് നിഷേധിച്ചവൻ കാഫിർ, മുനാഫിഖ്!!

സ്വഹാബികൾ തമ്മിലുണ്ടായെന്ന് പറയപ്പെടുന്ന പ്രശ്നങ്ങളെക്കുറിച്ച ആധികാരിക ചരിത്ര രേഖകളൊന്നും ഇല്ലെങ്കിൽ, പിന്നെ നാം അവലംബമായി എടുക്കേണ്ടത് പ്രവാചകശിഷ്യന്മാരെക്കുറിച്ച ഖുർആനിക പരാമർശങ്ങളാണ്. അതാണ് അടിസ്ഥാനം. ഖുർആനിലാണെങ്കിൽ അല്ലാഹു അവരെ പ്രശംസിക്കുകയാണല്ലോ ചെയ്തിട്ടുള്ളത്. പിൽക്കാലത്ത് മോശക്കാരാവാൻ സാധ്യതയുള്ള ഒരു വിഭാഗമായിരുന്നു അവരെങ്കിൽ, എന്നെന്നും നിലനിൽക്കുന്ന ഖുർആനിൽ അത്തരം പുകഴ്ത്തലുകളൊന്നും അല്ലാഹു നടത്തുമായിരുന്നില്ലല്ലോ. ചിലർക്ക് തെറ്റുകൾ സംഭവിച്ചു എന്നേ നാം കരുതേണ്ടതുള്ളൂ. എല്ലാ മനുഷ്യർക്കും സംഭവിക്കുന്നതുപോലെ.

സ്വഹാബത്തിനെ മഹാ അക്രമികളായി ചിത്രീകരിക്കുക, അവരിൽ കാപട്യം ആരോപിക്കുക, അവരെ അധികാര മോഹികളായി ചിത്രീകരിക്കുക- ഇതെല്ലാം അദൃശ്യവും ഭാവിയും അറിയുന്നവൻ എന്ന അല്ലാഹുവിന്റെ ഗുണവിശേഷത്തെ വെല്ലുവിളിക്കലാണ്. അല്ലാഹു അവരെ പ്രശംസിച്ചപ്പോൾ ഇതൊന്നും മുൻകൂട്ടി കണ്ടില്ല എന്നല്ലേ അതുകൊണ്ട് വന്നുചേരുക? അതിനാൽ ഓറിയന്റലിസ്റ്റുകൾ പ്രചാരം നൽകുന്ന വിവരങ്ങളും സ്ഥാപിത താൽപര്യക്കാർ അവരുടെ കാര്യസാധ്യത്തിനായി ചമച്ചുണ്ടാക്കിയ കഥകളും വിശ്വസിച്ച് നാം വഴികേടിൽ

പെട്ടുപോകരുത്. ഇവരുടെയൊക്കെ വിവരണം വായിച്ചാൽ സ്വഹാബികൾ, അധികാരക്കസേരക്ക് പിന്നാലെ പായുന്നവരിൽനിന്ന് ഒട്ടും വ്യത്യസ്തരല്ല എന്നാണ് തോന്നുക. ഒന്നുകൂടി ഓർമപ്പെടുത്തുന്നു, ചരിത്രം വായിക്കുമ്പോൾ നന്നായി കരുതണം. ചരിത്രത്തിൽ വിശ്വാസയോഗ്യമായി വന്ന വിവരണങ്ങളേ വിശ്വസിക്കൂ എന്ന് വെക്കണം. വൈരുധ്യങ്ങളെയും പരസ്പര പൊരുത്തമില്ലാത്ത വിവരണങ്ങളെയും ഒഴിവാക്കണം. ഇതു കാരണം ചരിത്രത്തിന്റെ 'വലുപ്പം' കുറഞ്ഞുപോയെങ്കിൽ കുറയട്ടെ. കള്ളാരോപണങ്ങളും കള്ളക്കഥകളും നിറഞ്ഞ ചരിത്രത്തേക്കാൾ എന്തുകൊണ്ടും മെച്ചം അതാണ്. ഇതുപോലെ ചിലരെ അമിതമായി വിശുദ്ധവത്കരിക്കുന്നതും പൊക്കിപ്പറയുന്നതും ചരിത്രരചനയുടെ സത്യസന്ധതക്ക് നിരക്കുന്നതല്ല. ഒന്നും കൂട്ടാതെയും കുറക്കാതെയും ഉള്ളത് ഉള്ള പോലെ പറയുക. 'മെലിഞ്ഞ' ഒരു ചരിത്രമാണ് നമുക്കതുവഴി കിട്ടുന്നതെങ്കിലും.

ചിലരുണ്ട്, അവർ തങ്ങളുടെ ചില താൽപര്യങ്ങൾക്കു വേണ്ടി ഒരു ചരിത്ര രചനാ രീതി തന്നെ പടച്ചുണ്ടാക്കിക്കളയും. *അബ്ദുല്ലാഹിബ്നു സബഅ്* എന്ന പുസ്തകത്തിൽ മുർതളാ അൽ അസ്കരി ചെയ്യുന്നത് അതാണ്. അബ്ദുല്ലാഹിബ്നു സബഅ് എന്നൊരാളേ ഇല്ല എന്നാണ് ഈ പുസ്തകത്തിൽ പറയുന്നത്. സർവാംഗീകൃത ചരിത്ര സത്യങ്ങളെ തള്ളിക്കളയലാണിത്. എന്നാൽ സ്വഹാബികളെക്കുറിച്ച എന്ത് അസംബന്ധങ്ങളും കള്ളക്കഥകളും ആര് എഴുന്നള്ളിച്ചാലും ഇത്തരക്കാർ അതൊക്കെ പുസ്തകങ്ങളിൽ എഴുതിച്ചേർക്കുകയും ചെയ്യും. സ്ഥാപിത താൽപര്യങ്ങൾ സംരക്ഷിക്കാൻ അങ്ങനെ വേണ്ടിവരുമല്ലോ. ഇവർ ഉണ്ടെന്ന് സ്വയം അവകാശപ്പെടുന്ന സൂക്ഷ്മതയൊക്കെ എവിടെപ്പോയി?

"നിനക്കറിയാത്തവയെ നീ പിൻപറ്റരുത്. കാതും കണ്ണും മനസ്സുമെല്ലാം ചോദ്യം ചെയ്യപ്പെടുന്നവ തന്നെ" (*അൽഇസ്റാഅ്* 36) എന്ന ഖുർആൻ സൂക്തത്തിന് ത്വബ്ത്വബാഇ നൽകിയ വിശദീകരണം ഇത്തരക്കാരുടെ ശ്രദ്ധയിൽ കൊണ്ടുവ

രികയാണ്.

"അറിവില്ലാത്ത കാര്യത്തെ പിൻപറ്റുന്നത് വിലക്കുകയാണ് ഈ സൂക്തം. വിശ്വാസത്തിലും പ്രവൃത്തിയിലുമുള്ള പിൻപറ്റലുകളെയെല്ലാം ഉൾക്കൊള്ളുന്ന പൊതു പ്രസ്താവമാണിത്. നമുക്കിങ്ങനെ പറയാം: നിനക്ക് അറിയാത്തത് നീ വിശ്വസിക്കരുത്, നിനക്ക് വിവരമില്ലാത്തത് നീ പറയരുത്, നിനക്കറിയാത്തത് നീ ചെയ്യരുത്. ഇതിലൊക്കെയും പിൻപറ്റൽ ഉണ്ട്. മനുഷ്യന്റെ ശുദ്ധ പ്രകൃതിയും ആവശ്യപ്പെടുന്നത്, ജ്ഞാനത്തെ പിൻപറ്റണമെന്നും അല്ലാത്തവയെ കൈയൊഴിയണമെന്നുമാണ്. സംശയാസ്പദവും ഊഹാധിഷ്ഠിതവുമായ വർത്തമാനങ്ങളും ചെയ്തികളും വിശ്വാസങ്ങളും ജ്ഞാനത്തിന്റെ പരിധിയിൽ പെടുകയില്ല." [13]

## കുറിപ്പുകൾ

1. ഖഹ്താനിയുടെ 'നൂനിയ്യ' കവിതകൾ കാണുക.

2. ഡോ. അലി സ്വലാബിയുടെ അലി ജീവചരിത്ര കൃതിയായ *അസ്മാൽ മത്വാലിബ് ഫീ സീറത്തി അലിയ്യിബ്നി അബീത്വാലിബ്* (പേജ് 144).

3. ഇബ്നു കസീറിന്റെ *അൽബിദായ വന്നിഹായ*, പേജ് 315,316

4. നബീൽ ഖർഖിയുടെ *കാമിലുന്നജ്ജാർ വജരീമതുൽ ഇർതിദാദ്* എന്ന കൃതി. പേജ് 48

5. ഇബ്നു ശുഅ്ബ അൽ ഹറാനിയുടെ *തുഹ്ഫുൽ ഉഖൂൽ അൻ ആലിർറസൂൽ*, പേജ് 308

6. ഇമാം ബുഖാരി തന്റെ *സ്വഹീഹിൽ* ഉദ്ധരിച്ചത്. നമ്പർ 2704

7. ഇബ്നുഹജർ *ഫത്ഹുൽ ബാരിയിൽ* ഉദ്ധരിച്ചത് 9/18. ഉദ്ധരണം: ഡോ. അലി സ്വലാബിയുടെ *അസ്നൽ മത്വാലിബ് ഫീ സീറത്തി അലി*, പേജ് 190

8. ഈ പുസ്തകത്തെക്കുറിച്ച് പിന്നീട് വരുന്നുണ്ട്.

9. ഇപ്പറഞ്ഞത് സ്വഹാബികൾ നീതിമാന്മാരാണ് എന്ന അടിസ്ഥാന വസ്തുതക്ക് എതിരാവുന്നില്ല. പാപസുരക്ഷിതത്വ(ഇസ്മത്ത്)വും നീതിബോധ(അദാലത്ത്)വും വെവ്വേറെ തന്നെ മനസ്സിലാക്കേണ്ടതുണ്ട്. സ്വഹാബികളിൽനിന്ന് യാതൊരു വിധ വീഴ്ചകളും തെറ്റുകളും സംഭവിക്കില്ല എന്നല്ല നീതിബോധം കൊണ്ടുള്ള വിവക്ഷ. ഇങ്ങനെ ഒരു പണ്ഡിതനും

പറഞ്ഞിട്ടുമില്ല. അത് പാപസുരക്ഷിതർക്ക് മാത്രമുള്ളതാണ്. അതിനാൽ ഇസ്മത്തും അദാലത്തും രണ്ടും രണ്ടാണ്. അദാലത്തുകൊണ്ട് വിവക്ഷ, സ്വഹാബികളുടെ ജീവിതവിശുദ്ധി ചുഴിഞ്ഞന്വേഷിക്കാതെ അവരുടെ രിവായത്തുകൾ സ്വീകരിക്കുക എന്നതാണ്. അവർ സംസ്കൃതരും ഉയർന്ന ജീവിതവിശുദ്ധി പുലർത്തുന്നവരുമാണെന്ന് ഖുർആൻ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്. വഹബിയുടെ *ഇഅ്തിഖാദു അഹ്ലിസ്സുന്ന ഫിസ്സ്വഹാബ്* (പേജ് 93), ഡോ. മുഹമ്മദ് അബുൽ ഖലീലിന്റെ *അൽ മൻഹജുഫിത്തആമുലി മഅ രിവായത്തി മാശജറ ബൈനസ്സ്വഹാബ്* (പേജ് 49) എന്നീ കൃതികൾ കാണുക.

10. സ്വാലിഹ് ഉബയ്യ് അൽ അസ്ഹരിയുടെ വ്യാഖ്യാനത്തോടെ പ്രസിദ്ധീകരിക്കപ്പെട്ട *മുഖദ്ദിമതു രിസാലതി അബീ സൈദിൽ ഖൈറുവാനി* (പേജ് 23).

11. അബ്ദുൽ അസീസ് അൽ അജലാത്തിന്റെ *അസ്ഹാബു റസൂലില്ലാഹി വ മദാഹിബുന്നാസി ഫീഹിം* (പേജ് 360) എന്ന കൃതി കാണുക.

12. *ഗായതുൽ മറാം*, പേജ് 1/390

# നബികുടുംബത്തെക്കുറിച്ച തെറ്റിദ്ധാരണകൾ

•

# അധ്യായം മൂന്ന്

**നബികുടുംബത്തിന്റെ** ചരിത്രം പഠിക്കുമ്പോൾ ആറ് കാര്യങ്ങൾ വായനക്കാരൻ അറിഞ്ഞുവെക്കണം.

ഒന്ന്: നബികുടുംബത്തിന് നൽകപ്പെട്ട ഉയർന്ന സ്ഥാനം ശത്രുക്കൾക്ക് മുസ്‌ലിംകൾക്കിടയിലേക്ക് നുഴഞ്ഞു കയറൽ എളുപ്പമാക്കിയിരിക്കുന്നു. നബികുടുംബത്തോടുള്ള സ്നേഹവും കൂറും പ്രകടിപ്പിക്കാനെന്ന വ്യാജേന, ആ കുടുംബത്തിന്റെ ശ്രേഷ്ഠതകളെക്കുറിച്ച് അവർ പലതരം കള്ളങ്ങളും കെട്ടിയുണ്ടാക്കും. നബികുടുംബത്തിന്റെ ശ്രേഷ്ഠതകൾ എങ്ങും സ്വീകാര്യമായ ഒന്നായതിനാൽ, അവരെക്കുറിച്ച് എന്തൊക്കെ പറഞ്ഞാലും യാതൊരു അന്വേഷണമോ നിരൂപണമോ നടത്താതെ ജനം അതൊക്കെ ശരിയെന്ന് വിശ്വസിച്ചുകളയും. നബികുടുംബത്തിലെ ഇമാമുമാർ തന്നെ ഇക്കാര്യം സമ്മതിച്ചിട്ടുണ്ട്. അപ്പോൾ പറയപ്പെടുന്ന ശ്രേഷ്ഠതകളും ഗുണഗണങ്ങളും ഉള്ളത് തന്നെയോ എന്ന് നാം അന്വേഷിക്കേണ്ടിവരും.

നബികുടുംബത്തിലെ പ്രശസ്തനായ ഇമാം ജഅ്ഫർ സ്വാദിഖ് പറഞ്ഞു: "ഞങ്ങളെക്കുറിച്ച് കള്ളം പറയാൻ ജനത്തിന് വലിയ താൽപര്യമാണ്."[1] അദ്ദേഹം തുടരുന്നു: "ഞങ്ങൾ അഹ്‌ലുബൈത്തുകാർ സത്യസന്ധരാണ്. പക്ഷേ, ചിലർ ഞങ്ങളുടെ പേരിൽ കള്ളങ്ങൾ പറഞ്ഞുണ്ടാക്കുന്നു. ആ കള്ളം പറച്ചിൽകൊണ്ട് ജനങ്ങളുടെയടുത്ത് ഞങ്ങളുടെ സത്യസന്ധത

നഷ്ടപ്പെടുന്നു."[2]

ശരീഖുബ്നു അബ്ദില്ല ഒരു സംഭവം പറയുന്നുണ്ട്: "ജഅ്ഫർ പറഞ്ഞു എന്ന ആമുഖത്തോടെ ജനം പലതരം കള വുകൾ പറഞ്ഞു പരത്താൻ തുടങ്ങി. അങ്ങനെ ജഅ്ഫറുബ്നു മുഹമ്മദ് എന്നയാൾ ദുർബലനും വിശ്വസിക്കാൻ കൊള്ളാത്തവ നുമാണെന്ന ധാരണ പരന്നു. യഥാർഥത്തിൽ ഈ ജഅ്ഫർ സത്യസന്ധനും വിശ്വസ്തനും സൽക്കർമിയുമായ ഒരു മനുഷ്യ നാണ്. സംഭവിക്കുന്നത് ഇതാണ്: ജനം അദ്ദേഹത്തിന്റെ അടുത്തു പോകുന്നു. തിരിച്ചുവരുമ്പോൾ ജഅ്ഫർ പറഞ്ഞു എന്ന ആമുഖത്തോടെ പലതരം കള്ള വർത്തമാനങ്ങൾ അദ്ദേ ഹത്തിലേക്ക് ചേർത്ത് പറയും. കള്ളം പ്രചരിപ്പിക്കുന്നവർക്ക് സാമ്പത്തികവും മറ്റുമായ താല്പര്യങ്ങളുണ്ടാവും."[3]

രണ്ട്: പ്രവാചക കുടുംബത്തിന്റെ ശ്രേഷ്ഠതകളെക്കുറിച്ച് എത്രമാത്രം കെട്ടിച്ചമച്ച ഹദീസുകളും കഥകളുമുണ്ടോ, അത്രയോ അതിലധികമോ പ്രവാചക ശിഷ്യന്മാരെക്കുറിച്ചും ഇത്തരം വ്യാജങ്ങൾ പ്രചരിച്ചിട്ടുണ്ട്. സ്വഹാബികളുടെ ശ്രേഷ്ഠ തയെക്കുറിച്ച് വന്ന പ്രബല ഹദീസുകളേക്കാൾ എത്രയോ ഇരട്ടി വരും ഈ വ്യാജ ഹദീസുകൾ. ശ്രേഷ്ഠതകളെക്കുറിച്ചാ ണല്ലോ എന്ന് കരുതി ഇത്തരം വിവരണങ്ങൾ അവയുടെ നിവേ ദക പരമ്പരയെക്കുറിച്ച് അന്വേഷിക്കാതെ സ്വീകരിക്കരുത്.

മൂന്ന്: നബികുടുംബാംഗങ്ങളുടെ ശ്രേഷ്ഠതയെക്കുറിച്ച് വന്ന പരാമർശം, ആ ഗുണങ്ങൾ അവരിൽ മാത്രം പരിമിതമാ ണെന്ന് അർഥമാക്കുന്നില്ല. 'ഒരാളുടെ ശ്രേഷ്ഠത എടുത്തു പറഞ്ഞു എന്ന് കരുതി ആ ശ്രേഷ്ഠത ആ വ്യക്തിയിലേ ഉള്ളൂ എന്ന് വരുന്നില്ല'[4] എന്നാണ് പ്രമാണം. അലി(റ)യെക്കുറിച്ച്– അദ്ദേഹം നബികുടുംബത്തിലെ അംഗമാണ് – നബി(സ) പറഞ്ഞ "ഞാനീ പതാക ഒരാൾക്ക് കൊടുക്കും. അദ്ദേഹത്തിന്റെ കൈയാൽ അല്ലാഹു വിജയം നൽകും. അദ്ദേഹം അല്ലാഹുവി നെയും പ്രവാചകനെയും സ്നേഹിക്കുന്നു; അല്ലാഹുവും പ്രവാ ചകനും അദ്ദേഹത്തെയും സ്നേഹിക്കുന്നു"[5] എന്ന വാക്യ ങ്ങൾക്ക്, ഇതിൽ പറഞ്ഞ ഗുണങ്ങൾ അലി(റ)യല്ലാത്ത മറ്റു

നബികുടുംബാംഗങ്ങൾക്ക് ഇല്ല എന്ന അർഥമുണ്ടോ? ഹസ നെയും ഹുസൈനെയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല എന്ന് അതിന് അർഥം വെക്കാമോ? സ്വാഭാവികമായും ഇല്ല എന്നായി രിക്കും ഉത്തരം. സ്വർഗത്തിലെ യുവസമൂഹത്തിന്റെ നേതാക്കളാ ണല്ലോ ഹസനും ഹുസൈനും. അവരെ അല്ലാഹു ഇഷ്ടപ്പെടു മെന്ന് തീർച്ച. അപ്പോൾ, പ്രസ്തുത നബിവചനങ്ങളിൽ അലി(റ)യെ പരാമർശിച്ചത് അദ്ദേഹത്തിന്റെ മഹത്ത്വം എടുത്തുകാ ട്ടാൻ വേണ്ടി മാത്രമാണെന്ന് വരുന്നു.

ഈ രണ്ട് ഖുർആനിക സൂക്തങ്ങൾ ശ്രദ്ധിക്കുക: "നബികു ടുംബമേ, നിങ്ങളിൽനിന്ന് മാലിന്യം നീക്കിക്കളയാനും നിങ്ങളെ പൂർണമായും ശുദ്ധീകരിക്കാനുമാണ് അല്ലാഹു ഉദ്ദേശിക്കു ന്നത്" (*അൽ അഹ്സാബ്* 33).

"നിങ്ങളെ പ്രയാസപ്പെടുത്താൻ അല്ലാഹു ഉദ്ദേശിക്കുന്നില്ല. എന്നാൽ നിങ്ങളെ ശുദ്ധീകരിക്കാനും നിങ്ങൾക്ക് അവന്റെ അനുഗ്രഹം പൂർത്തീകരിച്ച് തരാനും അവനുദ്ദേശിക്കുന്നു" (*അൽമാഇദ* 6).

ഈ രണ്ട് സൂക്തങ്ങളും ചേർത്തുവായിച്ചാൽ, അല്ലാഹു എല്ലാ സത്യവിശ്വാസികളുടെയും ഹൃദയങ്ങളെ ശുദ്ധീകരിക്കു മെന്ന് വ്യക്തമാകും. നബി കുടുംബത്തെ ഇവിടെ പ്രത്യേകം എടുത്തു പറഞ്ഞത് അവരുടെ ശ്രേഷ്ഠത കാരണമാണ്. നബി കുടുംബത്തിലെ ചിലർ ചില സവിശേഷ ഗുണങ്ങളാൽ അനു ഗൃഹീതരാണ്. അവ ആ അളവിൽ മറ്റാരിലും കാണപ്പെടുന്നില്ല. ഇതുപോലെ, സ്വഹാബികളിൽ പലർക്കുമുണ്ട് അനന്യാദൃശമായ ഗുണവിശേഷങ്ങൾ. ആ ഗുണങ്ങളിൽ മറ്റാരും പങ്കുചേരുന്നുമി ല്ല. 'കസാഅ്' എന്ന പേരിൽ പ്രസിദ്ധമായ ആ നബിവചന ത്തിലെ ഉള്ളടക്കവും ഇതുപോലെ കാണണം. നബികുടുംബ ത്തിലെ അലി, ഫാത്വിമ, ഹസൻ, ഹുസൈൻ(റ) എന്നിവരുടെ ഗുണവിശേഷങ്ങളാണ് അതിൽ സൂചിപ്പിക്കുന്നത്. ഇവർ പ്രവാ ചകന്റെ വളരെ അടുത്ത സ്വന്തക്കാർ തന്നെ. എന്നാലവർ പ്രവാ ചകനോടൊപ്പം അദ്ദേഹത്തിന്റെ വീട്ടിൽ ആയിരുന്നില്ല താമസി ച്ചിരുന്നത്. ഈ നബിവചനത്തിൽനിന്ന് അലി, ഫാത്വിമ, ഹസൻ

ഹുസൈന്മാരിൽ പരിമിതമാണ് നബി കുടുംബം എന്ന് വരുന്നില്ല. ചിലരെ അകത്തും ചിലരെ പുറത്തും ആക്കുന്നതിന് യാതൊരു ന്യായീകരണവുമില്ല. വിശ്വാസികളുടെ മാതാക്കളായ നബിപത്നിമാർ എങ്ങനെയാണ് അഹ്‌ലുൽ ബൈത്തിൽനിന്ന് പുറത്തായിപ്പോവുക? അല്ലാഹുവിന്റെ കാരുണ്യം എല്ലാവരെയും ചൂഴ്ന്നു നിൽക്കുന്നതാണ്. ഒരാളെ പുറത്താക്കി മറ്റൊരാളെ അകത്താക്കുന്ന സങ്കുചിതത്വം അവിടെ കാണുകയില്ല. പത്ത് സഹോദരന്മാർ ഉള്ള ഒരാൾ പറയുകയാണ്: 'ഉമറും അലിയും ഖാലിദും എന്റെ സഹോദരന്മാരാണ്.' ഇതിനർഥം ബാക്കി ഏഴു പേർ അദ്ദേഹത്തിന്റെ സഹോദരന്മാരല്ല എന്നാണോ? ചിലരെ പേരെടുത്തു പറയുന്ന രീതി അറബിഭാഷയിൽ വ്യാപകമാണ്; ഖുർആനിലും അതുണ്ട്. ഉദാഹരണത്തിന്: "ആകാശ ഭൂമികളുടെ സൃഷ്ടി നടന്ന നാൾ തൊട്ട് അല്ലാഹുവിന്റെ അടുക്കൽ ദൈവിക പ്രമാണമനുസരിച്ച് മാസങ്ങളുടെ എണ്ണം പന്ത്രണ്ടാണ്. അവയിൽ നാലെണ്ണം യുദ്ധം വിലക്കപ്പെട്ടവയാണ്. ഇതാണ് ചൊവ്വായ ദീൻ" (*അത്തൗബ* 36). ശരിയായ ദീനിൽപെട്ട ഒരു സംഗതിയാണിത് എന്നേ ഇവിടെ അർഥമുള്ളൂ. മാസങ്ങൾ നിജപ്പെടുത്തുക എന്നതിലും അതിൽ നാലെണ്ണം യുദ്ധം വിലക്കപ്പെട്ടതാവുക എന്നതിലും പരിമിതമല്ലല്ലോ ശരിയായ ദീൻ. അതുപോലെ നേരത്തേ പരാമർശിച്ച നബിവചനത്തിൽ (കസാഅ്) 'ഇവർ എന്റെ കുടുംബക്കാരാകുന്നു' എന്ന് പറയുന്നുണ്ട്. എന്റെ കുടുംബക്കാരിൽ പെട്ടവരാണ് എന്നേ അർഥമുള്ളൂ. ഈ ഹദീസ് പ്രകാരം, നാല് പേരൊഴികെ മറ്റുള്ളവരെ നബികുടുംബത്തിൽ നിന്ന് മാറ്റിനിർത്തുകയാണെങ്കിൽ അലിയ്യുബ്നുൽ ഹുസൈൻ, മുഹമ്മദുൽ ബാഖിർ, ജഅ്ഫർ സ്വാദിഖ് തുടങ്ങിയ പ്രമുഖരൊക്കെ എങ്ങനെ നബികുടുംബാംഗങ്ങളായി? നബി ഈ വചനം പറയുമ്പോൾ ഈയാളുകളൊന്നും ജനിച്ചിട്ടേ ഉണ്ടായിരുന്നില്ലല്ലോ.[6]

നാല്: ശ്രേഷ്ഠതക്ക് വെറും കുടുംബബന്ധം മാത്രം മതിയാവുകയില്ല. കുടുംബശ്രേഷ്ഠത, നബി(സ)യുമായുള്ള അടുപ്പം, അടിയുറച്ച ഈമാൻ തുടങ്ങിയ കാരണങ്ങളാൽ നബികുടുംബ

ത്തിലെ ഓരോ അംഗത്തെയും നാം ഇഷ്ടപ്പെട്ടിരിക്കണമെന്ന തോടൊപ്പം തന്നെ, ആ വ്യക്തിയിൽ വരുന്ന വീഴ്ചകൾ നാം ചൂണ്ടിക്കാട്ടുകയും ചെയ്യും. ഇക്കാര്യത്തിൽ അവരും ഇസ്ലാമിക സമൂഹത്തിലെ മറ്റു വ്യക്തികളും തമ്മിൽ വ്യത്യാസമില്ല. “ആരുടെ കർമങ്ങൾ പതുക്കെയായോ, അവനെ വംശബന്ധം വേഗത്തിലാക്കുകയില്ല”[7] എന്ന തത്ത്വം തന്നെയാണ് ഇവിടെയും.

അഞ്ച്: നബികുടുംബത്തെ അലി, ഫാത്വിമ, ഹസൻ, ഹുസൈൻ എന്നിവരിലേക്കും ഹുസൈന്റെ ഒമ്പത് മക്കളിലേക്കും ചുരുക്കുന്നത് ഒരു കാരണവശാലും ശരിയാവുകയില്ല. ഈ പരിമിതപ്പെടുത്തൽ യാഥാർഥ്യത്തിന് വിരുദ്ധമാണ്.

നബികുടുംബത്തിലുള്ള നിരവധി പേർക്ക് ആ വിശുദ്ധിയും പവിത്രതയും നിഷേധിക്കുന്നതിന് തുല്യമാണിത്. മേൽ പറയപ്പെട്ടവരിലേക്ക് മാത്രമായി നബിയുടെ കുടുംബത്തെ ചുരുക്കുകയുമാണിത്. അപ്പോൾ സ്വാഭാവികമായും നാം ചോദിച്ചുപോകും:

– നബി(സ)യുടെ പിതൃസഹോദരന്മാരൊക്കെ എവിടെ?

– അബ്ദുൽ മുത്ത്വലിബിന്റെ മക്കളിലൊരാളല്ലേ ഹംസ(റ)യും?

– ഹംസ(റ)യെക്കുറിച്ച് ഒരുപാട് ശ്രേഷ്ഠതകൾ പറയപ്പെട്ടിട്ടില്ലേ? അദ്ദേഹം ‘അല്ലാഹുവിന്റെ സിംഹ’വും ’പ്രവാചകന്റെ സിംഹ’വും ആയിരുന്നില്ലേ? ബദ്റിലെ പടയാളിയും ഉഹുദിലെ രക്തസാക്ഷിയുമായിരുന്നില്ലേ? അദ്ദേഹം രക്തസാക്ഷിയായ വിവരമറിഞ്ഞപ്പോൾ, മുമ്പെങ്ങുമില്ലാത്ത വിധം പ്രവാചകൻ ദുഃഖാകുലനായി കാണപ്പെട്ടിരുന്നില്ലേ?

– ഹംസ(റ)യെക്കുറിച്ചല്ലേ നബി(സ) പറഞ്ഞത്: “അന്ത്യനാളിൽ രക്തസാക്ഷികളുടെ നേതാവ് ഹംസയായിരിക്കും.”[8]

– അബ്ദുൽ മുത്ത്വലിബിന്റെ മകൻ തന്നെയല്ലേ അബ്ബാസ് (റ)? അദ്ദേഹം മക്കാ വിജയത്തിന് സാക്ഷിയാവുകയും ഹുനൈൻ യുദ്ധത്തിൽ പതറാതെ പൊരുതുകയും ചെയ്തില്ലേ?

– അബ്ബാസി(റ)നെക്കുറിച്ച് ഇങ്ങനെ വന്നിട്ടുണ്ടല്ലോ:

“ഞാൻ അബ്ബാസിൽനിന്നാണ്. അബ്ബാസ് എന്നിൽ നിന്നാണ്.” [9]

– നബി(സ) വീണ്ടും പറഞ്ഞു: “ജനങ്ങളേ, ആരെങ്കിലും എന്റെ പിതൃസഹോദരനെ ഉപദ്രവിച്ചാൽ അവൻ എന്നെ ഉപദ്ര വിച്ചു. ഒരാളുടെ പിതാവും പിതൃസഹോദരനും ഒരേ ഞെട്ടിലു ള്ളവരാണല്ലോ.”[10]

– പിതൃസഹോദരന്മാരുടെ മക്കൾ എവിടെപ്പോയി?

– അബൂത്വാലിബിന്റെ മകൻ ജഅ്ഫർ അത്ത്വയ്യാർ എണ്ണ മറ്റ സദ്ഗുണങ്ങളുടെ ഉടമയായിരുന്നില്ലേ?

– “എന്റെ ശരീരപ്രകൃതിയോടും സ്വഭാവ ഗുണങ്ങളോടും നിനക്ക് സാദൃശ്യമുണ്ട്” എന്ന് നബി(സ) ജഅ്ഫറിനെക്കുറി ച്ചല്ലേ പറഞ്ഞത്.[11]

– ഇസ്‌ലാം സ്വീകരിച്ച ആദ്യത്തെയാളുകളിൽ ഒരാളല്ലേ ജഅ്ഫർ?

– എത്യോപ്യയിലേക്ക് ഹിജ്റ പോയിരുന്നല്ലോ ജഅ്ഫർ. നബി(സ) മക്കയിലേക്ക് ഹിജ്റ പോയപ്പോഴും ജഅ്ഫർ എത്യോപ്യയിൽ തന്നെ തുടർന്നു. ഖൈബർ യുദ്ധ വിജയ സ ന്ദർഭത്തിലാണ് പിന്നെ ജഅ്ഫർ മദീനയിലെത്തുന്നത്. ജഅ്ഫറിനെ കണ്ട ആഹ്ലാദത്തിൽ നബി അദ്ദേഹത്തെ ആലിം ഗനം ചെയ്യുകയും കണ്ണുകൾക്കിടയിൽ ചുംബിക്കുകയും ചെയ്തു. എന്നിട്ട് പറഞ്ഞു: “എനിക്കറിയില്ല എനിക്കേതാണ് ഏറ്റവും ആഹ്ലാദം പകരുതെന്ന്: ഖൈബർ വിജയമാണോ, അതോ ജഅ്ഫറിന്റെ വരവാണോ?” [12]

– മുഅ്തയിലേക്ക് സൈദുബ്നു ഹാരിസയോടൊപ്പം ഉപ നായകനായി നബി(സ) ജഅ്ഫറിനെ അയച്ചു. അല്ലാഹുവിന്റെ മാർഗത്തിൽ ഒട്ടുവളരെ പരീക്ഷണങ്ങൾക്കു ശേഷം മുഅ്ത യുദ്ധവേളയിൽ ജഅ്ഫറിന്റെ രണ്ട് കൈകളും മുറിച്ചു മാറ്റപ്പെട്ടു. പിന്നീട് രക്തസാക്ഷിയായി. മുറിച്ചു മാറ്റപ്പെട്ട കൈകൾക്ക് പകര മായി അല്ലാഹു ജഅ്ഫറിന് സ്വർഗത്തിൽ രണ്ട് ചിറകുകൾ നൽകിയെന്ന് സത്യവിശുദ്ധനായ റസൂൽ തിരുമേനി(സ) തന്നെ യല്ലേ നമ്മെ അറിയിച്ചത്. അതുകൊണ്ടുതന്നെയല്ലേ ‘പാറിപ്പറ

ക്കുന്നവൻ' (ത്വയ്യാർ) എന്ന് അദ്ദേഹത്തിന് വിളിപ്പേരുണ്ടായത്. നബി(സ) പറഞ്ഞു: "ഇന്നലെ ഞാൻ സ്വർഗത്തിൽ പ്രവേശിച്ചു. അപ്പോഴതാ ജഅ്ഫർ മലക്കുകളോടൊപ്പം പാറിപ്പറക്കുന്നു."[13]

ജഅ്ഫറി(റ)ന്റെ ശ്രേഷ്ഠതകളിൽ ചിലത് ഇവിടെ സൂചിപ്പിച്ചുവെന്ന് മാത്രം.

– ഇനി അബ്ബാസി(റ)ന്റെ മകൻ അബ്ദുല്ലയുടെ മഹത്ത്വങ്ങൾ.

ഖുർആന്റെ വ്യാഖ്യാതാവും (തർജുമാനുൽ ഖുർആൻ) സമൂഹത്തിന്റെ ജ്ഞാനി(ഹബ്റുൽ ഉമ്മഃ)യുമല്ലേ അദ്ദേഹം? അറിവിന്റെ കാര്യത്തിൽ പാരാവാരത്തോടാണ് അദ്ദേഹം ഉപമിക്കപ്പെട്ടിരിക്കുന്നത്. ദീൻ ഗ്രഹിക്കാനും വ്യാഖ്യാനിക്കാനും അബ്ദുല്ലക്ക് കഴിവുണ്ടാകട്ടെ എന്ന് പ്രവാചകൻ പ്രാർഥിച്ചിരുന്നില്ലേ.[14]

– അലി(റ)യോടൊപ്പം ജമൽ, സ്വിഫ്ഫീൻ യുദ്ധങ്ങളിൽ അബ്ദുല്ല ഉണ്ടായിരുന്നില്ലേ? അദ്ദേഹത്തിന്റെ ശ്രേഷ്ഠത മുതിർന്ന സ്വഹാബികളും പിൻമുറക്കാരും അംഗീകരിച്ചതല്ലേ?

– അലി(റ)ക്കും ഒരു വലിയ സന്താന പരമ്പരയില്ലേ?

– ഹുസൈന്റെ(റ) ബാക്കി മക്കളും അവരുടെ മക്കളും എവിടെപ്പോയി? ഹുസൈന്റെ പേരക്കുട്ടി കൂഫയിലെ രക്തസാക്ഷി സൈദുബ്നു അലിയ്യിബ്നു ഹുസൈനും പിന്നെയുള്ള സന്താനപരമ്പരകളും എവിടെ?

– ഹസന്റെ സന്താനങ്ങൾ എവിടെ?

–ഇവരൊന്നും നബി കുടുംബത്തിൽ പെടില്ലെന്നാണോ പറയുന്നത്?

– ഇവർ പെടില്ല എന്നാണെങ്കിൽ, അവരെ പുറത്താക്കിയത് ആരാണ്?

– ഈ നീചവൃത്തി ചെയ്യാൻ എന്ത് തെളിവാണ് അവരുടെ പക്കലുള്ളത്? ഇതിന്റെ പിന്നിൽ വല്ല ഗൂഢാലോചനയുമുണ്ടോ?[15]

ഈ വിഷയം വിശദമായി ചർച്ച ചെയ്യുക ഇവിടെ ഉദ്ദേശ്യമ

ല്ല. നബികുടുംബത്തിന്റെ ചരിത്രം ചിലർ ചിത്രീകരിക്കുന്നതിനേക്കാൾ എത്രയോ വിശാലവും മഹത്തരവുമാണെന്ന് വ്യക്തമാക്കാൻ ചില സൂചനകൾ നൽകിയെന്നു മാത്രം.

അപ്പോൾ നബികുടുംബത്തിൽ ധാരാളം അംഗങ്ങളുണ്ട്. അവർക്ക് ദാനധർമങ്ങൾ (സ്വദഖ) സ്വീകരിക്കാൻ പാടില്ല. സ്വദഖ സ്വീകരിക്കാൻ പാടില്ലാത്തവർ ഹാശിം കുടുംബവും നബി പത്നിമാരുമാണല്ലോ. അപ്പോൾ നബി പത്നിമാരും നബി കുടുംബം തന്നെ. പക്ഷേ അവർ വംശപരമായി ഈ കുടുംബത്തിൽ പെടുന്നില്ല. വിവാഹം വഴി പിന്നീട് ആയിത്തീർന്നതാണ്. ഇത് സ്ഥിരീകരിക്കുന്ന ധാരാളം വിശ്വാസയോഗ്യമായ രേഖകളുണ്ട്.

ഹുസൈനുബ്നു അഖബയുടെ ചോദ്യത്തിന് സൈദുബ്നു അർഖം നൽകിയ മറുപടിയിൽ ഇങ്ങനെ പറയുന്നു: "പ്രവാചക പത്നിമാർ അവിടത്തെ കുടുംബത്തിൽപ്പെടുന്നു. പ്രവാചകന്റെ കുടുംബക്കാർക്കെല്ലാം സ്വദഖ നിഷിദ്ധമാവും: ഹുസൈൻ ചോദിച്ചു: 'അവർ ആരൊക്കെയാണ്, സൈദ്?' ഹുസൈൻ: 'അലി കുടുംബം, ജഅ്ഫർ കുടുംബം, ഉഖൈൽ കുടുംബം, അബ്ബാസ് കുടുംബം.'[16]

ആറ്: ചില സംശയാസ്പദമായ കൃതികൾ പരിശോധിച്ചാൽ അവയുടെ താളുകളിലുടനീളം, നബി കുടുംബാംഗങ്ങൾ പ്രവാചകന്റെ മരണശേഷം ഖുലഫാഉറാശിദുകളുടെ കാലത്തും അമവി-അബ്ബാസി കാലങ്ങളിലും അതിക്രമങ്ങൾക്ക് വിധേയരാവുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തുവെന്ന് രേഖപ്പെടുത്തിയത് കാണാം. നബികുടുംബത്തിലെ ഓരോ നേതാവും തടവിലടക്കപ്പെടുകയോ നാടുകടത്തപ്പെടുകയോ വിഷം നൽകപ്പെടുകയോ വധിക്കപ്പെടുകയോ ഒക്കെ ചെയ്തതായി ആ കൃതികളിൽ വിവരിക്കുന്നു. ഈ വാദങ്ങൾക്ക് രണ്ട് രീതിയിൽ മറുപടി പറയാം.

1. നബികുടുംബത്തിന് ശ്രേഷ്ഠതയുണ്ടെന്നതും അത് അറിയണമെന്നതും ആ ബഹുമാനാദരവുകൾ അവരോട് കാണിക്കണമെന്നതും അഹ്ലുസ്സുന്നത്തിന്റെ അടിസ്ഥാനങ്ങളിൽപ്പെട്ടതാ

ണ്. അക്കാര്യത്തിൽ ആർക്കും തർക്കമില്ല. പ്രവാചകന്റെ വസിയ്യത്ത് ഇങ്ങനെയായിരുന്നല്ലോ: "എന്റെ കുടുംബക്കാരുടെ കാര്യം അല്ലാഹുവിന്റെ പേരിൽ ഞാൻ നിങ്ങളെ ഓർമപ്പെടുത്തുന്നു" (ഇത് നബി രണ്ട് തവണ ആവർത്തിച്ചു).[17] നബികുടുംബത്തെക്കുറിച്ച് അഹ്‌ലുസ്സുന്നത്തിന്റെ വിശ്വാസപ്രമാണങ്ങൾ അവർ ക്രോഡീകരിച്ച ഹദീസ് ഗ്രന്ഥങ്ങളിലും അഖീദ-ഫിഖ്ഹ് പുസ്തകങ്ങളിലും ചരിത്ര കൃതികളിലുമെല്ലാം നമുക്ക് കാണാൻ കഴിയും. നബികുടുംബത്തിന്റെ ശ്രേഷ്ഠത വിവരിക്കുന്ന ഹദീസുകൾ പ്രത്യേക അധ്യായങ്ങളിലായിത്തന്നെ ഹദീസ് കൃതികളിൽ ചേർത്തത് കാണാം. വിശ്വാസ കാര്യങ്ങൾ വിവരിക്കുന്ന കൃതികളിൽ ഈ വിഷയം പരാമർശിക്കുന്നു. സ്വദഖ പോലുള്ളവ നബികുടുംബത്തിന് നിഷിദ്ധമാണ് എന്ന പരാമർശത്തിന്റെയും മറ്റും നിയമവിധികളാണ് ഫിഖ്ഹ് ഗ്രന്ഥങ്ങളിൽ കാണുക. നബികുടുംബാംഗങ്ങളുടെ വിശദമായ ജീവചരിത്ര കുറിപ്പുകളാണ് അഹ്‌ലുസ്സുന്ന ആശയക്കാരുടെ ചരിത്ര കൃതികളിലുള്ളത്.

ഇതാണ് അഹ്‌ലുസ്സുന്നയുടെ അടിസ്ഥാനമെങ്കിൽ, അതിന് വിരുദ്ധമായ ഒരു നിലപാട് സ്വീകരിക്കണമെങ്കിൽ വളരെ വ്യക്തമായ തെളിവ് വേണം. ചരിത്രം സൂക്ഷ്മമായി വായിച്ചാൽ തന്നെ, അഹ്‌ലുസ്സുന്നയെക്കുറിച്ചും അവരിലെ ഭരണാധികാരികളെക്കുറിച്ചും ചിലർ ഉന്നയിക്കുന്ന ആരോപണങ്ങൾ വ്യാജമാണെന്ന് വ്യക്തമാവുന്നതാണ്. ഭരണാധികാരത്തെച്ചൊല്ലി തർക്കങ്ങൾ ഉണ്ടായിരുന്നുവെന്നത് ശരിയാണ്. ഇമാം സൈദ് നടത്തിയ വിപ്ലവത്തിലും മറ്റും അങ്ങനെയൊരു വശമാണുള്ളത്. അതിനെ നബികുടുംബത്തോടുള്ള വിദ്വേഷമായി ചിത്രീകരിക്കുകയാണ്. അതുകൊണ്ടാണല്ലോ ഇമാം ഇബ്നു തൈമിയ്യ പറഞ്ഞത്: "ഹുസൈനെ വധിച്ചവർക്കും വധിക്കാൻ സഹായിച്ചവർക്കും അല്ലാഹുവിന്റെ, മലക്കുകളുടെ, മുഴുവൻ മനുഷ്യരുടെ ശാപമുണ്ടാകട്ടെ."[18]

അതിനാൽ ഇത്തരം കള്ളവർത്തമാനങ്ങൾ സ്വീകരിച്ച് ഇസ്‌ലാമിക ചരിത്രത്തെ വികൃതമാക്കാൻ നാം അനുവദിക്കരു

ത്. അസ്ഫഹാനി തന്റെ *മുഖാതിലുത്ത്വാലിബീൻ* എന്ന കൃതിയിൽ ഇതാണ് ചെയ്യുന്നത്. അസ്ഫഹാനിയുടെ കൃതികൾ അവലംബിക്കുമ്പോൾ സൂക്ഷിക്കണം. മേൽപറഞ്ഞ പുസ്തകത്തിൽ ചരിത്രമെന്ന പേരിൽ ഒരുപാട് കെട്ടുകഥകൾ നിരത്തിയിരിക്കുകയാണ്. അഹ്‌ലുസ്സുന്നയെ അപകീർത്തിപ്പെടുത്തുന്ന ഒട്ടുവളരെ പരാമർശങ്ങളുണ്ടതിൽ. അതൊക്കെ ചരിത്ര സത്യമാണെന്ന് ഒരാൾക്കും തെളിയിക്കാൻ കഴിഞ്ഞിട്ടുമില്ല.

ചരിത്രം പരിശോധിച്ചാൽ ഖലീഫമാർ നബികുടുംബത്തെ ആദരിക്കാൻ പ്രത്യേകം താൽപര്യം കാണിച്ചിരുന്നു എന്ന് ബോധ്യമാകും. അബൂബക്കർ സ്വിദ്ദീഖ് പറഞ്ഞു: "മുഹമ്മദിന്റെ കുടുംബത്തിന്റെ കാര്യം നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക."[19] അദ്ദേഹം മറ്റൊരിക്കൽ: "പ്രവാചകന്റെ കുടുംബബന്ധുത്വമാണ് എന്റെ കുടുംബബന്ധത്തേക്കാൾ എനിക്ക് പ്രിയങ്കരം."[20]

അലിയെയും ഫാത്വിമയെയും അഭിസംബോധന ചെയ്തുകൊണ്ട് അബൂബക്കർ(റ) പറഞ്ഞു: "അല്ലാഹുവാണ, ഞങ്ങൾ വീടും സമ്പാദ്യവും കുടുംബബന്ധങ്ങളും എല്ലാം ഉപേക്ഷിച്ചത് അല്ലാഹുവിന്റെയും റസൂലിന്റെയും തൃപ്തി കാംക്ഷിച്ചാണ്; പിന്നെ നബിവീട്ടുകാരായ നിങ്ങളുടെയും."[21]

എത്ര വരെ എന്നുവെച്ചാൽ, അബൂബക്കർ തന്റെ അസ്മാഅ് (ഉമൈസിന്റെ മകൾ) എന്ന ഭാര്യയെ, ഫാത്വിമക്ക് സുഖമില്ലാതായപ്പോൾ അവരെ പരിചരിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും അങ്ങോട്ട് പറഞ്ഞയച്ചിരുന്നു. ഫാത്വിമ മരിച്ചപ്പോൾ അവരെ കുളിപ്പിക്കുന്നതിലും കഫൻ ചെയ്യുന്നതിലും അസ്മാഅ് പങ്കാളിയായി.[22]

ഉമറുബ്നുൽ ഖത്ത്വാബ്(റ) നബിപുത്രി ഫാത്വിമ(റ)യോട് പറഞ്ഞു: "പ്രവാചകന്റെ പുത്രീ, സൃഷ്ടികളിൽ നിങ്ങളുടെ പിതാവിനേക്കാൾ ഞങ്ങൾ മറ്റൊരാളെയും ഇഷ്ടപ്പെടുന്നില്ല. പിതാവ് കഴിഞ്ഞാൽ പിന്നെ ഞങ്ങൾക്ക് ഏറ്റവുമിഷ്ടം നിങ്ങളെയാണ്."[23]

തനിക്കു ശേഷം ഖലീഫയാകാൻ യോഗ്യരായവരുടെ ഒരു പട്ടിക തയാറാക്കിയപ്പോൾ ഉമർ(റ) അതിൽ അലി(റ)യെയും

ഉൾപ്പെടുത്തിയിരുന്നല്ലോ. അലി(റ)യുടെ പുത്രി ഉമ്മുകുൽസൂമിനെ ഉമർ(റ) കല്യാണം കഴിക്കുകയും ചെയ്തിരുന്നു.[24]

ഇതുപോലെ പ്രശോഭിതമാണ് ഹ. ഉസ്മാനുബ്നു അഫ്ഫാന്റെ(റ) ജീവചരിത്രവും. നിലപാടുകളിലും തീരുമാനങ്ങളിലുമെല്ലാം നബികുടുംബത്തിന്റെ പങ്കാളിത്തം അദ്ദേഹം ഉറപ്പ് വരുത്തിയിരുന്നു. ഒട്ടുവളരെ പ്രശ്നങ്ങളിൽ അദ്ദേഹം അലിയുമായി കൂടിയാലോചന നടത്തിയിരുന്നു. ഈ ഗാഢ സൗഹൃദത്തിന്റെയും സ്നേഹത്തിന്റെയും തെളിവാണ്, അലിയും മക്കളും ഉസ്മാൻ സ്വന്തം വീട്ടിൽ ഉപരോധിക്കപ്പെട്ട സന്ദർഭത്തിൽ– ഈ ഉപരോധത്തിനൊടുവിൽ അദ്ദേഹം വധിക്കപ്പെട്ടു– അദ്ദേഹത്തെ പ്രതിരോധിക്കാനായി രംഗത്തിറങ്ങിയത്. ഒരു യുദ്ധം ഒഴിവാക്കലായിരുന്നു അവരുടെ ലക്ഷ്യം.[25]

ഇങ്ങനെ ഒരു സംഭവം പറയപ്പെടുന്നുണ്ട്: ഒരിക്കൽ അബ്ബാസി ഖലീഫ ഹാറൂൻ റശീദ് നബി(സ)യുടെ ഖബ്ർ സന്ദർശിക്കാൻ വന്നു. കൂടെ മൂസ ബ്നു ജഅ്ഫറും ഉണ്ട്. ഇദ്ദേഹം അലി(റ) കുടുംബത്തിലെ അഞ്ചാം തലമുറയിൽപ്പെടുന്ന ആളാണ്. ഹാറൂൻ റശീദ് ഖബ്റിന്നടുത്തെത്തി വളരെ അഭിമാനപൂർവം ജനങ്ങൾ കേൾക്കെ ഇങ്ങനെ സലാം പറഞ്ഞു: “പിതൃസഹോദര പുത്രാ, താങ്കൾക്ക് സലാം” (അബ്ദുൽ മുത്ത്വലിബിന്റെ മകനും നബിയുടെ പിതൃവ്യനുമായ അബ്ബാസിന്റെ സന്താനപരമ്പരയിൽ പെടുന്ന ആളാണ് ഹാറൂൻ റശീദ്). ഉടൻ മൂസബ്നു ജഅ്ഫർ പ്രതികരിച്ചു: “എന്റെ വന്ദ്യ പിതാവേ, അങ്ങേക്ക് സലാം” (നബിപുത്രി ഫാത്വിമ(റ)യുടെ പുത്ര പരമ്പരയിലെ കണ്ണി എന്ന നിലക്കാണ് മൂസ, പ്രവാചകനെ ‘പിതാവ്’ എന്ന് അഭിസംബോധന ചെയ്തത്). അപ്പോൾ ഹാറൂൻ റശീദ്: “അല്ലാഹുവാണ, ഇതാണ് യഥാർഥ അഭിമാന പ്രകടനം.”

ഹാറൂൻ ഇത്ര കൂടി പറഞ്ഞു: “എനിക്ക് അലി(റ)യോട് വിദ്വേഷമുണ്ടെന്ന് ജനം കരുതുന്നതായി എനിക്ക് വിവരം ലഭിച്ചിട്ടുണ്ട്. അല്ലാഹുവാണ, എന്നോളം അദ്ദേഹത്തെ സ്നേഹിക്കുന്ന മറ്റാരുമില്ല.”[26]

നീതിമാനായ ഭരണാധികാരിയെന്ന് പേരെടുത്ത ഉമറുബ്നു അബ്ദിൽ അസീസ്, അലി(റ)യുടെ പുത്രി ഫാത്വിമയോട് പറഞ്ഞു: "അലിയുടെ മകളേ, ഭൂമുഖത്ത് നബികുടുംബത്തോളം എനിക്ക് പ്രിയപ്പെട്ടവരായി ആരുമില്ല; എന്റെ കുടുംബം വരെ."[27]

ഇഹലോക വിരക്തിയെക്കുറിച്ചും വിരക്തരെക്കുറിച്ചും ജനങ്ങൾക്കിടയിൽ സംസാരമുണ്ടായി. ഓരോരുത്തരും ഇന്നയാളാണ്, ഇന്നയാളാണ് ഏറ്റവും വിരക്തൻ എന്നിങ്ങനെ പറയാൻ തുടങ്ങി. അപ്പോൾ ഉമറുബ്നു അബ്ദിൽ അസീസ് പറഞ്ഞു: "ഏറ്റവും കൂടുതൽ ഇഹലോക വിരക്തിയുള്ളയാൾ അലിയ്യുബ്നു അബീത്വാലിബാണ്." [28]

2. സദ്വൃത്തരായ ആളുകളെ, പ്രത്യേകിച്ച് അവർ സമൂഹത്തിലെ പണ്ഡിതന്മാരും നേതാക്കളുമാണെങ്കിൽ, അല്ലാഹു വിവിധ പരീക്ഷണങ്ങൾക്ക് വിധേയരാക്കും. അതവരുടെ സ്ഥാനവും മഹത്ത്വവും ഉയർത്തുകയാണ് ചെയ്യുക. നബികുടുംബത്തിലെ ആരെങ്കിലും ശഹീദ് ഇമാം ഹുസൈനെപ്പോലെ ഇത്തരം കൊടിയ മർദനങ്ങൾക്കും പീഢനങ്ങൾക്കും ഇരയായിട്ടുണ്ടെങ്കിൽ, അതും 'അല്ലാഹു തന്റെ ഒരു ദാസനെ ഇഷ്ടപ്പെട്ടാൽ അവനെ പരീക്ഷിക്കും' എന്ന തത്ത്വമനുസരിച്ചാണ് കാണേണ്ടത്. പീഢിപ്പിക്കപ്പെടുക എന്നത് നബികുടുംബത്തിൽ പരിമിതമല്ലെന്നർഥം. അഹ്ലുസ്സുന്നയിൽ പെടുന്ന നിരവധി സദ്വൃത്തരായ മഹാ പണ്ഡിതന്മാർ ഇതുപോലെ പീഢിപ്പിക്കപ്പെട്ടിട്ടുണ്ട്. സഊദുബ്നു ജുബൈർ, ഇമാം അബൂഹനീഫ, ഇമാം മാലിക്, ഇമാം അഹ്മദുബ്നു ഹമ്പൽ എന്നിവർ ഉദാഹരണം.

പീഢനവും പരീക്ഷണ ഘട്ടങ്ങളും പ്രവാചകന്മാർക്ക് അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ട്; അവർക്ക് ശേഷം സദ്വൃത്തരായ അവരുടെ പിൻഗാമികൾക്കും. ദാനിയേൽ പ്രവാചകൻ സ്വേഛാധിപതിയായ ബുഖ്തുനസ്വ്റിന്റെ കടുത്ത പീഢനങ്ങൾക്കിരയാവുകയുണ്ടായി. ആ പ്രവാചകന് നേരെ രണ്ട് സിംഹങ്ങളെ ബുഖ്തുനസ്വ്ർ കൂട് തുറന്നു വിട്ടു. പക്ഷേ, അല്ലാഹു ആ ഹിംസ്ര ജന്തുക്കളിൽനിന്ന് പ്രവാചകനെ രക്ഷിച്ചു.

അപ്രകാരം യഅ്ഖൂബ് നബി(അ)ക്ക് തന്റെ പുത്രനെ നഷ്ടപ്പെടുന്നു. സകരിയ്യാ പ്രവാചകനും കടുത്ത പീഡനങ്ങൾക്കിരയായി. കടുത്ത ധിക്കാരിയായ ഫറോവ മൂസ(അ)യോട് കാണിച്ച അതിക്രമങ്ങൾ നമുക്കറിയാം. ജൂതന്മാർ ഈസ(അ)യെയും, മക്കയിലെ നിഷേധികൾ മുഹമ്മദ് നബി(സ)യെയും നേരിട്ടത് കടുത്ത ശത്രുതയോടെയായിരുന്നല്ലോ.[29]

മുഹമ്മദ് നബി(സ)യുടെ അനുയായികളും കടുത്ത പീഡനങ്ങൾക്കിരയാവുകയുണ്ടായി. അവർ ജന്മനാട്ടിൽനിന്ന് ആട്ടിയോടിക്കപ്പെട്ടു. അവരുടെ കുടുംബാംഗങ്ങളിൽനിന്നും സ്വത്ത്വകകളിൽനിന്നും അവർ പറിച്ച് മാറ്റപ്പെട്ടു. എന്തെല്ലാം തരം മർദനമുറകളാണ് അവർ ഏറ്റുവാങ്ങേണ്ടിവന്നത്? പ്രവാചകന്റെ മരണശേഷവും ഇത്തരം പരീക്ഷണങ്ങൾ തുടർന്നു. നമസ്കരിച്ചുകൊണ്ടിരിക്കെ ഉമറുൽ ഫാറൂഖ്(റ) പകമൂത്ത ഒരാളുടെ കഠാരയാൽ ചതിയിൽ വധിക്കപ്പെട്ടു. ഉസ്മാൻ(റ) വധിക്കപ്പെട്ടത് സ്വന്തം വീട്ടിൽ ഖുർആൻ പാരായണം ചെയ്തുകൊണ്ടിരിക്കെയാണ്. അലി(റ) ആളുകളെ നമസ്കാരത്തിന് ക്ഷണിച്ചുകൊണ്ടിരിക്കെയാണല്ലോ കൊലക്കത്തിക്ക് ഇരയായത്. പ്രവാചകശിഷ്യന്മാരെല്ലാം ഇങ്ങനെ പരീക്ഷണങ്ങൾ നേരിട്ടവർ.

ശേഷം വന്ന പണ്ഡിതന്മാരുടെ അനുഭവവും മറ്റൊന്നല്ല. ഇമാം ഔസാഇയെ ഒരു സ്വേഛാധിപതി മർദിച്ച് ജീവഛവമാക്കി. ഇമാം അഹ്മദുബ്നു ഹമ്പലിനോട് അബ്ബാസി ഖലീഫ മുഅ്തസിം സ്വീകരിച്ച നിലപാട് എല്ലാവർക്കുമറിയാം. ഇമാം അഹ്മദിന്റെ മുതുക് പൊളിയുന്നതു വരെ മർദിച്ച് ജയിലറക്കുള്ളിലാക്കി മുഅ്തസിം.[30] പണ്ഡിതരാജാവ് എന്നറിയപ്പെടുന്ന ഇസ്സുബ്നു അബ്ദിസ്സലാമിനെ ഇസ്മാഈൽ എന്ന ഭരണാധികാരി മർദിച്ചവശനാക്കുകയും തടവിലിടുകയും ചെയ്തു. ഫാത്വിമികൾ ഈജിപ്ത് ഭരിക്കുമ്പോൾ പണ്ഡിതന്മാരെ പീഡിപ്പിച്ചിരുന്നു. ഇമാം അബൂബക്കർ നാബിലിസിയെ പിടികൂടി അവർ ഒന്നാം ദിവസം മർദിച്ചവശനാക്കി. രണ്ടാം ദിവസം അദ്ദേഹത്തെ ജനം കാൺകെ തൂക്കിയിടാൻ ഉത്തരവിട്ടു. മൂന്നാം

ദിവസം കത്തികൊണ്ട് അദ്ദേഹത്തിന്റെ തൊലി പൊളിച്ചെടുക്കാൻ തുടങ്ങി.[31]

ഇമാം നഈമുബ്നു ഹമ്മാദ് തടവിൽ ഇരുമ്പ് ചങ്ങലകളിൽ ബന്ധിതനായിരിക്കെയാണ് മരിച്ചത്. മയ്യിത്ത് വലിച്ചിഴച്ചു കൊണ്ടുപോയി അവർ ഒരു കുഴിയിലിട്ടു. മയ്യിത്ത് കുളിപ്പിക്കുക പോലും ചെയ്തില്ല.[32]

ഇമാം ഹർവി അൻസ്വാരി പറഞ്ഞു: " അഞ്ചു തവണ ഞാൻ വാളിന് മുഖാമുഖം നിന്നു. നിന്റെ മദ്ഹബ് ഒഴിവാക്ക് എന്നല്ല അവർ എന്നോട് പറഞ്ഞത്. നിനക്ക് എതിരായി നിൽക്കുന്നവരുടെ കാര്യത്തിൽ നീ മിണ്ടാതിരിക്ക് എന്നാണ് എന്നോട് പറഞ്ഞത്. ഞാൻ പറഞ്ഞു: "എനിക്ക് മിണ്ടാതിരിക്കാൻ കഴിയില്ല."[33]

ഇങ്ങനെ എത്ര വേണമെങ്കിലും ഉദാഹരണങ്ങൾ നിരത്താം. പറഞ്ഞു വരുന്നത് ഇതാണ്: അഹ്ലുസ്സുന്നയുടെ പണ്ഡിതന്മാരും കടുത്ത പീഡനങ്ങൾക്ക് ഇരയായിട്ടുണ്ട്; മറ്റുള്ളവർ ഇരകളായതുപോലെത്തന്നെ. മഹാന്മാരൊക്കെ പരീക്ഷിക്കപ്പെടുന്നു. ഇന്നുമത് തുടരുന്നത് നാം കാണുന്നു.

## കുറിപ്പുകൾ

1. മജ്ലിസിയുടെ *ബിഹാറുൽ അൻവാർ* 2/246

2. മുഹമ്മദ് അൽ അർദബീലിയുടെ *ജാമിഉർറുവാത്* 2/221, ജഅ്ഫർ സിജാനിയുടെ *കുല്ലിയ്യാത്ത് ഫീ ഇൽമി രിജാൽ*, പേജ് 26

3. രിജാലുൽ കശി 208,209, ബിഹാറുൽ അൻവാർ 25/302

4. ഹാശിമുൽ ഹാശിമിയുടെ *ഹുവാറുൻ മഅ ഫദ്ലില്ല*, പേജ് 116, മുഹമ്മദ് കാളിം ഖസ്വീനിയുടെ *ഇമാം മഹ്ദി*, പേജ് 527

5. ബുഖാരിയും മുസ്ലിമും ഉദ്ധരിച്ച ഹദീസ് (മുത്തഫഖുൻ അലൈഹി) ആണിത്. ബുഖാരി തന്റെ സ്വഹീഹിലും (നമ്പർ 2942), മുസ്ലിം തന്റെ സ്വഹീഹിലും (നമ്പർ 4/1872) ഉദ്ധരിച്ചത്. ബുഖാരിയും മുസ്ലിമും മാത്രമല്ല അഹ്ലുസ്സുന്നയിൽ പെടുന്ന മുഴുവൻ പണ്ഡിതന്മാരും നബികുടുംബത്തിന്റെ ശ്രേഷ്ഠതകൾ അംഗീകരിച്ചിരുന്നു എന്ന് ഇതിൽനിന്ന് നമുക്ക് മനസ്സിലാക്കാം. സ്വഹാബികളും ബുഖാരി, മുസ്ലിം പോലുള്ള ഹദീസ് റിപ്പോർട്ടർമാരും നബികുടുംബത്തിന്റെ ശ്രേഷ്ഠതകൾ മനഃപൂർവം പരാ

മർശിക്കാതിരിക്കുന്നു എന്ന വാദത്തിന് (*മുറാജആത്ത്* എന്ന കൃതിയുടെ കർത്താവ് അങ്ങനെ പറഞ്ഞിട്ടുണ്ട്) മറുപടിയാണിത്. നബികുടുംബ ത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് സ്വഹാബികളും അഹ്ലുസ്സുന്ന ആശയ ക്കാരും പറഞ്ഞ വാക്യങ്ങൾ സമാഹരിച്ചാൽ ഈ പുസ്തകമല്ല, ഇതുപോ ലുള്ള പത്ത് പുസ്തകങ്ങൾ മതിയാവുകയില്ല അവ പകർത്താൻ. നബികു ടുംബവും പ്രവാചക ശിഷ്യരും പരസ്പരം പ്രശംസിച്ച് പറഞ്ഞ കാര്യങ്ങൾ *അൽ മബർറ* പ്രസാധനാലയം തന്നെ സമാഹരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

6. അബ്ദുൽ ഹാദി ഹുസൈനിയുടെ *ആയതു തത്ഹീർ* (പേജ് 20) നോക്കുക.

7. മുസ്ലിം ഉദ്ധരിച്ച ഒരു ഹദീസിന്റെ ഭാഗം. ഖുർആൻ പാരായണ ത്തിന് ഒരുമിച്ചുകൂടുന്നതിന്റെ ശ്രേഷ്ഠത വിവരിക്കുന്ന ഹദീസിലാണിതു ള്ളത് (നമ്പർ 2699).

8. *മുസ്തദ്റകിൽ* ഹാകിം ഉദ്ധരിച്ചത് (2/120). നിവേദക പരമ്പര പ്രബ ലമാണെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. *തൽഖീസിൽ* ദഹബി ഇത് തള്ളിയിട്ടു ണ്ട്. എന്നാൽ നാസ്വിറുദ്ദീൻ അൽബാനി തന്റെ *അസ്സിൽസിലത്തു സ്സ്വഹീഹയിൽ* ഇത് പ്രബലം തന്നെ എന്ന് സാക്ഷ്യപ്പെടുത്തുന്നു (1/716, നമ്പർ 374).

9. തിർമിദി ഉദ്ധരിച്ച ഹദീസ് (3759). നിവേദക പരമ്പരക്ക് കുഴപ്പമി ല്ലെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ടെങ്കിലും, ദഹബി തന്റെ *സിയറുൽ അഅ്ലാമിലും* (2/99) അൽബാനി തന്റെ *അസ്സിൽസിലതുദ്ദഈഫയിലും* (5/340, നമ്പർ 2315) ഇത് ദുർബലമാണെന്ന് പറഞ്ഞിട്ടുണ്ട്. നിവേദക പരമ്പ രക്ക് ദൗർബല്യമുണ്ട് എന്നതുകൊണ്ട് അതിലെ ആശയം തെറ്റാണെന്ന് വരുന്നില്ല. മാത്രമല്ല, ശേഷം വരുന്ന ഹദീസിൽ ഇതേ ആശയം ആവർത്തി ക്കുകയും ചെയ്യുന്നു.

10. തിർമിദി ഉദ്ധരിച്ച ഹദീസ് (3758). പ്രബലമാണെന്ന് അദ്ദേഹം പറ യുന്നു. അഹ്മദും ഇത് ഉദ്ധരിച്ചിട്ടുണ്ട് (4/165). അൽബാനി *അസ്സിൽസി ലത്തു സ്സ്വഹീഹയിൽ* ഇത് പ്രബലമാണെന്ന് സാക്ഷ്യപ്പെടുത്തിയിരിക്കു ന്നു.

11. സ്വഹീഹുൽ ബുഖാരി: 2699

12. ബൈഹഖി *അസ്സുനനുൽ ഖുബ്റായിൽ* (7/101) ഉദ്ധരിച്ചത്. സനദ് 'മുർസൽ' ആണെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്.

13. ഹാകിം *മുസ്തദ്റകിൽ* ഉദ്ധരിച്ചത് (3/196, 209). അൽബാനിയും ളിയാഉം ഇത് പ്രബലമാണെന്ന് പറഞ്ഞിരിക്കുന്നു.

14. ഹാകിം *മുസ്തദ്റകിൽ* ഉദ്ധരിച്ചത് 3/212. മുസ്ലിമിന്റെ ഉപാധി പ്രകാരം ഇത് പ്രബലമാണെന്ന് അദ്ദേഹം പറയുന്നു. അൽബാനി

*അസ്സിൽസിലത്തുസ്സ്വഹീഹ*യിൽ ഇത് ചേർത്തിട്ടുണ്ട് 3/228, നമ്പർ 1226.

15. ഖാദി സ്വാലിഹ് ദർവേശിന്റെ *ആലുൽ ബൈത്ത് വ ഹുഖൂഖുഹും അശ്ശർഇയ്യ* എന്ന കൃതി (പേജ് 9–12) കാണുക.

16. മജ്‌ലിസിയുടെ *ബിഹാറുൽ അൻവാർ* 25/237

17. *സ്വഹീഹ് മുസ്‌ലിം* 2424

18. *മജ്മൂഉൽ ഫതാവാ* 4/487

19. ബുഖാരി, ഹസൻ–ഹുസൈന്റെ ഗുണഗണങ്ങൾ വിവരിക്കുന്ന അധ്യായം. നമ്പർ 3713

20. ബുഖാരി (3712) 'പ്രവാചകന്റെ അടുപ്പക്കാരുടെ ഗുണവിശേഷ ങ്ങൾ' എന്ന അധ്യായം. *ബിഹാറുൽ അൻവാറും* (43/301) കാണുക.

21. ബൈഹഖിയുടെ *അസ്സുനനുൽ കുബ്റാ* 6/301, ഇബ്നു കസീ റിന്റെ *അൽബിദായ വന്നിഹായ* 5/253. ഇതിന്റെ നിവേദനത്തിന് കുഴപ്പമി ല്ലെന്ന് ഇബ്നു കസീർ പറഞ്ഞിട്ടുണ്ട്.

22. ഇബ്നു അബ്ദിൽ ബർറിന്റെ *അൽ ഇസ്തീആബ്* 4/278, സ്വല്ലാ ബിയുടെ *അസ്മൽ മത്വാലിബ്* 160

23. *മുസ്വന്നഫ് ഇബ്നു അബീ ശൈബ* 14/567. നിവേദക പരമ്പര കുഴ പ്പമില്ലാത്തത്.

24. *അൽബിദായ വന്നിഹായ* 5/220, ദഹബിയുടെ *താരീഖുൽ ഇസ്‌ലാം* 1/166

25. ഇബ്നു അസാകിറിന്റെ *താരീഖുദിമിശ്ഖ്* 1/402, ഇബ്നു സഅ്ദിന്റെ *ത്വബഖാത്ത്* 8/128

26. സയൂത്വിയുടെ *താരീഖുൽ ഖുലഫാഅ്*, പേജ് 293.

27. ഇബ്നു സഅ്ദിന്റെ *അത്ത്വബഖാത്തുൽ കുബ്റാ*, 5/388

28. ഫത്ഹുൽ ബാരി 10/108, ഇതിന്റെ സനദ് പരമ്പര അഹ്മദിന്റെ മുസ്നദിൽ ഉണ്ട്.

29. *അൽബിദായ വന്നിഹായ* 1/428 ഇബ്നു കസീർ

30. ഇബ്നു ജൗസിയുടെ *സീറത്തുൽ ഇമാം അഹ്മദ്*, പേജ് 158.

31. *ഹാശിയത്തു അൽബിദായ വന്നിഹായ* 11/284

32. ദഹബിയുടെ *സിയറു അഅ്ലാമിന്നുബലാഅ്* 10/610

33. ദഹബിയുടെ *സിയറു അഅ്ലാമിന്നുബലാഅ്* 18/509

# അവലംബിക്കാവുന്ന ചരിത്ര കൃതികൾ

•

# അധ്യായം നാല്

**വിശ്വാസയോഗ്യമായ** ചരിത്ര വിവരണങ്ങൾ തേടുന്നവർക്ക്, പൗരാണികവും ആധുനികവുമായ ചരിത്ര കൃതികളിൽ അവ കണ്ടെത്താനാവും. സംഭവങ്ങൾ റിപ്പോർട്ട് ചെയ്ത നിവേദകർ വിശ്വാസയോഗ്യരാണോ അല്ലേ എന്ന് ആ കൃതികളിൽ വ്യക്ത മാക്കിയിരിക്കും. ഓരോ നിവേദനവും ശരിയാണോ അല്ലേ എന്ന് വായനക്കാരൻ സ്വയം അന്വേഷിച്ച് കണ്ടെത്തേണ്ടതില്ല എന്നർഥം. ഇനി നിവേദക ശ്രേണികളെക്കുറിച്ച് കാര്യമായ പരാ മർശമൊന്നുമില്ലെങ്കിൽ അവയുടെ ബലാബലം പരിശോധിക്കൽ വായനക്കാരന്റെ ബാധ്യതയായിത്തീരുകയും ചെയ്യും.

ഇസ്‌ലാമിക ചരിത്രപഠനത്തിൽ അവലംബിക്കാവുന്ന ചില കൃതികളെ പരിചയപ്പെടുത്തുകയാണ് ഇവിടെ.

1. ഇബ്നു സഅ്ദിന്റെ (മരണം ഹി. 230) *അത്ത്വബഖാതുൽ കുബ്റാ.* ഈ അധ്യായത്തിൽ തീർച്ചയായും പരാമർശിക്കേണ്ട ഒരു കൃതി തന്നെയാണിത്. കാരണം കൃതിയിൽ വിവരിക്കുന്ന സംഭവങ്ങൾക്കെല്ലാം സനദുകൾ/നിവേദക പരമ്പരകൾ ചേർത്തിരിക്കുന്നു. ഒരു വായനക്കാരന്, അവൻ യോഗ്യനാണെ ങ്കിൽ, ഈ സനദുകൾ പരിശോധിച്ചാൽ മതിയാവും. നബിചരി ത്ര-ജീവചരിത്ര കൃതികളിൽ ഏറ്റവും പഴമ അവകാശപ്പെടുന്ന രചനകളിലൊന്ന് എന്ന പ്രത്യേകതയും ഇതിനുണ്ട്. വാഖിദി'യു ടെയും അതുപോലുള്ള ദുർബലരുടെയും നിവേദനങ്ങൾ

അദ്ദേഹം തള്ളിക്കളയുന്നു. അറിയാത്തത് അറിവുള്ളവരോട് ചോദിക്കുക എന്ന ഖുർആനിക തത്ത്വമാണ് അദ്ദേഹം ഗ്രന്ഥരചനയിൽ സ്വീകരിച്ചിരിക്കുന്നത്.[2]

2. ഖലീഫത്തുബ്നു ഖയ്യാത്തിന്റെ ചരിത്രം

ഇത് ത്വബഖാത്തിനേക്കാൾ ചെറിയ ഗ്രന്ഥമാണെങ്കിലും, വിവരണങ്ങൾ വിശ്വാസയോഗ്യമാണ്. സ്വഹാബികളുടെ കാലത്തുണ്ടായ കുഴപ്പങ്ങളും മറ്റുമാണ് ഇതിൽ കാര്യമായി പ്രതിപാദിക്കപ്പെടുന്നത്.

3. ത്വബരിയുടെ *ജനനതികളുടെയും രാജാക്കന്മാരുടെയും ചരിത്രം*

ധാരാളം സംഭവവിവരണങ്ങൾ ഉൾക്കൊള്ളുന്ന കൃതിയാണ്. പക്ഷേ, കൊള്ളുന്നതും കൊള്ളാത്തതുമൊക്കെ ഉണ്ടാവുമെന്ന് മാത്രം. ഇതിന് ത്വബരിയെ പഴി പറഞ്ഞിട്ട് കാര്യമില്ല. തനിക്ക് നിവേദനങ്ങൾ എങ്ങനെ കിട്ടി എന്ന് അദ്ദേഹം സത്യസന്ധമായി പറഞ്ഞിട്ടുണ്ട്. ആ നിവേദനങ്ങളുടെ കോട്ടങ്ങളും പോരായ്മകളും അദ്ദേഹം പരിശോധിച്ചിട്ടില്ലെന്ന് മാത്രം. ഇക്കാര്യം നേരത്തേ ഈ പുസ്തകത്തിൽ നാം പരാമർശിച്ചിട്ടുണ്ട്.[3]

4. ഇബ്നു കസീറിന്റെ *അൽ ബിദായ വന്നിഹായ*

തഫ്സീറുൽ ഖുർആനിൽ കരീം എന്ന പ്രശസ്ത വ്യാഖ്യാന കൃതിയുടെ കർത്താവ് കൂടിയാണ് ഇമാം ഇബ്നു കസീർ. മുൻകാല ചരിത്ര രചനകളിൽ നിന്നുള്ള ഉദ്ധരണികളും നിവേദനങ്ങളും ഈ ചരിത്രകൃതിയിൽ ധാരാളമുണ്ടെങ്കിലും, അവയുടെ ബലാബലങ്ങളെക്കുറിച്ച ഇബ്നു കസീറിന്റെ അഭിപ്രായങ്ങളും ഒപ്പം ചേർത്തിട്ടുണ്ട്. ഹദീസിലും ഹദീസ് നിവേദന ശാസ്ത്രത്തിലും നല്ല വ്യുൽപത്തി ഉള്ളതുകൊണ്ട് ദുർബലമായ രിവായത്തുകളെയും പ്രബലമായ രിവായത്തുകളെയും വേറിട്ട് കാണിക്കാൻ അദ്ദേഹത്തിന് കഴിയുന്നു. ഡോ. അബ്ദുല്ല തുർക്കിയുടെ മേൽനോട്ടത്തിൽ ദാറു ഹജർ പുറത്തിറക്കിയതാണ് അൽ ബിദായ വന്നിഹായയുടെ ഏറ്റവും നല്ല എഡിഷൻ.

5. ഇബ്നു അസാകിറിന്റെ *താരിഖു ദിമിശ്ഖ് (ദമസ്കസ് ചരിത്രം)*

ദിമിശ്കിലുണ്ടായിരുന്ന സ്വഹാബികൾ ഉൾപ്പെടെയുള്ള മഹാന്മാരുടെയും പണ്ഡിതന്മാരുടെയും ഗ്രന്ഥകാരന്റെ കാലം വരെയുള്ള ചരിത്രമാണ് ഇതിൽ വിവരിക്കുന്നത്. ഓരോ സംഭവത്തിന്റെയും കൃത്യമായ നിവേദനം ചേർത്തിട്ടുണ്ട് എന്നതാണ് ഇതിന്റെ പ്രത്യേകത.

6. ശംസുദ്ദീൻ ദഹബിയുടെ *താരീഖുൽ ഇസ്‌ലാം (ഇസ്‌ലാം ചരിത്രം)*

വളരെ പ്രയോജനപ്പെടുന്ന ഒരു കൃതിയാണിത്. ഇസ്‌ലാമിക ചരിത്രത്തിലെ പ്രധാന സംഭവങ്ങളുടെയെല്ലാം പൂർണ ചിത്രം ഇതിൽനിന്ന് കിട്ടും. ഇതിൽ ഉദ്ധരിച്ചിട്ടുള്ള സംഭവങ്ങളെയും നിവേദനങ്ങളെയും ഇമാം ദഹബി നിരൂപണം ചെയ്യുന്നുണ്ട് എന്നതാണ് ഇതിന്റെ പ്രത്യേകത. ഹദീസ് നിവേദന ശാസ്ത്രത്തിലും നിവേദകരുടെ ബലാബലം പരിശോധിക്കുന്ന വിജ്ഞാനശാഖയിലും ദഹബി അഗ്രഗണ്യനാണ് എന്നത് കൃതിയുടെ വിശ്വാസ്യത വർധിപ്പിക്കുന്നു. ഡോ. ബശ്ശാർ അവ്വാദ് മഅ്റൂഫ് സംശോധന നിർവഹിച്ചതാണ് ഈ കൃതിയുടെ ഏറ്റവും മികച്ച എഡിഷൻ.

7. ദഹബിയുടെ തന്നെ *സിയറു അഅ്‌ലാമിന്നുബലാഅ് (മഹാരഥന്മാരുടെ ചരിത്രം)*

സ്വഹാബികൾ മുതൽ ഗ്രന്ഥകർത്താവിന്റെ മരണത്തിന് തൊട്ടുമുമ്പ് വരെയുള്ള ഇസ്‌ലാമിക ചരിത്രത്തിലെ മഹാന്മാരുടെയും പണ്ഡിതന്മാരുടെയും ജീവചരിത്ര കുറിപ്പുകളാണിതിൽ. നബിചരിതവും നാല് ഖലീഫമാരുടെ ചരിതവും പ്രത്യേക പ്രാധാന്യത്തോടെ ഇതിൽ വിവരിച്ചിട്ടുണ്ട്. ഏറ്റവും മികച്ച എഡിഷൻ മുഅസ്സസതു രിസാല പ്രസിദ്ധപ്പെടുത്തിയത്.

8. ഇബ്നു ശബഃയുടെ *താരീഖുൽ മദീന (മദീനയുടെ ചരിത്രം)*

വളരെ പ്രധാനപ്പെട്ടതും പ്രയോജനപ്രദവുമായ കൃതി.

ഇതിലെ മിക്ക സംഭവവിവരണങ്ങൾക്കുമൊപ്പം അവയുടെ നിവേദക ശ്രേണി കൂടി ഉൾപ്പെടുത്താൻ ഗ്രന്ഥകർത്താവ് ശ്രദ്ധിച്ചിരിക്കുന്നു. ഉസ്മാ(റ)ന്റെ കാലത്തെ കുഴപ്പങ്ങൾ, അദ്ദേഹത്തിന്റെ രക്തസാക്ഷിത്വം തുടങ്ങി ഒട്ടുവളരെ പ്രധാന സംഭവങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ചില പോരായ്മകളും കൃതിക്കുണ്ട്. ചില ഭാഗങ്ങളുടെ കൈയെഴുത്ത് പ്രതികൾ കണ്ടെത്താനാകാതെ പോയത് അതിലൊന്നാണ്. ഇക്കാരണത്താലാണ് അബൂബക്കറി(റ)ന്റെ ഭരണകാലം ഇതിൽ ഇല്ലാതെ പോയത്.[4]

9. ഇബ്നു ഖൽദൂന്റെ ചരിത്രം

10. ഇബ്നുൽ ജൗസിയുടെ *അൽമുൻതളിം ഫിത്താരീഖ്*

11. അബൂബക്കർ ഇബ്നുൽ അറബിയുടെ *അൽ അവാസ്വിം മിനൽ ഖവാസ്വിം*

ഈ കൃതിക്ക് സംശോധനയും ടിപ്പണിയും നിർവഹിച്ചത് ശൈഖ് മുഹിബ്ബുദ്ദീൻ ഖത്വീബ് ആണ്. ഇതിന് പത്തിലേറെ പതിപ്പുകൾ ഇറങ്ങിയിരിക്കുന്നു. പണ്ഡിതന്മാർക്കിടയിൽ മാത്രമല്ല, സാധാരണക്കാർക്കിടയിലും വളരെ പ്രചാരം നേടിയ കൃതിയാണിത്. ഗ്രന്ഥകർത്താവായ അബൂബക്കർ ഇബ്നുൽ അറബിക്ക് പണ്ഡിതനെന്ന നിലയിലും ഇമാമെന്ന നിലയിലും സമൂഹത്തിലുള്ള സ്ഥാനമാണ് അതിന് ഒരു കാരണം. ഇസ്ലാമിക ചരിത്രത്തിലെ പ്രധാന സംഭവവികാസങ്ങളെക്കുറിച്ച് നമുക്കുണ്ടാകാവുന്ന സംശയങ്ങൾ ആദ്യം ഉന്നയിച്ച ശേഷം അതിന് വ്യക്തമായ തെളിവുകൾ സഹിതം മറുപടി നൽകുന്ന രീതിയിലാണ് ഗ്രന്ഥരചന. രചനാപരമായ പ്രത്യേകതകൊണ്ട് ഈ കൃതി വേറിട്ടുനിൽക്കുന്നു. ഗ്രന്ഥത്തിന്റെ പേരുതന്നെ അതിലേക്ക് സൂചന നൽകുന്നുണ്ട്. ആദ്യം 'സംശയം' (ഖാസ്വിം– ഇതിന്റെ ബഹുവചനമാണ് ഖവാസ്വിം) ഉന്നയിക്കുന്നു. പിന്നെ 'സംശയ ദൂരീകരണം' (ആസ്വിം– ഇതിന്റെ ബഹുവചനമാണ് അവാസ്വിം) നടക്കുന്നു. അതായത് തെളിവുകൾ നിരത്തിവെച്ചുള്ള മറുപടി.

വളരെ പ്രധാനപ്പെട്ട ചില കൃതികൾ ഇവിടെ പരാമർശിച്ചു

വെന്നേയുള്ളൂ. പൗരാണികവും ആധുനികവുമായ വേറെയും അനേകം കൃതികളുണ്ട് ഈ മേഖലയിൽ.

* * * * *

മറ്റു പലതും പറയുന്ന കൂട്ടത്തിൽ ഇസ്‌ലാമിക ചരിത്ര ത്തിലെ പ്രധാന സംഭവങ്ങളെ, പ്രത്യേകിച്ച് ആദ്യ ഘട്ടത്തിലു ള്ളവയെ പരാമർശിക്കുന്ന ചില സുപ്രധാന കൃതികളും നമ്മുടെ ശ്രദ്ധയിലുണ്ടാവണം. ഹദീസ്-സനദ് സംബന്ധമായ കൃതികൾ, നിഘണ്ടുക്കൾ പോലുള്ളവ ഉദാഹരണം. അത്തരം കൃതികളിൽ ചിലത്:

1. ഇമാം ബുഖാരിയുടെ *സ്വഹീഹ്*

2. ഇമാം മുസ്‌ലിമിന്റെ *സ്വഹീഹ്*

3. അബൂദാവൂദ്, നസാഇ, തിർമിദി, ഇബ്നുമാജ എന്നിവ രുടെ *നാല് സുനനുകൾ*

4. ഇമാം അഹ്മദുബ്നു ഹമ്പലിന്റെ *മുസ്നദ്*

5. ഇബ്നു അബീ ശൈബയുടെ *അൽമുസ്വന്നഫ്*

6. ഹാകിം നൈസാബൂരിയുടെ *അൽ മുസ്തദ്റക്*. ഇതിൽ ദുർബലമായ ഹദീസുകളും ഉണ്ടെന്ന് ഓർക്കണം.

* സ്വഹാബികളുടെ- ഇവരിൽ നബി കുടുംബവും പെടും- ജീവചരിത്ര കൃതികളാണ് മറ്റൊന്ന്. പ്രധാനപ്പെട്ട ചിലത്:

1. ഇബ്നു അബ്ദിൽ ബർറിന്റെ *അൽ ഇസ്തീആബ് ഫീ മഅ്രിഫതിൽ അസ്ഹാബ്*

2. ഇബ്നുൽ അസീറിന്റെ *ഉസ്ദുൽ ഗാബഃ*

3. ഇബ്നു ഹജറിൽ അസ്ഖലാനിയുടെ *അൽ ഇസ്വാബതു ഫീ തംയീസിസ്സ്വഹാബ*

ഈ കൃതികളുടെ താളുകളിൽ ഒട്ടുവളരെ സംഭവങ്ങൾ വിവരിച്ചിരിക്കുന്നു. ഇവിടെ ഒരു കാര്യം ശ്രദ്ധിക്കണം. ചരിത്ര കൃതിയാണെങ്കിലും, ഹദീസ് കൃതിയാണെങ്കിലും അവയിലെ സംഭവങ്ങളെല്ലാം- ബുഖാരിയുടെയും മുസ്‌ലിമിന്റെയും 'സ്വഹീ ഹുകൾ' ഒഴിച്ച്- തെളിവുകളും നിവേദകരുടെ ബലാബലവും പോരായ്മകളും ഒക്കെ നോക്കിയ ശേഷമേ സ്വീകരിക്കാവൂ.

ദുർബല രിവായത്തുകളെ മാറ്റിനിർത്തുക തന്നെ വേണം.

**സമകാലിക കൃതികൾ**

നമ്മുടെ കാലത്തെ ചരിത്ര ഗവേഷകരും ലഭ്യമായ വിവരങ്ങളെയും വിവരണങ്ങളെയും വിശദമായി പഠിച്ച ശേഷം വിശ്വാസയോഗ്യമായതിനെയും അല്ലാത്തതിനെയും വേർതിരിച്ചിട്ടുണ്ട്. അത്തരം കൃതികളിൽ പ്രധാനപ്പെട്ടവ:

ഡോ. അലിബ്നു മുഹമ്മദ് സ്വല്ലാബി രചിച്ച താഴെ പറയുന്ന കൃതികൾ:

*1. അബൂബക്കർ ചരിതത്തിലെ ദുർഘടങ്ങൾ ഒഴിവാക്കൽ*

*2. ഉമറുബ്നുൽ ഖത്ത്വാബ്- ജീവിതകാലവും വ്യക്തിത്വവും*

*3. ഉസ്മാനുബ്നു അഫ്ഫാന്റെ ചരിത്രം*

*4. അലിയ്യുബ്നു അബീത്വാലിബിന്റെ ചരിത്രം*

*5. ഹസനുബ്നു അലി-ജീവിതകാലവും വ്യക്തിത്വവും*

*6. മുആവിയതുബ്നു അബീസുഫ്യാൻ*

*7. ഉമറുബ്നു അബ്ദിൽ അസീസ്*

*8. അമവി ഭരണം- ഉയർച്ചയുടെയും തകർച്ചയുടെയും നിദാനങ്ങൾ*

* * * * *

**വേറെ ചില പ്രധാന സമകാലിക കൃതികൾ**

1. മഹ്മൂദ് മുഹമ്മദ് ശാകിറിന്റെ *ഇസ്‌ലാമിക ചരിത്ര വിജ്ഞാനകോശം*

2. ഇസ്‌ലാമിക വ്യക്തിത്വങ്ങളെക്കുറിച്ച് മഹ്മൂദ് മുഹമ്മദ് ശാകിർ തയാറാക്കിയ പുസ്തക പരമ്പര

3. നദ്‌വിയുടെ *ഹ്വസ്രത്ത് ആഇശ*

4. ഡോ. അബ്ദുൽ അസീസ് ദുഖാന്റെ *ഫിത്നകാലത്തെ സംഭവങ്ങൾ* (അഹ്ദാസ് വ അഹാദീസ് ഫിത്നതിൽ ഹറജ്). ഖുലഫാഉർറാശിദുകളുടെ ഭരണകാലത്തുണ്ടായ ആദ്യത്തെ കുഴപ്പങ്ങളിൽ സ്വഹാബികൾ സ്വീകരിച്ച നിലപാടുകൾ വിശദീ

കരിക്കുന്ന ഒരു സുപ്രധാന കൃതിയാണിത്. ഇതുമായി ബന്ധപ്പെട്ട് വന്ന മിക്ക രിവായത്തുകളെയും ഇതിൽ നിശിത മായി പരിശോധിക്കുന്നുണ്ട്. നാം സ്വീകരിക്കേണ്ട നിലപാടും വ്യക്തമാക്കുന്നു. ഒരു ഡോക്ടറേറ്റ് പ്രബന്ധമാണിത്.

5. ചരിത്രത്തിലെ ഒരു ഘട്ടം (*ഹിഖ്ബതുൻ മിനത്താരീഖ്*). ഇതെഴുതിയത് ഉസ്മാനുൽ ഖമീസ്. പ്രവാചകന്റെ മരണം മുതൽ ഹുസൈന്റെ(റ) രക്തസാക്ഷിത്വം വരെ നീളുന്ന സുപ്ര ധാന ചരിത്രഘട്ടത്തിലുണ്ടായ സംഭവങ്ങളുടെ വിവരണമാണി ത്. വിശ്വാസയോഗ്യമായ റിപ്പോർട്ടുകളേ അദ്ദേഹം സ്വീകരിക്കു ന്നുള്ളൂ. മുൻഗണന കൊടുക്കേണ്ട റിപ്പോർട്ടുകൾ ഏതെന്നും വ്യക്തമാക്കുന്നു. ഈജിപ്തിലെ ഇസ്മാഈലിയ്യയിലുള്ള ഇമാം ബുഖാരി പ്രസാധനാലയമാണ് ഇതിന്റെ ഏറ്റവും നല്ല പതിപ്പിറ ക്കിയിട്ടുള്ളത്.

6. മുഹമ്മദ് അംഹസൂനിന്റെ *കുഴപ്പങ്ങളോടുള്ള സ്വഹാബി കളുടെ നിലപാട്*. ഒരു ഡോക്ടറേറ്റ് പ്രബന്ധം. നാല് ഖലീഫമാ രുടെ കാലത്തുണ്ടായ സംഭവവിവരണങ്ങളാണ് ഉള്ളടക്കം. പ്രസാധനം രിയാദിലെ മക്തബതുൽ കൗസർ.

7. അക്റം ദിയാഅ് ഉമരിയുടെ *ഖിലാഫത്തുർറാശിദയുടെ കാലം.*

8. ജമാൽ അബ്ദുൽ ഹാദി, ഡോ. വഫാ ജുമുഅ എന്നിവർ ചേർന്നെഴുതിയ *ചരിത്രത്തിലെ തിരുത്തപ്പെടേണ്ട തെറ്റുകൾ*. ഒരു ഗ്രന്ഥ പരമ്പരയാണിത്. ചില എഴുത്തുകാരും വായന ക്കാരും പ്രചുരപ്രചാരം നൽകിക്കൊണ്ടിരിക്കുന്ന ചരിത്രപരമായ അവാസ്തവങ്ങൾ ചൂണ്ടിക്കാണിക്കുകയാണ് ഇതിൽ.

9. ഡോ. അബ്ദുൽ അസീസ് ഹമീദിയുടെ *ഇസ്‌ലാമിക ചരിത്രം– നിലപാടുകളും ഗുണപാഠങ്ങളും*

10. സുലൈമാൻ ഔദയുടെ *അബ്ദുല്ലാഹിബ്നു സബഉം ആദ്യകാല ഫിത്നകളിൽ അയാൾക്കുള്ള പങ്കും.*

11. ഇസ്മാഈൽ കീലാനിയുടെ *എന്തുകൊണ്ടവർ ചരിത്ര ത്തിലും വസ്തുതകളിലും മായം ചേർക്കുന്നു?*

12. ബശ്ശാർ അവ്വാദ് മഅ്റൂഫിന്റെ *മുസ്ലിം ചരിത്ര രചനക്ക് തുടക്കം കുറിക്കുന്നതിൽ ഹദീസിന്റെ പങ്ക്.*

13. മുഹമ്മദ് സ്വാമിൽ സലമിയുടെ *ഇസ്ലാമിക ചരിത്രരചനയുടെ രീതിശാസ്ത്രം.*

14. അലി കാമിൽ ഖർആന്റെ *ചരിത്രരചനയിൽ അബൂമിഖ്നഫിന്റെ പങ്ക്*

15. ഡോ. അദ്നാൻ മുൽഹിമിന്റെ *അറബി ചരിത്രകാരന്മാരും മഹാ ഫിത്നയും.*

16. ഡോ. യഹ്യ ഇബ്റാഹീമിന്റെ *ത്വബരി ചരിത്രത്തിൽ അബൂമിഖ്നഫിന്റെ നിവേദനങ്ങൾ.*

17. മുഹമ്മദ് അബ്ദുൽ ഹമീദ് ഹസൂനയുടെ *ഇഅ്ലാമുൽ അനാം ബിമാ യജിബു നഹ്വൽ അഅ്ലാം.*

## കുറിപ്പുകൾ

1. മുഴുവൻ പേര് മുഹമ്മദുബ്നു ഉമർ അൽ വാഖിദി. ഇദ്ദേഹത്തിന്റെ വിവരണങ്ങൾ തള്ളപ്പെടേണ്ടതാണെന്ന കാര്യത്തിൽ ചരിത്ര പണ്ഡിതന്മാർക്കിടയിൽ അഭിപ്രായൈക്യമുണ്ട്. ഇക്കാര്യം *മുഗ്നി*യിൽ ദഹബി വ്യക്തമാക്കിയിട്ടുണ്ട് (2/619). ഇബ്നു ഹജർ തന്റെ *തഖ്രീബി*ൽ പറഞ്ഞത്, വാഖിദി പരന്ന അറിവുള്ളവനാണെങ്കിലും തള്ളപ്പെടേണ്ടവനാണ് എന്നാണ്. വാഖിദിയുടെ മരണം ഹി. 207-ൽ.

2. ഡോ. ജമാലുബ്നു ഫർഹാൻ സ്വാവലിയുടെ ഡോക്ടറേറ്റ് പ്രബന്ധമായ *അൽ അഹാദീസ് വൽ ആസാർ അൽ വാരിദ ഫീ കിതാബി ത്വബഖാത്തിൽ കുബ്റാ ലി ഇബ്നി സഅ്ദ്* എന്ന കൃതി കാണുക.

3. *ത്വബരിയുടെ ചരിത്രത്തെക്കുറിച്ച്* രചിക്കപ്പെട്ട ഏതാനും നിരൂപണ കൃതികൾ ഇവിടെ പരിചയപ്പെടുത്തുന്നു.

എ) *ത്വബരി ചരിത്രത്തിലെ അബൂമിഖ്നഫ്* എന്നയാളുടെ നിവേദനങ്ങൾ. ഈ പഠനം തയാറാക്കിയിരിക്കുന്നത് ഡോ. യഹ്യബ്നു ഇബ്റാഹീം അൽ യഹ്യ (ദാറുൽ ആസ്വിമ, രിയാദ്).

ബി) *കുഴപ്പങ്ങളിൽ സ്വഹാബികളുടെ നിലപാട്-ഇമാം ത്വബരിയുടെയും ഹദീസ് നിവേദകരുടെയും* നിവേദനങ്ങളിൽ. ഡോ. മുഹമ്മദ് അംഹസൂൻ (മക്തബതു കൗസർ/ രിയാദ്).

സി) *ഉസ്മാന്റെ രക്തസാക്ഷിത്വം, ജമൽ യുദ്ധം എന്നിവയെക്കുറിച്ച് ത്വബരി ചരിത്രത്തിൽ സൈഫുബ്നു ഉമർ എന്നയാളുടെ വിവരണം.*

രചന: ഡോ. ഖാലിദുബ്നു മുഹമ്മദ് അൽഗൈസ്. പ്രസാധനം: ദാറുൽ അൻദുലുസ്, അൽ ഖള്റാഅ്, ജിദ്ദ

ഡി) *ത്വബരി ചരിത്രത്തിലെ മുആവിയ കാലഘട്ടത്തിന്റെ വിവരണം- ഒരു നിരൂപണ പഠനം.*

ഇതും രചിച്ചത് ഡോ. ഖാലിദുബ്നു മുഹമ്മദ് അൽ ഗൈസ്. പ്രസാധനം: ദാറുൽ അൻദുലൂസ്, അൽ ഖള്റാഅ്, ജിദ്ദ

4. മുഹമ്മദ് സ്വാമിൽ സലമിയുടെ *മൻഹജു കിതാബതിത്താരീഖ്* എന്ന കൃതി കാണുക.

# ചരിത്രത്തെ
# വികലമാക്കിയ
# കൃതികൾ

•

# അധ്യായം അഞ്ച്

**ചില** ചരിത്രകൃതികളുണ്ട്. അവ വായിക്കുമ്പോഴും അവയിൽനിന്ന് ഉദ്ധരിക്കുമ്പോഴും നാം വളരെയേറെ സൂക്ഷ്മത പുലർത്തേണ്ടതുണ്ട്. നേരത്തെ പറഞ്ഞ തത്ത്വങ്ങളും മാനദണ്ഡങ്ങളും പാലിക്കാതെ, ചരിത്രകാരന്റെ രചനാ ശൈലിയെക്കുറിച്ച് ബോധമില്ലാതെ അത്തരം കൃതികൾ അടിസ്ഥാനമായി സ്വീകരിച്ചതുകൊണ്ടാണ് ഒട്ടുവളരെ ഗവേഷകർ അപകടകരമായ ഭീമാബദ്ധങ്ങളിൽ വീണുപോയത്. അങ്ങനെയവർ ഒരു പക്ഷം ചേരുകയും ആ പക്ഷത്തെ ന്യായീകരിക്കുകയും മറുപക്ഷത്തെ തള്ളുകയും ചെയ്യും. അല്ലെങ്കിൽ ഇസ്‌ലാമിക സമൂഹത്തിലെ ചില മഹദ് വ്യക്തികളെ താറടിച്ച് കാണിക്കും.

യഥാർഥത്തിൽ ഇത്തരം കൃതികൾ വസ്തുതകൾക്ക് നിരക്കാത്തതും, തേനോടൊപ്പം വിഷം ചേർത്ത കേവല സാഹിത്യ ഭാവനകളുമാണ്. രാക്കഥകളിലും മറ്റും അഭിരമിക്കുന്നവരുടെ അലസ രചനകളാണവ. അവർക്കെന്തെങ്കിലുമൊന്ന് കിട്ടിയാൽ മതി, അതവർ പൊലിപ്പിച്ചെഴുതുകയായി. സംഗതി സത്യമോ അസത്യമോ എന്ന നോട്ടമില്ല.

ഇത്തരം റിപ്പോർട്ടുകളും നിവേദനങ്ങളും സൂക്ഷ്മതയോടെ കൈകാര്യം ചെയ്യണമെന്ന് നാം നേരത്തെ സൂചിപ്പിച്ചു. ഇത്തരം റിപ്പോർട്ടുകൾ പ്രവാചക ശിഷ്യന്മാരുടെയും അവിടുത്തെ കുടുംബാംഗങ്ങളുടെയും ശ്രേഷ്ഠതയോ ധൈര്യമോ

ജീവിത വിരക്തിയോ ഔദാര്യമോ അർപണ മനഃസ്ഥിതിയോ സ്വഭാവ വൈശിഷ്ട്യമോ അതുപോലുള്ള മറ്റു ശ്രേഷ്ഠ ഗുണങ്ങളോ ആണെങ്കിൽ, അവ സാമാന്യ യുക്തിക്ക് നിരക്കുന്നതും വ്യക്തിയെ അമാനുഷവത്കരിക്കാത്തതും ആണെങ്കിൽ അവ പറയുന്നതിനോ എഴുതുന്നിനോ കുഴപ്പമില്ല. കാരണമത് ശരീഅത്തിന്റെ അടിസ്ഥാനങ്ങളെ പോറലേൽപ്പിക്കുന്നില്ലല്ലോ. പ്രവാചക ശിഷ്യന്മാരുടെയും നബികുടുംബത്തിന്റെയും മഹത്വത്തോട് അത്തരം പരാമർശങ്ങൾ യോജിച്ചുവരുന്നുമുണ്ടല്ലോ.

ഇനി അത്തരം റിപ്പോർട്ടുകൾ ഫിത്നകളെക്കുറിച്ചാണെങ്കിൽ, അത്തരം നിർണായക ഘട്ടങ്ങളിൽ അവർ സ്വീകരിച്ച നിലപാടുകളെക്കുറിച്ചാണെങ്കിൽ, സ്വഹാബികൾക്കും നബികുടംബത്തിനും അപകീർത്തികരമാണെങ്കിൽ, അതുമല്ലെങ്കിൽ സാമാന്യ യുക്തിക്ക് ഒട്ടും നിരക്കാത്ത കാര്യമാണെങ്കിൽ ആ റിപ്പോർട്ടുകളുടെ നിവേദക പരമ്പര നാം കണിശമായി പരിശോധിക്കണം. എന്നിട്ട് വളരെ നീതിപൂർവകമായ ഒരു വിധി പ്രസ്താവത്തിൽ എത്തണം. കാരണം, നബികുടുംബത്തെയും സ്വഹാബത്തിനെയും പഴിക്കുക എന്നത് ശരീഅത്തിനെ പഴിക്കുന്നത് പോലെ കണക്കാക്കപ്പെടും. പിന്നെ ഇത്തരം കൃതികൾ അവരുടെ ചരിത്രമറിയാനുള്ള ആധികാരിക രേഖകളേ അല്ല. ആധികാരിക രേഖകളിൽ വളരെ പ്രകാശമാനമായ നിലയിൽ അവരുടെ ചരിത്രം പതിഞ്ഞ് കിടക്കുന്നുണ്ടല്ലോ.

ഇത്തരം അവലംബനീയമല്ലാത്ത, നാം കരുതി വായിക്കേണ്ട ചില കൃതികളെക്കുറിച്ച്:

**1. അബിൽ ഫറജ് അസ്ഫഹാനിയുടെ *അൽ അഗാനി***

ഇത് പാട്ടും കൂത്തും കവിതയും രാക്കഥയുമൊക്കെ നിറഞ്ഞ ഒരു കൃതിയാണ്. ഇതിന് ചരിത്രവുമായി യാതൊരു ബന്ധവുമില്ല. പലതരം കള്ളവർത്തമാനങ്ങളും ഭ്രാന്തൻ ജൽപനങ്ങളും ഇതിൽ കാണാം. ഇസ്‌ലാമിക സമൂഹത്തിലെ മഹാരഥന്മാർക്കും ഹുസൈന്റെ(റ) പുത്രി സുകൈന പോലുള്ള നബികുടുംബത്തിലെ പ്രമുഖ വ്യക്തിത്വങ്ങൾക്കുമെതിരെ ഇതിൽ

ഒളിയമ്പുകൾ കാണാം. ഇസ്ലാമിക സമൂഹത്തിന്റെ ആത്മീയ വിശുദ്ധി എടുത്തുകളയുകയും അതിന്റെ ആധ്യാത്മിക പൈതൃകത്തിൽ നിന്ന് അതിനെ വേർപ്പെടുത്തുകയുമണ് ഇത്തരക്കാരുടെ ലക്ഷ്യം. മൂല്യങ്ങളുടെ കഥ കഴിച്ച് കഴിഞ്ഞാൽ പിന്നെ തോന്നിയ ആരോപണങ്ങളൊക്കെ ഈ മഹാന്മാർക്കെതിരെ ഉന്നയിക്കാമല്ലോ. അസ്ഫഹാനിയെപ്പോലുള്ളവരുടെ ലക്ഷ്യം ഇവരെ സംശയത്തിന്റെ നിഴലിൽ നിർത്തുക എന്നുള്ളതാണ്. സ്വഹാബത്തിനോ ആലുബൈത്തിനോ അങ്ങനെ യാതൊരു വിശുദ്ധിയും ഇല്ലെന്ന് വരുത്തിത്തീർക്കുകയാണ്.

ഇങ്ങനെ മഹദ് വ്യക്തിത്വങ്ങൾക്ക് കളങ്കമേൽപ്പിക്കുന്ന ഒട്ടേറെ പരാമർശങ്ങളുണ്ട് അസ്ഫഹാനിയുടെ *അൽഅഗാനി* എന്ന കൃതിയിൽ. പ്രവാചക കുടുംബാംഗങ്ങളുടെ ജീവിതപരിശുദ്ധിയെ വരെ അസ്ഫഹാനി ചോദ്യം ചെയ്യുന്നു. ഉദാഹരണമായി, ഹുസൈന്റെ പുത്രിയും നബിപുത്രി ഫാത്വിമയുടെ പേരക്കുട്ടിയുമായ സുകൈനയെക്കുറിച്ച പരാമർശം. ഏതൊരു വിശ്വാസിനിയെക്കുറിച്ചും അങ്ങനെ പറഞ്ഞാൽ, നാമത് വിശ്വസിക്കില്ല. എന്നിട്ടാണോ സ്വർഗത്തിലെ യുവ നേതാവ് ഹുസൈന്റെ പുത്രിയെ കുറിച്ചുള്ള പരാമർശം?

*അഗാനി* എന്ന കൃതിയിൽ ഒരിടത്ത് (17/42) ഇങ്ങനെ കാണാം. സുകൈന ഒരു ഗായകനെ സന്ദർശിക്കാറുണ്ടായിരുന്നു. ഈ ഗായകൻ അല്ലാഹുവിലേക്ക് പശ്ചാതപിച്ച് മടങ്ങുകയും ഗാനാലാപനം ഉപേക്ഷിച്ച് ആരാധനാ കർമങ്ങളിൽ മുഴുകുകയും ചെയ്ത ആളായിരുന്നു. അസ്ഫഹാനി പറയുന്നത്, ഈ ഗായകന്റെ മാനസാന്തരത്തിൽ സുകൈന ദുഃഖിതയും വ്യാകുലയും ആയിരുന്നു എന്നത്രെ. തന്റെയടുത്ത് വന്ന് ഗായകൻ പാട്ടുപാടണമെന്നാണ് സുകൈന ആഗ്രഹിക്കുന്നത്– അങ്ങനെ ആരാധനാ കർമങ്ങളിൽനിന്ന് അയാളെ പിന്തിരിപ്പിക്കണമെന്നും! അല്ലാഹു രക്ഷ! (അൽ ഇയാദുബില്ലാ!)

ഇതുപോലെ ഇനിയും ഒരുപാട് കള്ളക്കഥകൾ. അക്കാലത്ത് സുകൈന ദുഃഖിതയായിരുന്നുവെന്നത് ശരി. കർബല

യിൽ തന്റെ പിതാവും കുടുംബാംഗങ്ങളും രക്തസാക്ഷികളായ സന്ദർഭമാണ്. ഏതൊരാളും തകർന്നുപോകും, പിന്നെയുണ്ടോ ഹുസൈന്റെ പ്രിയപുത്രി സുകൈന. ഇതിനെയാണ് അസ്ഫഹാനി ഇമ്മട്ടിൽ ചിത്രീകരിച്ചിരിക്കുന്നത്.[1]

മറ്റൊരു പരാമർശം നോക്കൂ. ഹുസൈന്റെ പുത്രൻ അലിയുടെ പുത്രനാണ് സൈനുൻ ആബിദീൻ. അദ്ദേഹത്തെക്കുറിച്ചാണ് പ്രശസ്ത അറബിക്കവി ഫിറസ്ദഖ് 'ഇദ്ദേഹമല്ലോ ബത്ഹാഅ് ദേശമൊന്നാകെ അറിയുന്നയാൾ' (*ഹാദല്ലദീ തഅ്രിഫുൽ ബത്ഹാഅ...*) എന്നു തുടങ്ങുന്ന കവിതയാലപിച്ചത്. അസ്ഫ്ഹാനി പറയുന്നത്, സൈനുൽ ആബിദീനെക്കുറിച്ചല്ല ഫിറസ്ദഖ് ആ കവിത ചൊല്ലിയിട്ടുള്ളത് എന്നാണ്. അസ്ഫഹാനിയെയും അദ്ദേഹത്തിന്റെ കൃതിയെയും നിശിതമായി വിചാരണ ചെയ്യുന്ന 'യമാനി വാൾ അഗാനിക്കാരൻ അസ്ഫഹാനിയുടെ കണ്ഠത്തിൽ' (അസ്സൈഫുൽ യമാനി ഫീ നഹ്രിൽ അസ്ഫഹാനി സ്വാഹിബിൽ അഗാനി) എന്ന ഒരു പുസ്തകം ഡോ. വലീദുൽ അഅ്ളമി രചിച്ചിട്ടുണ്ട്.[2]

ഒന്നു കൂടി ആവർത്തിക്കുന്നു, ഇസ്ലാമിന്റെ ആദ്യ നൂറ്റാണ്ടുകളിൽ ജീവിച്ച മഹാരഥന്മാരെക്കുറിച്ചറിയാൻ അസ്ഫഹാനിയുടെ *അഗാനി*യിലേക്ക് തിരിയുന്നത് അപകടമാണ്. അതേസമയം കവിതയായും സാഹിത്യമായും മറ്റു വിവരണങ്ങളായും പലതും അഗാനിയിലുണ്ട്. മഹോന്നത ഗുണങ്ങളുടെ പ്രശംസയും അതിലുണ്ട്. അവ എടുത്ത് പറയുന്നതിനോ പ്രചരിപ്പിക്കുന്നതിനോ യാതൊരു തകരാറുമില്ല. ഒരു ചരിത്ര കൃതി എന്ന നിലക്ക് അതിനെ സമീപിക്കരുതെന്ന് മാത്രം.

**2. ഇബ്നു അബ്ദിറബ്ബിയുടെ *അൽഇഖ്ദുൽ ഫരീദ്***

ഇത് തമാശക്കഥകളും പുരാവൃത്തങ്ങളുമൊക്കെയുള്ള ഒരു സാഹിത്യ പുസ്തകമാണ്. ഇസ്ലാമിക ചരിത്രത്തിലെ ഒരു സുപ്രധാന കാലഘട്ടത്തെക്കുറിച്ചറിയാൻ സ്വബോധമുള്ള ആരെങ്കിലും ഈ കൃതിയെ ആശ്രയിക്കുമോ? ഈ കൃതിയുടെ സംശോധകൻ പറയുന്നത് നോക്കൂ: "ദുർബലവും പ്രബലവുമായ വിവരണങ്ങളുടെ ഒരു മിശ്രിതമാണിത്. നിവേദകരോ

നിവേദക പരമ്പരയോ ഇതിൽ ചേർത്തിട്ടില്ല. അദ്ദേഹം ആശ്രയിച്ചിട്ടുള്ള സ്രോതസ്സുകൾ അവലംബിക്കാൻ കൊള്ളുന്നതുമല്ല."[3]

**3. ഇബ്നു ഖുതൈബ എഴുതി എന്ന് പറയപ്പെടുന്ന 'ഇമാമത്തും രാഷ്ട്രീയവും' (*അൽ ഇമാമത്തു വസ്സിയാസ*)**

ഇത് ഇബ്നു ഖുതൈബയുടെ മേൽ കെട്ടിയേൽപ്പിച്ച ഒരു പുസ്തകമാണെന്നതിന് നിരവധി തെളിവുകളുണ്ട്.

എ) ഇബ്നു ഖുതൈബയുടെ ജീവചരിത്രമെഴുതിയ ആരും ഇങ്ങനെയൊരു കൃതി അദ്ദേഹം എഴുതിയതായി പറയുന്നില്ല.

ബി) ഈ പുസ്തകത്തിന്റെ രചയിതാവ് ഇബ്നു അബീ ലൈല എന്നൊരാളിൽനിന്ന്, അദ്ദേഹത്തിൽനിന്ന് നേരിൽ കേട്ട പോലെ ഉദ്ധരിക്കുന്നുണ്ട്. ഇബ്നു അബീ ലൈല എന്നയാളുടെ യഥാർഥ പേര് മുഹമ്മദ് ബ്നു അബ്ദിർറഹ്മാനു ബ്നു അബീ ലൈല എന്നാണ്. ഫിഖ്ഹ് പണ്ഡിതനും കൂഫയിലെ ഖാദിയും ആയിരുനു. മരിച്ചത് ഹി. 148–ൽ. ഇബ്നു ഖുതൈബ ജനിക്കുന്നത് തന്നെ ഹി. 213–ൽ ആണ്. അബൂ ലൈല മരിച്ച് 65 വർഷങ്ങൾക്ക് ശേഷം!

സി) പുസ്തകം വായിക്കുന്നവന് ഒറ്റ നോട്ടത്തിൽ മനസ്സിലാകും, ഗ്രന്ഥകർത്താവ് മഗ്‌രിബിലും ദിമിശ്ഖിലും താമസിച്ചിട്ടുണ്ടെന്ന്. എന്നാൽ ഇബ്നു ഖുതൈബ ബഗ്ദാദിൽ നിന്ന് ദൈന്നൂറിലേക്കല്ലാതെ മറ്റൊരിടത്തേക്കും പോയിട്ടില്ലെന്ന് പരക്കെ അറിവുള്ള കാര്യമാണ്.

ഇതെല്ലാം വെച്ച് ഒന്നിലധികം ഗവേഷകർ ഈ പുസ്തകം ഇബ്നു ഖുതൈബയുടെ പേരിൽ കെട്ടിച്ചമച്ചതാണെന്ന് സമർഥിച്ചിട്ടുണ്ട്. ഗവേഷകരിൽ ചിലർ:

– ഡോ. സർവത് ഉക്കാശ. ഇബ്നു ഖുതൈബയുടെ മആരിഫ് എന്ന കൃതിക്ക് എഴുതിയ സംശോധനാ കുറിപ്പിൽ. ഉക്കാശ തൊള്ളായിരത്തി അറുപതുകളിൽ ഈജിപ്തിലെ സാംസ്കാരിക മന്ത്രിയായിരുന്നു.

– ഇബ്നു ഖുതൈബയുടെ 'ഉയൂനുൽ അഖ്ബാർ' എന്ന കൃതിയുടെ ആമുഖത്തിൽ മുഹമ്മദുൽ ഇസ്കൻദറാനി.

– *മജല്ലത്തുൽ അബ്ഹാസിൽ ഗബ്റാഈൽ ജബ്ബൂർ*

– ഇബ്നു ഖുതൈബയുടെ 'അൽമൈസിറു വൽ ഖദാഅ്' എന്ന കൃതിയുടെ ആമുഖത്തിൽ മുഹിബ്ബുദ്ദീൻ ഖത്തീബ്.

– *മജല്ലത്തുൽ അബ്ഹാസിൽ* ഡോ. മുഹമ്മദ് നജ്മ് എഴുതിയ ലേഖനം.

**4. മസ്ഊദിയുടെ *മുറൂജുദ്ദഹബ്***

ഈ കൃതിയിൽ നിവേദക പരമ്പരകളില്ല. കെട്ടുകഥകളും അത്ഭുത കഥകളുമാണ് സർവത്ര. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ പറയുന്നു: "മസ്ഊദിയുടെ ചരിത്രകൃതിയിലെ കെട്ടുകഥകളുടെ എണ്ണം അല്ലാഹുവിനേ അറിയൂ! കള്ളക്കഥകളുടെ പേരിൽ അറിയപ്പെടുന്ന ഒരു കൃതിയിലെ നിവേദക പരമ്പരയില്ലാത്ത ഒരു വിവരണം പിന്നെ എങ്ങനെ വിശ്വസിക്കാനാണ്?"[4]

ഇബ്നു ഖൽദൂൻ എഴുതുന്നു: "മസ്ഊദിയുടെയും വാഖിദിയുടെയും കൃതികളിൽ വിശ്വസ്തരായ നിവേദകർ അവലംബിക്കാൻ കൊള്ളാത്തത്, കെട്ടിച്ചമച്ചത് എന്നൊക്കെ വ്യക്തമായി പറഞ്ഞ കാര്യങ്ങളുണ്ട്."[5]

**5. മുഅ്തസിലിയായ ഇബ്നു അബീ ഹദീദിന്റെ *ശറഹു നഹ്ജിൽ ബലാഗ***

നിവേദകരുടെ ബലാബലം പരിശോധിക്കുന്ന പണ്ഡിത വൃത്തങ്ങളിൽ അത്യന്തം ദുർബലമാണ് ഈ കൃതി. ഇതിന്റെ രചനാ കാരണം തന്നെ ഒട്ടുവളരെ സംശയങ്ങൾ ഉയർത്തുന്നുണ്ട്. താത്താറുകളുടെ കൈകളാൽ ബഗ്ദാദിൽ ഒരു മില്യൻ മുസ്‌ലിംകൾ കൊല്ലപ്പെടാൻ കാരണക്കാരനായ ഇബ്നുൽ അൽഖമി എന്ന മന്ത്രിക്ക് വേണ്ടിയാണത്രെ ഈ കൃതി രചിച്ചത്.[6] ഖവാൻസാരിയെപ്പോലുള്ള വളരെപ്പേർ ഈ ഗ്രന്ഥകാരനെയും ഗ്രന്ഥത്തെയും വിമർശിച്ചിട്ടുണ്ട്. 'വിവരമില്ലാത്തവൻ, ദുഷിച്ച വീക്ഷണവും ചിന്താഗതിയുമുള്ളവൻ, സ്വയം വഴിതെറ്റിയവൻ, ഒരുപാട് പേരെ വഴിതെറ്റിച്ചവൻ' എന്നൊക്കെയാണ് ഗ്രന്ഥകാരനെക്കുറിച്ച് മീർസാ ഹബീബുല്ലാ ഖൂഈ എഴുതുന്നത്. ആ പുസ്തകത്തെക്കുറിച്ചാണെങ്കിൽ ഖൂഈയുടെ അഭി

പ്രായം ഇതാണ്. 'ആത്മാവില്ലാത്ത ജഡം; കാമ്പിലേക്കിറങ്ങാതെ തൊലിപ്പുറമെ കറങ്ങുന്നു; കാര്യമായി പ്രയോജനമൊന്നുമില്ല, കേട്ടാൽ അതൃപ്തി തോന്നുന്ന, ശുദ്ധ പ്രകൃതിക്ക് ഉൾക്കൊള്ളാനാവാത്ത വ്യാഖ്യാനങ്ങൾ.'

**6. സലീമുബ്നു ഖൈസിന്റെ *അസ്സഖീഫ***

അജ്ഞാതനാണ് ഈ ഗ്രന്ഥകർത്താവ്. എല്ലാവരും അതീവ ദുർബലം എന്ന് വിശേഷിപ്പിച്ച കൃതി. നബികുടുംബത്തെ താറടിച്ച് കാണിക്കുന്ന ഒട്ടുവളരെ പരാമർശങ്ങൾ. ധീരശൂരപരാക്രമിയും ഇസ്‌ലാമിക ലോകത്തിന്റെ അധിപനുമായിരുന്ന അലി(റ)യെക്കുറിച്ച് കള്ളക്കഥകൾ ഇതിൽ ചേർത്തിട്ടുണ്ട്. ഉദാഹരണത്തിന്:

–തന്റെ അവകാശം (ഭരണത്തിനുള്ള) ചോദിച്ച് വാങ്ങാൻ അലി ഭീരുത്വം കാണിച്ചു (നഊദുബില്ലാഹ്!)

– അബൂബക്കറിൽനിന്ന് ഖിലാഫത്ത് തട്ടിയെടുക്കാൻ അൻസ്വാറുകളോടും മുഹാജിറുകളോടും സഹായമർഥിക്കുന്നതിനായി അലി തന്റെ ഭാര്യയായ ഫാത്വിമയെ രാത്രി കഴുതപ്പുറത്ത് കയറ്റി അയച്ചു.

– ഖുർആന്റെ ശരിയും സമ്പൂർണവുമായ പ്രതി അലി ഒളിപ്പിച്ചുവെച്ചു. അങ്ങനെ അപൂർണമായ ഖുർആൻ പ്രതി ജനങ്ങൾ അവലംബിക്കാൻ ഇടയായി!

തന്റെ ഭാര്യയും സ്വർഗത്തിൽ സ്ത്രീരത്നങ്ങളുടെ നേതാവുമായ ഫാത്വിമയെ പ്രവാചക ശിഷ്യർ തന്റെ കൺമുമ്പിൽ വെച്ച് തല്ലുന്നത് കണ്ട് അലി ഒന്നനങ്ങുക പോലും ചെയ്യാതെ അത് നോക്കിനിന്നു– മറ്റൊരു കള്ളക്കഥ. ഇങ്ങനെ ആധികാരിക ചരിത്ര സ്രോതസ്സുകളിൽ വന്ന വിവരണങ്ങൾക്ക് കടകവിരുദ്ധമായ പച്ചക്കള്ളങ്ങൾ. സമാന്യ ബോധമുള്ള ഒരാളെയും ഇവ തൃപ്തിപ്പെടുത്തുകയില്ല. ജനങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കുകയും യഥാർഥ വസ്തുതകളിൽനിന്ന് അവരെ വഴിതിരിച്ചുവിടുകയും ചെയ്യുന്ന ഇത്തരം പരാമർശങ്ങൾ കരുതിയിരിക്കണമെന്ന് ആയത്തുല്ല മുഹമ്മദ് ഫദ്‌ലുല്ലയെ പോലുള്ള ആളുകൾ

മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഒരിക്കൽ ഉമർ ബ്നുൽ ഖത്ത്വാബ് അലിയുടെ വീട്ടിലേക്ക് ഇടിച്ചു കയറിയെന്നും വാതിൽ തകർക്കുകയോ തീവെക്കുകയോ ചെയ്ത ശേഷം ഫാത്വിമ യുടെ വാരിയെല്ല് അടിച്ചുപൊട്ടിച്ചെന്നും അത് ഫാത്വിമയുടെ ഗർഭസ്ഥ ശിശു അലസിപ്പോകാൻ കാരണമായെന്നും സലീ മുബ്നു ഖൈസ് എന്നയാൾ എഴുതിപ്പിടിപ്പിച്ചിട്ടുണ്ടെന്ന് കണ്ടെ ത്തുന്ന മുഹമ്മദ് ഫദ്ലുല്ല, ഇതൊരാൾക്കും അംഗീകരിക്കാനാ വാത്ത നുണക്കഥയാണെന്നും സർവരാലും ആദരിക്കപ്പെടുന്ന ഫാത്വിമ(റ)യെപ്പോലുള്ള ഒരു മഹതിക്ക് നേരെ ഒരാളും ഇങ്ങനെ ചെയ്യില്ലെന്നും ഓർമപ്പെടുത്തുന്നു.[7]

ഈ അഭിപ്രായത്തെ ഉസ്താദ് അഹ്മദ് കാതിബിനെപ്പോ ലുള്ള ധാരാളം ഗവേഷകർ പിന്തുണച്ചിട്ടുണ്ട്.[8] എന്നാൽ വികല മാക്കപ്പെട്ട ചരിത്രത്തെ നേരെയാക്കാനും തിരുത്താനുമുള്ള ഫദ്ലുല്ലയുടെ ശ്രമങ്ങൾ ചില കടുത്ത പക്ഷപാതികൾക്ക് ഒട്ടും രസിച്ചിട്ടില്ല. അവർ ഫദ്ലുല്ലയെ കാഫിറാക്കാനും അദ്ദേഹ ത്തിന്റെ ഈമാനിലും ആത്മാർഥതയിലും സംശയിക്കാനും വരെ ധൃഷ്ടരായി. തെറ്റായ രിവായത്തുകൾ സ്വീകാര്യമല്ല എന്ന് പറഞ്ഞതിന്റെ പേരിലാണിതെല്ലാം. ഇതേക്കുറിച്ച് കൂടുതൽ അറിയണമെന്നുള്ളവർ മുഹമ്മദ് ബാഖിർ സ്വാഫിയുടെ *ഫിത്നത്തു ഫള്ലില്ല* (ഫള്ലുല്ലയുടെ ഫിത്നകൾ), ജഅ്ഫറുൽ ആമിലിയുടെ *മഅ്സാതുസ്സഹ്റാഅ്* (ഫാത്വിമയുടെ ദുരന്തം) തുടങ്ങിയ കൃതികൾ കാണുക.

ചുരുക്കത്തിൽ, എന്തുകൊണ്ടും തിരസ്കരിക്കപ്പെടേണ്ട, സംശയാസ്പദമായ കാര്യങ്ങൾ മാത്രം കുത്തിനിറച്ച ഒരു കൃതി യാണ് *സഖീഫ*. 'ഇത് വിശ്വാസയോഗ്യമല്ല, ഇതിലധികവും എടുക്കാൻ കൊള്ളുകയില്ല, കലർപ്പും ഭ്രംശവും വന്നിരി ക്കുന്നു'എന്ന് *തസ്ഹീഹു ഇഅ്തിഖാദാതിൽ ഇമാമിയ്യ* (5/149) എന്ന കൃതിയിൽ കാണാം. 'കെട്ടിച്ചമച്ചുണ്ടാക്കിയ ഒട്ടേറെ പ്രചാ രത്തിലുള്ള കഥകളുണ്ട് ഇതിൽ' എന്ന് ഗളാഇരി.[9] ഹലി പറയു ന്നത് 'കെട്ടിച്ചമച്ച ഗ്രന്ഥം, പരസ്പര ഭിന്നമായ നിവേദനങ്ങൾ' എന്നാണ്.[10] പുസ്തകത്തിൽ പരാമർശിക്കപ്പെടുന്ന അബ്വാ

നുബ്നു അയാശ് എന്നയാൾ കള്ളം ചമക്കുന്നയാളാണെന്നും സലീമുബ്നു ഖൈസിന്റേതായി പറയപ്പെടുന്ന ഈ പുസ്തകം തന്നെ ഇയാൾ ചമച്ചുണ്ടാക്കിയതാണെന്ന് സംസാരമുണ്ടെന്നും ഹലി വെളിപ്പെടുത്തുന്നു.

അബ്ബാനുബ്നു അയാശിന്റെ ജീവചരിത്രകുറിപ്പിൽ ഗളാ ഇരി പറയുന്നു: "ഇയാൾ വിശ്വസിക്കാൻ കൊള്ളാത്തവനാണ്. സലീമുബ്നു ഖൈസിന്റെ പേരിൽ ഇയാൾ പുസ്തകം കെട്ടിച്ചമ ക്കുകയായിരുന്നുവെന്ന് നമ്മുടെ ആൾക്കാർ കരുതുന്നു."[11] ഇതേ അഭിപ്രായം തന്നെ ഹാശിം മഅ്റൂഫും പ്രകടിപ്പിച്ചിട്ടുണ്ട്.[12]

**7. അബ്ദുൽ അസീസ് ജൗഹരിയുടെ *അസ്സഖീഫ***

യാതൊരു ആധികാരികതയോ മൂല്യമോ ഇല്ലാത്ത ഒരു വിലക്ഷണ കൃതിയാണിത്. അതിന് നിരവധി കാരണങ്ങളുണ്ട്.

ഒന്ന്, ഗ്രന്ഥകർത്താവ് നിവേദനങ്ങളുടെ ബലാബലം പരി ശോധിക്കുന്ന പണ്ഡിതന്മാർക്കിടയിൽ സ്വീകാര്യനല്ല. *നഹ്ജുൽ ബലാഗ*ക്ക് വ്യാഖ്യാനമെഴുതിയ ഇബനു അബിൽ ഹദീദ് മാത്ര മാണ് ജൗഹരി വിശ്വസിക്കാൻ കൊള്ളുന്നവനാണെന്ന് പറഞ്ഞി ട്ടുള്ളത്. ഈ ഇബ്നുൽ ഹദീദ് തന്നെ വിശ്വസിക്കാൻ കൊള്ളാ ത്തവനാണെന്നാണ് പണ്ഡിതമതം. ജൗഹരിയെക്കുറിച്ച് ഖൂഈ പറയുന്നത് ഇപ്രകാരമാണ്: "ജൗഹരിയുടെ വിശ്വാസ്യത സ്ഥിര പ്പെട്ടിട്ടില്ല. കാരണം ഇബ്നു ഹദീദിന്റെ തന്നെ വിശ്വാസ്യത സംശയത്തിലാണല്ലോ."[13]

രണ്ട്, *അസ്സഖീഫ* എന്ന ഈ പുസ്തകം പാരായാണം ചെയ്യുമ്പോൾ മുമ്പാരും ഒരു ചരിത്ര ഗ്രന്ഥത്തിലും പറഞ്ഞിട്ടി ല്ലാത്ത അപരിചിത സംഭവങ്ങളാണ് നാം കാണുന്നത്. വിശ്വാസ യോഗ്യമായ ഒരു ചരിത്ര രേഖയിലും അത്തരം സംഭവങ്ങൾ പരാമർശിച്ചിട്ടുമില്ല. ഇത് ഗ്രന്ഥകാരന്റെയും ഗ്രന്ഥത്തിന്റെയും വിശ്വാസ്യതയിൽ സംശയം ജനിപ്പിക്കുന്നു. ഇസ്ലാമിക ചരിത്ര ത്തിലെ വളരെ നിർണായകമായ ഒരു ഘട്ടത്തെക്കുറിച്ചാണ് ഈ പരാമർശങ്ങളത്രയും എന്ന് വരുമ്പോൾ പ്രത്യേകിച്ചും. വ്യക്തമായ തെളിവുകളോ വിശ്വാസയോഗ്യമായ നിവേദക പര മ്പരകളോ ഇല്ലാതെ അത്തരം പരാമർശങ്ങൾ സ്വീകരിക്കാൻ

യാതൊരു നിവൃത്തിയുമില്ല.

മൂന്ന്, *അസ്സഖീഫ*യിലെ മിക്ക സംഭവങ്ങളുടെയും നിവേദക പരമ്പര ദുർബലമാണ്; നിവേദകർ വിശ്വാസയോഗ്യരല്ലാത്തവരും. ഉദാഹരണത്തിന് 'നമ്മോട് അഹ്മദ് ബ്നു ഇസ്ഹാഖ് പറഞ്ഞു' എന്നു തുടങ്ങുന്ന ഒരു നിവേദക പരമ്പരയുണ്ട് ഈ കൃതിയിൽ. പിന്നെ പറയുന്നത് 'സഊദുൽ അൻസ്വാരി തന്റെ ആളുകളിൽനിന്ന് ഉദ്ധരിച്ചു' എന്നാണ്. ആരാണീ അഹ്മദ് ബ്നു ഇസ്ഹാഖ്? നമുക്കറിയില്ല! ആരാണീ 'സഊദിന്റെ ആൾക്കാർ?' അല്ലാഹുവിനു മാത്രമറിയാം!![14]

**8. *യഅ്ഖൂബിയുടെ ചരിത്രം***

ഈ കൃതിയുടെ വിവരസ്രോതസ്സുകളിലധികവും വാഖിദി, അബൂ മിഖ്നഫ് ലൂത്ത് ബ്നു യഹ്‌യ എന്നിവരിൽനിന്ന് സ്വീകരിച്ചതാണ്. ഇടക്കിടെ മുറിഞ്ഞു പോയ നിവേദക പരമ്പരകൾ കാണിച്ചാണ് ഇതിലധിക വിവരണങ്ങളും വന്നിട്ടുള്ളത്. പദപ്രയോഗങ്ങളിൽ തന്നെ നിവേദക പരമ്പര വിശ്വാസയോഗ്യമല്ല എന്നതിന് തെളിവുകൾ ധാരാളം. 'പറയപ്പെട്ടു', 'ഉദ്ധരിക്കപ്പെട്ടു', 'ചിലർ ഉദ്ധരിക്കുന്നു', 'ചിലർ പറയുന്നു' എന്നിങ്ങനെയുള്ള പ്രയോഗങ്ങളുടെ ആധിക്യം തന്നെ ചരിത്രപരമായ ബലഹീനതയെ കുറിക്കുന്നുണ്ടല്ലോ.[15]

ഇദ്ദേഹം എഴുതുന്നത് നബികുടുംബത്തിന്റെയും നബിശിഷ്യരുടെയും ചരിത്രമാണ് എന്നാണ് പറയുന്നത്. എന്നാൽ അബൂബക്കർ, ഉമർ, ഉസ്മാൻ(റ) എന്നിവരെ പരാമർശിക്കുമ്പോൾ ഖലീഫ എന്ന വിശേഷണം ചേർക്കാതിരിക്കാൻ ഇദ്ദേഹം ശ്രദ്ധിക്കുന്നു. ഇത് ധാർഷ്ട്യമല്ലാതെ മറ്റെന്താണ്? എന്നാൽ അലി(റ)യെ പരാമർശിക്കുമ്പോൾ 'നബിയുടെ വസ്വിയ്യ്' (നബി പ്രത്യേകമായി വസ്വിയ്യത്ത് ചെയ്തയാൾ) എന്ന് കൂട്ടിച്ചേർക്കുകയും ചെയ്യുന്നു. ഇത് വ്യക്തമായ വിവേചനമാണ്. നബികുടുംബത്തിന്റെയും നബിശിഷ്യരുടെയും ചരിത്രമെഴുതുന്നവർക്ക് ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തത്. ചില മഹാന്മാരായ സ്വഹാബികളോടുള്ള ശത്രുതാ മനോഭാവമാണ് ഇവിടെ വെളിപ്പെടുന്നത്. മുൻധാരണകൾ വെച്ചാണ് ചരിത്രമെ

ഴുതാൻ തുടങ്ങിയതെന്നർഥം. ഇതിന്റെ വിശ്വാസ്യത നഷ്ടപ്പെടുത്തിയതും മറ്റൊന്നല്ല.

യഅ്ഖൂബിയുടെ പുസ്തകത്തിന് രണ്ട് ഭാഗമുണ്ട്.

ഒന്ന്, കഴിഞ്ഞുപോയ സമൂഹങ്ങളെക്കുറിച്ച കെട്ടുകഥകളും പുരാവൃത്തങ്ങളും. പ്രവാചകന്മാരുടെ ജീവചരിത്രമെഴുതുമ്പോൾ ഇഞ്ചീലും തൗറാത്തുമൊക്കെയാണ് അദ്ദേഹത്തിന്റെ മുഖ്യാവലംബങ്ങൾ. യാതൊരു സംശയങ്ങൾക്കുമിടയില്ലാത്ത ഖുർആന്റെ ചരിത്ര വിവരണങ്ങളാകട്ടെ ഇദ്ദേഹമൊട്ട് സ്വീകരിക്കുന്നുമില്ല. കൂടുതലൊന്നും പറയേണ്ടതില്ലല്ലോ...

രണ്ട്, നബിയുടെ ചരിത്രവും പിന്നെ സംക്ഷിപ്തമായി ഖലീഫമാരുടെ ചരിത്രവും. വാലും തലയും മുറിഞ്ഞ നിവേദക പരമ്പരകളിലൂടെ വന്ന വിവരണങ്ങളും പിന്നെ കെട്ടുകഥകളും നിർലോഭം.

അതിനാൽ വൈജ്ഞാനികമായി യാതൊരു മൂല്യവുമില്ല ഈ യഅ്ഖൂബീ കൃതിക്ക്. ഇതിനെക്കുറിച്ച് ഡോ. മുഹമ്മദ് സ്വാമിൽ അസ്സലമി പറയുന്നത് കാണുക: “ഇസ്‌ലാമിക ചരിത്ര രചനയിലെ വക്രീകരണത്തിനും വികൃതമാക്കലിനും മികച്ച ദൃഷ്ടാന്തമാണ് ഈ കൃതി. ഇസ്‌ലാമിക ചരിത്രത്തെയും അതിലെ മഹാരഥന്മാരെയും കരിവാരിത്തേക്കാൻ പാശ്ചാത്യരും ഓറിയന്റലിസ്റ്റുകളും മുഖ്യാവലംബമാക്കിയതും ഈ കൃതിയെത്തന്നെ.”[16]

ഹമൂയത്തിയുടെ *ഫറാഇദുസ്സമതീൻ*, അബുൽ ഫിദാഇന്റെ *അൽമുഖ്തസ്വറു ഫീ അഖ്ബാരി സയ്യിദിൽ ബശർ* എന്നീ കൃതികളും ഒട്ടും അവലംബനീയമല്ലാത്ത, കെട്ടുകഥകൾ നിറഞ്ഞ കൃതികളിൽ പെടുന്നു.

## സമാപനം

ഖുർആന്റെയും ഹദീസിന്റെയും അന്തസ്സത്ത ഉൾക്കൊണ്ട്, ആദ്യകാല ഇസ്‌ലാമിക സമൂഹത്തിന്റെ ജീവിതവിശുദ്ധിയും ശ്രേഷ്ഠതയും മനസ്സിലാക്കി വളരെ സൂക്ഷ്മതയോടെ ചെയ്യേണ്ട കാര്യമാണ് ഇസ്‌ലാമിക ചരിത്ര രചന എന്നാണ് ഈ

പുസ്തകത്തിൽ നാം സമർഥിക്കാൻ ശ്രമിച്ചത്. ഏതൊക്കെ കൃതികളെ അവലംബിക്കാം, ഏതൊക്കെ കൃതികളെ അവലം ബിച്ചുകൂടാ എന്നും നാം വ്യക്തമാക്കി. ചരിത്ര രചനയിലോ പാരായണത്തിലോ അലസതയും സൂക്ഷ്മതക്കുറവും വന്നു പോയാലുള്ള അപകടവും തുറന്നുകാട്ടി.

ഇതെല്ലാം വെച്ച് ഒറ്റ കാര്യം കൂടി ഉണർത്തട്ടെ. ഇസ്‌ലാ മിക ചരിത്രമെഴുതുന്നവനോ വായിക്കുന്നവനോ ഭാവനയുടെ ചിറകിലേറി പറക്കരുത്. അങ്ങനെ വരുമ്പോൾ ആ ഭാവന ക്കൊത്ത് ഒട്ടേറെ സംഭവങ്ങൾ അവന് പടക്കേണ്ടിവരും. അതിന നുസരിച്ച് വിധിന്യായങ്ങൾ പുറപ്പെടിക്കേണ്ടിവരും. അത് ചരിത്ര ത്തോട് ചെയ്യുന്ന കടുത്ത അനീതിയും അക്രമവുമാണ്. ചരിത്ര യാഥാർഥ്യങ്ങളെ കുഴിച്ചുമൂടാനേ അത് ഉപകരിക്കൂ.

ഈ ഗ്രന്ഥരചന ഒരു മനുഷ്യയത്നമാണെന്ന് ഓർമ വേ ണം. തെറ്റുകൾ വന്നപോകാൻ സാധ്യതകളുണ്ട്. തെറ്റുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെങ്കിൽ സദയം ചൂണ്ടിക്കാട്ടുക. താങ്കളുടെ അഭിപ്രായങ്ങളും അറിയിക്കുക. വായക്കാരന്റെ അഭിപ്രായ ങ്ങൾക്ക് ഞങ്ങൾ വലിയ വില കൽപിക്കുന്നു. പുതിയ പതി പ്പിൽ അവ കൂടി ചേർക്കാമല്ലോ. അങ്ങനെ വിജ്ഞാന പ്രചാര ണമെന്ന ഈ മഹത് ദൗത്യത്തിൽ താങ്കൾക്കും പങ്കുചേരാം. അല്ലാഹു അനുഗ്രഹിക്കട്ടെ.

## കുറിപ്പുകൾ

1. ഇക്കാര്യം മുഹമ്മദുൽ മജ്ദൂബിന്റെ *അൽ അഗാനി വസ്സൈഫുൽ യമാനി* എന്ന ലേഖനത്തിൽ (മജ്ലത്തുൽ ജാമിഅ അൽ ഇസ്‌ലാമിയ്യ) വന്നിട്ടുണ്ട്.

2. അസ്ഫഹാനിയുടെ ജീവചരിത്രമറിയാൻ മുഅ്ജമുൽ മുഅല്ലഫീൻ (2/234) എന്ന കൃതി കാണുക. ഈ വിഷയകമായി മുഹമ്മദ് അഹ്മദ് ഖല ഫുല്ലാഹ്, ശഫീഖ് ജബ്‌രി എന്നിവരുടെ പഠനങ്ങളുണ്ട്.

3. ഇബ്നു തൈമിയ പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ച അൽ ഇഖ്ദുൽ ഫരീദിന്റെ ആമുഖം (1/16) കാണുക. റശീദു രിദാ തന്റെ തഫ്സീറുൽ മനാ റിലും (5/85) ഇത് സംബന്ധമായി എഴുതിയിട്ടുണ്ട്.

4. മിൻഹാജുസ്സുന്ന 4/84

5. താരീഖു ഇബ്നു ഖൽദൂൻ, മുഖദ്ദിമ (പേജ് 9).

6. ഖവാൻസാരിയുടെ റൗളാത്തുൽ ജന്നാത്ത് 5/20,21)

7. മുഹമ്മദുൽ ജസാഇരിയുടെ 'ഉമ്മത്തുൻ ഫീ റജുലി മുഹമ്മദ് ഹുസൈൻ ഫദ്ലുല്ല' എന്ന കൃതി (പേജ് 219) കാണുക

8. 'ഫദ്ലുല്ല യഖൂദു സൗറതൻ സഖാഫിയ്യ വ യശ്ഖൂ മിനൽ ഇർഹാബ്' (അൽ ഹയാത്ത് ദിനപത്രം 2.1.1999) എന്ന ലേഖനം കാണുക. ഫാതിമ(റ)യെക്കുറിച്ച കെട്ടുകഥകളെ പൊളിച്ച് കാട്ടുന്ന ഒരു പഠനവും അഹ്മദ് കാതിബ് തയാറാക്കിയിട്ടുണ്ട്. അതിന്റെ ശീർഷകം– *ഉസ്തൂറതു മള്ലൂമിയ്യത്ത് അസ്സുഹറാ*

9. ഇബ്നുൽ ഗളാഇരിയുടെ *അർരിജാൽ*, പേജ് 119

10. കിതാബു രിജാൽ ലി ഇബ്നി ദാവൂദിൽ ഹലി, പേജ് 107

11. ഇബനുൽ ഗളാഇരിയുടെ അർറിജാൽ, പേജ് 36

12. ഹാശിം മഅ്റൂഫ് അൽ ഹസനിയുടെ അൽ മൗളൗആത്ത് ഫിൽ ആഥാരി വൽ അഖ്ബാർ, പേജ് 184

13. ഖൂഈയുടെ 'മുഅ്ജമു രിജാലിൽ ഹദീസ്' 2/142


14. അൽബാനിയുടെ 'അസ്സിൽസിലത്തു ള്ളഈഫ' 4972–ാം ഹദീസിനെക്കുറിച്ച പരാമർശം.


15. താരീഖുൽ യഅ്ഖൂബി 2/168–171

16. മൻഹജു കിതാബത്തിത്താരീഖിൽ ഇസ്ലാമി, 521

## من إصداراتنا
## More Others







دار التعريف بالإسلام
ISLAM PRESENTATION
ipb@gmail.com - www.ipbshop.com

للمساهمة معنا في مشروع طباعة الكتب: 22444117 - 24713897

الإدارة الفروانية - ق٤ - ش٤ - بناية رقم 127 - فاكس: 24713875 - ص.ب 1615 الصفاة 13017 - الكويت
المعرض: الكويت - شارع فهد السالم - خلف مسجد 301 صالح - تليفاكس: 22427383